

# ചക്രം

*Time spins,*
*We shine*

Annual College Magazine 2025-26

T.I.M TRAINING COLLEGE - NADAPURAM



ഇവിടെ മുതൽ ചക്രമുരുണ്ടുതുടങ്ങുന്നു....




# T.I.M TRAINING COLLEGE

NADAPURAM
Affiliated To University Of Calicut
Nadapuram PO, Calicut District, Kerala, India
Phone : 0496-2083868 I Mobile : 9447040134 I E-mail : timtcndm@gmail.com

T.I.M. Training College is established by Tha-Aleemul Islam Committee Nadapuram in 2005 with the broad objective of providing education for the prospective teachers. The aim is to create, intellectually competent, spiritually mature, morally upright, psychologically integrated, secular minded, and truthful human teachers for tomorrow.

# ANNUAL COLLEGE MAGAZINE 2025-26



Chief Editor : Dr. Nadeer Chathoth
Staff Editor : Smitha
Staff Advisor : Vidya Vijayan
Student Editor: Fathima Nasifa.A.K
Sub Editor : Athul C.S
Design & Print : PrintAds
Nadapuram, 9037024703

# EDITORIAL





**Chief Editor :** Dr.Nadeer Chathoth



**Staff Editor**
Smitha PC



**Student Editor**
Fathima Nasifa.A.K



**Sub Editor**
Athul CS



Noora Fathima K



Ruksana.E



Geya.J.Raveendran



Abhiram Krishna



Muhammed Rishad.C



Thushar



Fathimath Suhara.K



Shivya Santhosh



Sneha Nandana RN



Sredha Jayaprakash



Minha



Ardra Suresh

# T.I.M COMMITTEE OFFICE BEARERS



**PRESIDENT**
NARIKOLIL HAMEED HAJI



**SECRETARY**
V.C IQBAL



**MANAGER**
BANGLATH MUHAMMED

**VICE PRESIDENT**



K.G ASEES



KARAYATH HAMEED HAJI

**JOINT SECRETARY**



KURUMBETH KUNHABDULLA



ERATH IQBAL



**TREASURER**
KOMATH FAISAL

# OUR PILLARS OF STRENGTH

## TEACHING STAFF



**Dr. Nadeer Chathoth**
*Principal*



**Nimisha Vijayan**
*Assistant Professor in Natural Science*



**Sajitha V**
*Assistant Professor in General Education*



**Sirajudheen V.P**
*Assistant Professor in Physical Science*



**Aneesa A.K**
*Assistant Professor in Physical Science*



**Sherinmol Thomas**
*Assistant Professor in Physical Education*



**Linda A**
*Assistant Professor in Social Science*



**Abdul Hameed**
*Assistant Professor in General Education*



**Jilna Raj**
*Assistant Professor in Social Science*



**Vidhya Vijayan**
*Assistant Professor in English*



**Sabira M.K**
*Assistant Professor in General Education*



**Smitha PC**
*Assistant Professor in Mathematics*



**Muhammed Ansar**
*Assistant Professor in English*



**Vipin**
*Assistant Professor in Arts & Drama*



**Krishnamol E.K**
*Assistant Professor in Physical Education*



**Surendran A.P**
*Assistant Professor in General Education*

## NON TEACHING STAFF



**Sajeera K.K**
*Superintendent*



**Haridasan**
*Office Administrator*



**Athira Sreedharan**
*Librarian*



**Naseema M.M**
*Clerk*



**Reena C.V**
*Typist*



**Rajan P**
*Storekeeper*



**Leela K**
*Helper*



# Wishes for Chakram

It brings me great joy that our college is publishing this year's annual magazine. My expectation is that it will provide a valuable avenue for members of the college community to share their insights on various significant themes including social issues, topical events , teacher professional development and eucational philosophy as a whole.

I extend my sincerest congratulations to student editor Fathima Nasifa A.K, Sub editor Athul C.S, Staff Editor Smitha P.C and the entire Educational Board. Your unwavering determination, commitment , hard work and team work are truly commendable. I offer my heartfelt blessings and best wishes for your continued success.



**Dr. Nadeer Chathoth**
**Principal**

## STAFF EDITOR NOTE



SMITHA P.C

# ചക്രത്തെക്കുറിച്ച് നിങ്ങളോട് പറയാൻ



ഒരു അധ്യാപികയായി ഞാൻ
കാലത്തെ വായിക്കുകയാണ് ..
ഓരോ തലമുറയുമുന്നയിക്കുന്ന
ചോദ്യോദുദ്ധാരണികൾക്ക്
നേരത്തിന്റെ തേരോട്ടത്തിനൊപ്പം
മാറിമറിയുന്ന മറുപടികളാണ് ...

' ചക്രം ' സമയത്തിന്റെ ചക്രത്തിൽ
ജീവിതം കറങ്ങുകയാണ് ..
പാഠപുസ്തകങ്ങളിൽ സമയം
ഒരു അളവായിട്ടാണ് കാണുന്നത് ..

സെക്കൻഡുകൾ , മണിക്കൂറുകൾ ,ഷെഡ്യൂളുകൾ ...

പക്ഷെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് 'സമയത്തിന്റെ
ചക്രം ഓടുന്നത് നമ്മെ ചുമന്നുകൊണ്ടല്ല ..
മറിച്ചു നമ്മിലൂടെ അർത്ഥം തേടിക്കൊണ്ടാണ് ..

ഈ മാഗസിൻ 'ചക്രം' നമ്മുടേതായ വഴി കണ്ടെത്താൻ
അവസരം നൽകുന്നൊരു ചലനമാണ്...
ഞാൻ വിശ്വസിക്കുന്നു .. ഇതിലെ ഓരോ വരികളും
നിങ്ങളുടെ ഹൃദയത്തിൽ വിലപ്പെട്ട നല്ല നേരങ്ങളെ സ്മരിക്കാനും
തള്ളിപ്പറഞ്ഞ നിമിഷങ്ങളെ വിലമതിക്കാനും സഹായിക്കുമെന്ന് ...



**FATHIMA NASIFA .A.K**

# STUDENT EDITOR NOTE

നേരം
അത് ഒരു വാക്കല്ല, ഒരു പ്രവാഹമാണ് —
നമ്മെ മുന്നോട്ടു കൊണ്ടുപോകുന്ന, ചിലപ്പോഴൊക്കെ നിർത്തി നിൽപ്പിക്കുന്ന
ഒരു ശബ്ദമില്ലാ അധ്യാപകൻ...
മാഗസിന്റെ തുടക്കക്കാലത്തെ മുന്നോട്ട് കൊണ്ടുപോകുവാനുള്ള സമയങ്ങളെക്കുറിച്ചു
എനിക്ക് വ്യാകുലപ്പെടേണ്ടി വന്നില്ല ..
എന്നാൽ നേരം നമ്മളെ കാത്തുനിൽക്കാതെ മുന്നോട്ട് കറങ്ങിത്തിരിച്ചപ്പോൾ പാതിവഴിയിൽ
ഇനിയെന്തെന്നുള്ള ചോദ്യശരങ്ങൾ മിന്നിമറഞ്ഞൊരു നിമിഷവും എന്നിലൂടെ
കടന്നുപോയിട്ടുണ്ട്...

ഒരിക്കലും മടങ്ങിയെത്താത്ത സമയത്തിന്റെ മൂല്യങ്ങളെക്കുറിച്ചു ഞാൻ പഠിച്ചു —
ഓരോ നിമിഷവും നമുക്ക് വിലയുള്ളതാണ്.
പഠനത്തിലും, സൗഹൃദത്തിലും, സ്വപ്നങ്ങളിലും — സമയം നമ്മെ പരീക്ഷിക്കുന്നു, വളർത്തുന്നു, ശക്തമാക്കുന്നു.
അവസരങ്ങൾ നഷ്ടപ്പെടുമ്പോൾ അത് നമ്മെ പാഠം പഠിപ്പിക്കുന്നു, വിജയങ്ങൾ നേടുമ്പോൾ അത് വിനയം പഠിപ്പിക്കുന്നു.
സമയം എന്നത്, ജീവിതത്തിന്റെ നിശ്ശബ്ദ ഗുരുവാണ്.
ഈ മാഗസിൻ അതിനാൽ ഒരു പ്രസിദ്ധീകരണം മാത്രമല്ല.
ഇത് നമ്മുടെ അനുഭവങ്ങളുടെ ഒരു സമാഹാരമാണ്;
വിദ്യാർത്ഥികളുടെ ചിന്തകളും പ്രതിഭകളും ഒന്നിച്ച് ഒഴുകുന്ന ഒരു പ്രവാഹം.
ഇവിടെയുള്ള ഓരോ രചനയും, സമയത്തിന്റെ കയ്യൊപ്പുള്ള ചെറു കഥകളാണ് —
വളർച്ചയുടെ, പ്രതീക്ഷയുടെ, ഓർമ്മകളുടെ കഥകൾ.
സമയം നമ്മെ ഓർമ്മിപ്പിക്കുന്നു — നാളയെ കാത്തിരിക്കാതെ, ഇന്നത്തെ നിമിഷം മനോഹരമാക്കാൻ ശ്രമിക്കുക.
സമയത്തോട് മത്സരം ചെയ്യാതെ, അതിനൊപ്പം ചേർന്ന് സഞ്ചരിക്കുക.
അതിലാണ് ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം...

# ചക്രത്തിന്റെ താളുകൾ മറിക്കുമ്പോൾ




15 ടി.ഐ.എം നാൾവഴികൾ

17 സമയത്തിന്റെ വില

19 Priceless Memories

20 എനിക്കായി ഇത്തിരി നേരം

22 B.Ed days: A treasure trove of Memories

24 Remembering what Remains

25 വായനയുടെ വഴികൾ എഴുത്തിന്റെയും

30 പ്രതീക്ഷയാം പ്രണയം

31 ഒരിത്തിരി നേരം

32 When human hurt the earth

33 നിമിഷം

35 Moving On

## ചക്രത്തിന്റെ താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 36 | ചോർന്നൊലിക്കുന്ന മുറി |
| 37 | Time's Relentless Flow |
| 38 | The Gift of Now |
| 39 | Once Feared, Now Faded? The Changing Face of Teachers |
| 42 | Aപരിചിതർ |
| 43 | കാലത്തിന്റെ കരകൗശലം |
| 44 | ബാല്യത്തിന്റെ കരുതലുറ്റ ഭവനം |
| 47 | നീയും ഞാനും |
| 48 | The Shape of Time |
| 49 | ചോരയുറ്റുന്ന മുനമ്പുകൾ |
| 51 | ഒരു നഷ്ടപ്രണയത്തിന്റെ ഓർമ്മയ്ക്ക് |
| 52 | വൈകുന്നേരം |
| 53 | Time Doesn't Heal. It Watches. |
| 55 | നേരം |
| 56 | സാക്ഷി |
| 57 | കാത്തിരിപ്പിന്റെ ഖബറും ജന്നാത്തിന്റെ വാതിലും |
| 58 | റൂബിക്സ് ക്യൂബ് |
| 60 | ഉടലാഴം |
| 62 | സമയം |

## ചക്രത്തിന്റെ താളുകൾ മറിക്കുമ്പോൾ


63 നേരത്തിന്റെ യാത്ര

64 മുഅല്ലിം

66 നേരങ്ങളിലെ ഞങ്ങൾ

67 നഷ്ടപ്പെട്ട നിറങ്ങൾ

70 Beyond the Ordinary

71 ഗുരുകുലത്തിൽ നിന്ന് ഗൂഗിൾ ക്ലാസ്റൂമിലേക്ക് വിദ്യാഭ്യാസകാല യാത്ര

73 നിഴൽ

74 A Letter to my future

77 ഹൃദയാഘാതം

78 Frozen Memories in Manali

80 ഈ നേരം

81 എന്റെ അച്ഛൻ

83 കാലം മായ്ക്കാത്ത ഓർമ്മകൾ

85 നേരത്തിന്റെ ഒഴുക്ക്

86 പുഞ്ചിരിക്കൂ ഇത് നിന്റെ വലിയ ദിവസമാണ്

89 ഓർമ്മയുടെ വിരലടയാളം

90 മൻ മേം മണാലി

96 അവസാനമായി നിങ്ങൾ പൂർണമായും സന്തോഷിച്ചത് എപ്പോഴാണ്

98 പെൺകുട്ടി



വരൂ
യാത്ര
തുടങ്ങാം.

# ടി.ഐ.എം നാൾവഴികൾ




പള്ളി ദർസുകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഒരു കാലഘട്ടത്തിൽ മത വിദ്യഭ്യാസ സാംസ്ക്കാരിക രംഗത്ത് 1960 ലാണ് ശ്രദ്ധേയമായ മാറ്റങ്ങൾക്ക് നാദാപുരത്ത് വഴിയൊരുങ്ങിയത്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിലെ പ്രമുഖ പണ്ഡിതനും സാമൂഹ്യപരിഷ്കർത്താവുമായ ജനാബ് പറവണ്ണ മൊയ്തീൻകുട്ടി മുസ്ല്യാർ പ്രശസ്ത വിദ്യാഭ്യാസ പരിഷ്കർത്താവായ ജനാബ് അത്തോളി മൊയ്തു സാഹിബ് എന്നിവരുടെ നേതൃത്വപരമായ പങ്കാണ് ഇവിടെ ഒരു മദ്രസാ വിദ്യാഭ്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.

തഅലീമുൽ ഇസ്ലാം മദ്രസയിലൂടെ ആരംഭിച്ച് ഇന്ന് വടകര വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസിയായി ത.അലീമുൽ ഇസ്ലാം കമ്മിറ്റി മാറിക്കഴിഞ്ഞു. 1964 ൽ സൊസൈറ്റിസ് റജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് നാളിതുവരെ കേന്ദ്ര സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1979 ലാണ് കമ്മിറ്റിക്ക് കീഴിൽ കേരളസർക്കാർ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച് മുഹമ്മദ് കോയയുടെ ആശിർവ്വാദത്തോടെ ടി.ഐ.എം. ഗേൾസ് ഹൈസ്കൂൾ സ്ഥാപിതമാവുന്നത്. തുടർന്ന് 1997 ൽ അതിന് കീഴിൽ പ്ലസ് ടു കൂടെ അനുവദിച്ചു കിട്ടുകയുണ്ടായി. മൂന്ന് സയൻസ് ബാച്ചുകളും, രണ്ട് കൊമേഴ്സ് ബാച്ചുകളും, ഒരു ഹ്യുമാനിറ്റീസ് ബാച്ചുമുള്ള ഹയർസെക്കറി സ്കൂൾ പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തുന്ന സ്ഥാപനമാണ്.

ഐഡിയൽ ഇസ്ലാമിക് സൊസൈറ്റിയുടെ കീഴിൽ നടന്നു വന്നിരുന്ന അൽഹുദ ഇസ്ലാമിക് നഴ്സറി സ്കൂൾ 1996 ൽ ത. അലിമുൽ ഇസ്ലാം കമ്മിറ്റിയുടെ കീഴിൽ ലയിപ്പിക്കുകയും അതിനു ശേഷം ഏഴാം തരം വരെയുള്ള ക്ലാസുകൾക്ക് കേരളസർക്കാറിൽ നിന്നുള്ള അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. 2005 ലാണ് വലിയ നിയമയുദ്ധങ്ങളിലൂടെ ടി.ഐ.എം ട്രെയിനിംഗ് കോളേജ്, കമ്മിറ്റിക്ക് അനുവദിച്ചു കിട്ടിയത്. തുടക്കം തന്നെ 100 കുട്ടികളുമായി ആരംഭിച്ച

സ്ഥാപനം ഇന്ന് രണ്ട് ബാച്ചുകളിലായി 200 വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ ഏറ്റവും നല്ല റിസൽട്ടാണ് ഈ വിദ്യാഭ്യാസ സ്ഥാപനം നേടിവരുന്നത്.

എൻ.സി.ടി.ഇ യും കേരള സർക്കാരും അംഗീകരിച്ച കാലിക്കറ്റ് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ സ്ഥാപനം, കാഴ്ചപ്പാടുള്ള അധ്യാപക വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുക, ബുദ്ധിപരമായി കഴിവുള്ള, ആത്മീയമായി പക്വതയയുള്ള, ധാർമ്മികമായി സത്യസന്ധരായ ആളുകളെ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളുമായി മുന്നോട്ട് പോകുന്നു. ഇംഗ്ലീഷ്, ഗണിതം, പ്രകൃതിശാസ്ത്രം, ഭൗതികശാസ്ത്രം, സാമൂഹികശാസ്ത്രം എന്നീ അഞ്ച് ഓപ്ഷണൽ വിഷയങ്ങളിൽ ബി.എഡ് ബിരുദം നൽകുന്നു. അക്കാദമിക് മേഖലകളിലും മറ്റ് മേഖലകളിലും സേവനം ലഭ്യമാക്കുന്ന അക്കാദമിക് യോഗ്യതയുള്ളതും പ്രൊഫഷണലായി അർപ്പണ ബോധമുള്ള അധ്യാപകരുടെ ഒരു സംഘത്താൽ കോളേജ് സമ്പന്നമാണ്.

വിവിധ ക്ലബുകളിലൂടെയും ഫോറങ്ങളിലൂടെയും വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിന് ഇത് അധികവേദികൾ നൽകുന്നു. വിദ്യാർത്ഥികൾക്കിടയിൽ കോളേജ് അറിവിന്റെയും ജ്ഞാനത്തിന്റെയും വെളിച്ചം പരത്തുകയും, അതുവഴി സമൂഹത്തിൽ അക്കാദമിക് മികവിന്റെയും സാംസ്കാരിക ചലനാത്മകതയുടെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

കമ്മിറ്റിയുടെ കീഴിൽ ഒരു ജൂനിയർ കോളേജും, ബോർഡിംഗ് മദ്രസയും സ്ഥാപിക്കാനാവശ്യമായ ആലോചനകളും ചർച്ചകളും നടന്നു വരുന്നു.

ഇന്ന് നമ്മുടെ സ്ഥാപനം വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പുതിയ ഉയരങ്ങൾ കീഴടക്കുകയും സമൂഹത്തിൽ അംഗീകാരം നേടുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ, ഈ മഹത്തായ സംരംഭത്തിന്റെ പാത തെളിയിച്ച സാമൂഹ്യ പരിഷകർത്താക്കളെയും മുന്നണി പ്രവർത്തകരെയും നമുക്ക് ആത്മാർത്ഥമായ ആദരവോടെ ഓർക്കാം. അവരുടെ ദർശനവും ത്യാഗവും തന്നെയാണ് ഇന്നത്തെ നമ്മുടെ ക്യാമ്പസിന്റെയും മാനേജ്മെന്റിന്റെയും മുഖമുദ്ര.



# സമയത്തിന്റെ വില

> നാം എല്ലാവരും നിസാരമായി കരുതുന്നതും എന്നാൽ വളരെ പ്രധാനപ്പെട്ടതുമായ ഒരു കാര്യത്തെ കുറിച്ചാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്.



**Fairoossa P**
2nd Year Physical Science

ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ചോദിച്ചു : "ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ളതെന്താണ്?
"ഒന്നാമന്റെ ഉത്തരം രത്നം എന്നായിരുന്നു. രണ്ടാമൻ പറഞ്ഞത് സ്വർണം എന്നുമായിരുന്നു. ഇതൊന്നും ശരിയല്ല എന്നായിരുന്നു ഗുരുവിന്റെ മറുപടി. ശിഷ്യന്മാർക്ക് അത്ഭുതമായി, അപ്പോൾ ഗുരു അവരോടായി പറഞ്ഞു, "സമയമാണ് ഏറ്റവും വിലപിടിപ്പുള്ള വസ്തു. സമയം വേണ്ട വിധത്തിൽ ഉപയോഗിക്കുന്നവനാണ് ഏറ്റവും വലിയ സമ്പന്നൻ. "

ജനനത്തിനും മരണത്തിനും ഇടയിലുള്ള ഒരു ഹ്രസ്വ യാത്രയാണ് മനുഷ്യജീവിതം. ഈ ഗ്രഹത്തിൽ നമുക്ക് ഒരേപോലെ വിധിക്കപ്പെട്ട ഒരു വിഭവമേ ഉള്ളൂ, അത് സമയമാണ്. നിങ്ങൾക്കും എനിക്കും അമേരിക്കൻ പ്രസിഡന്റിനും ഇന്ത്യൻ പ്രധാന മന്ത്രിക്കും ലോകത്തുള്ള എല്ലാവർക്കും 24 മണിക്കൂർ സമയം മാത്രമേ ഉള്ളൂ എന്നതാണ് സത്യം. പ്രഗത്ഭരായവരിൽ പലരും സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിച്ചവരാണ്.



സമയത്തിനെക്കുറിച്ചുള്ള ഒരു പ്രസിദ്ധമായ ഉദ്ധാരണിയുണ്ട്. അത് സമയത്തിന്റെ മൂല്യം നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. അതിൽ ഇങ്ങനെ പറയുന്നു : "ഒരു വർഷത്തെ വില അറിയണമെങ്കിൽ ഒരു കോഴ്സിൽ തോറ്റ് ഒരു വർഷം നഷ്ട്ടപ്പെട്ട വിദ്യാർത്ഥിയോട് ചോദിക്കുക, ഒരു മിനിറ്റിന്റെ വില അറിയണമെങ്കിൽ ഒരു മിനിറ്റ് കൊണ്ട് ട്രെയിൻ നഷ്ട്ടപ്പെട്ട യാത്രക്കാരനോട് ചോദിക്കുക, ഒരു സെക്കന്റിന്റെ വില അറിയണമെങ്കിൽ ഒളിംപിക്സിൽ വെള്ളി മെഡൽ നേടിയ അത്‌ലെറ്റിനോട് ചോദിക്കുക. "

സമയവും ജീവിതവുമാണ് ലോകത്തിലെ മികച്ച അധ്യാപകർ. സമയം നല്ല രീതിയിൽ വിനിയോഗിക്കാൻ ജീവിതം പഠിപ്പിക്കുമ്പോൾ ജീവിതത്തിന്റെ മൂല്യത്തെ കുറിച്ച് സമയം പഠിപ്പിക്കുന്നു. കടന്നുപോകുന്ന ഓരോ നിമിഷവും പണത്തേക്കാൾ അമൂല്യമാണ്. പണം നഷ്ടപ്പെടുത്തിയവന് അത് പിന്നീട് എപ്പോഴെങ്കിലും വീണ്ടെടുക്കുവാൻ കഴിഞ്ഞുവെന്ന് വരാം എന്നാൽ സമയം നഷ്ടപ്പെടുത്തിയവന് പിന്നീട് ഒരിക്കലും തന്നെ വീണ്ടെടുക്കാൻ സാധിക്കില്ല.

സമയവും തിരകളും ആർക്കു വേണ്ടിയും കാത്തു നിൽക്കാറില്ല. സമയത്തെ നിയന്ത്രിക്കുവാൻ നമുക്കാവില്ല. എന്നാൽ സമയത്തിനനുസൃതമായി നമ്മളെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ ലക്ഷ്യങ്ങളും സ്വപ്നങ്ങളും സാക്ഷാത്കരിക്കണമെങ്കിൽ നമ്മുടെ സമയം വിവേകത്തോടെ ചിലവഴിക്കേണ്ടതുണ്ട്. ആത്മവിശ്വാസ കുറവുകൊണ്ടോ അല്ലെങ്കിൽ മടികൊണ്ടോ പല കാര്യങ്ങളും പിന്നീടേക്ക് മാറ്റി വെക്കുന്നവരാണ് നമ്മളിൽ പലരും. അത് ഒരു പരാജിതന്റെ പ്രവണതയാണ്. ഓരോ കാര്യവും അതാത് സമയത്തുതന്നെ ചെയ്തു തീർത്താൽ അത് വളരെ ലളിതമായി നമുക്ക് അനുഭവപ്പെടും.

സമയത്തിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയാത്തവരാണ് നമ്മളിൽ പലരും, പ്രധാനമായും നമ്മുടെ പുതുതലമുറ. അമൂല്യമായ രത്നങ്ങൾ നാം എത്ര ഗൗരവത്തിലാണോ സൂക്ഷിക്കുന്നത് അതിലേറെ പരിഗണന സമയം അർഹിക്കുന്നു. എന്നാൽ ഇന്നത്തെ കാലത്ത് നമ്മൾ നെറ്റ് വർക്കിംഗ് സൈറ്റുകളിൽ ധാരാളം സമയം പാഴാക്കുന്നു. ഈ ആപ്പുകൾ നമ്മുടെ സമയത്തിന്റെ വലിയൊരു ഭാഗം കവർന്നെടുക്കുന്നതിനാൽ നമ്മൾ എന്താണ് നഷ്ടപ്പെടുത്തുന്നതെന്ന് നമുക്ക് മനസ്സിലാകുന്നില്ല. വെറുതെ സമയം കളയുന്നതിന് പകരം പുതിയ കാര്യങ്ങൾ പഠിക്കാനും മനസ്സിലാക്കാനും ഈ സോഷ്യൽ മീഡിയയും ആപ്പുകളും മറ്റും ഉപയോഗപ്പെടുത്തണം. കൂടാതെ ഇവയുടെ ദൈനംദിന ഉപയോഗത്തിന് നാം ഒരു നിയന്ത്രണം ഏർപ്പെടുത്തണം.

സമയത്തിന്റെ അമൂല്യത മനസ്സിലാക്കി പ്രവൃത്തിക്കുകയും സമയത്തെ ബഹുമാനിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കപ്പെടും. പറഞ്ഞ വാക്കും എറിഞ്ഞ കല്ലും പോയ സമയവും ഒരിക്കലും തിരിച്ചെടുക്കാൻ കഴിയില്ല. "നമുക്ക് സ്വന്തമെന്ന് പറയാവുന്നത് ഈ ഒരു നിമിഷമാണ്, അതിനെ നിധിയായി കണ്ടുകൊണ്ട് പാഴാക്കാതിരിക്കാം. ഒരു ഫ്രഞ്ച് പഴമൊഴി നിങ്ങളെ ഓർമിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കട്ടെ "ലോകത്തിലെ മുഴുവൻ സമ്പത്തു കൊണ്ട് ശ്രമിച്ചാലും നഷ്ടപ്പെട്ട ഒരു നിമിഷത്തെ വീണ്ടെടുക്കാൻ സാധിക്കുകയില്ല ".



സമയ മാനേജ്മെന്റിന് സഹായിക്കുന്ന ചില നുറുങ്ങുകൾ നോക്കാം :

- രാവിലെ നേരത്തെ എഴുനേൽക്കുക. അത് നിങ്ങളുടെ ദിവസത്തിന് കൂടുതൽ ദൈർഘ്യം നൽകുന്നു.
- ചെയ്യേണ്ട കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കികൊണ്ടാണ് ഓരോ ദിവസവും ആരംഭിക്കേണ്ടത് (List of task).
- പ്രാധാന്യവും അടിയന്തരവും അടിസ്ഥാനമാക്കി ജോലികൾക്ക് മുൻഗണന നൽകുക. (Prioritise the task)
- അത്യാവശ്യമല്ലാത്ത ജോലികൾ /പ്രവർത്തനങ്ങൾ ഒഴിവാക്കുക. അല്ലെങ്കിൽ ഡെലിഗേഷൻ ചെയ്യുക (മറ്റൊരാളെ ഏൽപ്പിക്കാം).
- മുൻകൂട്ടി ആസൂത്രണം ചെയ്ത കാര്യങ്ങൾ കൃത്യമായി ചെയ്തുവോ എന്ന് വിലയിരുത്തുക. എവിടെയാണ് പിഴവുകൾ സംഭവിച്ചതെന്ന് കണ്ടെത്തുക, തിരുത്തുക.

# Priceless Memories

Memories are priceless treasures,
They gather gently in our minds.
Day filled with laughter and delight,
Moments glowing,heart so bright.

Little joke that made us giggle,
warm hugs that made our heart wiggle.
Cherished times that still remain,
Lovable teachers, friends without disdain

School days,our golden era
We long to relieve them,but by bit
The days we shared inside our class,
Have etched memories that always last

Memories live on forever,
In our hearts, they'll leave us never...
Though we journey in the present,
Past joys feel so omnipresent .

We gaze them through time's wide glass,
Yet, they slip through - to far to grasp.
Still, my heart yearns to rewind,
To those sweet days we left behind.

To laugh,to learn,to feel that grace,
To treasure every smiling face
And when the final bell did say,
We cried together on the last day.



**Fathima Farhana**
2nd Year English



**Amaya A**
2nd Year Mathematics

# എനിക്കായി ഇത്തിരി നേരം

ഒരുപാടു വർഷങ്ങൾക്കുശേഷം എന്റെ മുറിയിലേക്ക് ഇന്ന് വെളിച്ചം കടന്നുവന്നു. വർഷങ്ങളായി അന്ധകാരമാണ് എന്റെ അച്ഛനും അമ്മയും സുഹൃത്തുമെല്ലാം. അന്ധകാരം എന്നെ തേടി വന്നതായിരുന്നില്ല, ഞാൻ അന്ധകാരം തേടി പോയതാണെന്നു പറയാം. അല്ലെങ്കിലും എന്റെ ജീവിതത്തിൽ എപ്പോഴാണ് വെളിച്ചം കടന്ന് വന്നിട്ടുള്ളത്? ബാല്യം പോലും ഇരുട്ടറയല്ലേ?

ബിസിനസ്സ് ജീവിതത്തിൽ എപ്പോഴും നെട്ടോട്ടം ഓടുന്ന അച്ഛനും അമ്മയ്ക്കും ഞാൻ എന്ന അവരുടെ മകളെ ഒരിക്കൽ പോലും പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. എന്റെ വാക്കുകൾ കേൾക്കാനോ, സ്കൂളിലെ അനുഭവങ്ങൾ പങ്കുവെയ്ക്കാനോ, എന്റെ കഴിവിനെ കണ്ടെത്താനോ അവർക്കു സമയം ഉണ്ടായിരുന്നില്ല.



എല്ലാം പണം കൊണ്ടു നേടാമെന്നു അവർ വിശ്വസിച്ചു. എന്റെ ബാല്യം പോലും പണത്തിന്റെ തുലാസിൽ ആടിക്കൊണ്ടിരുന്നു. സ്നേഹം കിട്ടാതെ,പരിഗണന കിട്ടാതെ, എന്റെ ജീവിതത്തെ കുറിച്ച് ഞാൻ കരഞ്ഞു തീർക്കുന്ന ഓരോ രാത്രികളിലും അവർക്ക് പറയാനുള്ളത് ബിസിനസ്സ് രംഗത്തെ ലാഭ നഷ്ട കണക്കുകളാണ്. പുറമെ കാണുന്നവർക്ക് ഞാൻ സൗഭാഗ്യവതിയാണ്, എന്നാൽ ഞാൻ എന്ന കൊച്ചു കുഞ്ഞിന്റെ വിങ്ങലുകൾ ആർക്കും മനസ്സിലാക്കാൻ സാധിച്ചില്ല. ബാല്യം മുരടിച്ചുപോയ എനിക്ക് കൗമാരത്തെക്കുറിച്ച് എന്ത് പ്രതീക്ഷിക്കാനുണ്ടാവും?

പക്ഷെ ജീവിതത്തിൽ അപ്രത്യക്ഷമായി കടന്നു വന്ന ആ വ്യക്തി എനിക്ക് എല്ലാം എല്ലാമായി. ഞാൻ അദ്ദേഹത്തെ ആദ്യമായ് കണ്ടത് സ്കൂളിന്റെ മുന്നിലെ ഒരു കടയിലായിരുന്നു. അയാൾ എന്നെ നോക്കി പുഞ്ചിരിക്കാൻ തുടങ്ങി. ഇത് ഒരു പതിവുകാഴ്ചയായി മാറി. പോകെ പോകെ ഞാനും ആ പുഞ്ചിരിയെ സ്നേഹിക്കാൻ തുടങ്ങി. ഞാനും അയാളെ നോക്കി പുഞ്ചിരിച്ചു.

ഒരു പുഞ്ചിരിയിൽ തുടങ്ങിയത് പിന്നീട് എപ്പോഴോ ഞാൻ പോലും അറിയാതെ പ്രണയത്തിലേക്ക് വഴിമാറി. ഒരു പുഞ്ചിരിയിലൂടെ എങ്ങനെ ഒരാളെ പ്രണയിക്കാൻ കഴിയും എന്നതായിരിക്കും ചോദ്യം? എന്നാൽ സ്നേഹം എന്താണെന്നും അത് ലഭിക്കാത്ത എന്നെപോലുള്ളവർക്ക് ഒരു പുഞ്ചിരി നൽകുന്ന ആനന്ദം എത്രമാത്രം ആണെന്നും ആർക്കും നിർവചിക്കാൻ സാധിക്കില്ല. അയാളെ ഞാൻ പ്രണയിക്കാൻ തുടങ്ങി. അയാൾ തരുന്ന മധുരമിഠായികൾ സ്നേഹത്തോടെ ഞാൻ സ്വീകരിച്ചു. ദിവസങ്ങൾ കഴിയുംതോറും അയാളെക്കാളും അയാൾ നൽകുന്ന മധുരമിഠായികളിൽ ഞാൻ അടിമപ്പെടാൻ തുടങ്ങി. ആ മിഠായികൾ എന്റെ ജീവിതം നിയന്ത്രിക്കുന്നതായി തോന്നി. എനിക്ക് ഇതിൽ നിന്നും പുറത്തു കടക്കാൻ കഴിയാതെ കൂടുതൽ കൂടുതൽ ആ കുരുക്കിൽപെട്ട് മുറുകി തുടങ്ങിയിരുന്നു.


എന്റെ ജീവിതം അയാൾ സമർത്ഥമായി കബളിപ്പിച്ചിരിക്കുന്നു. എന്റെ ദൗർബല്യത്തെ അദ്ദേഹം മുതലെടുത്തു. ഒരുപാടു വൈകിപ്പോയി. ഞാൻ വീണ്ടും അയാളെ സമീപിച്ചു. ഇതിൽ നിന്നും തന്നെ സ്വതന്ത്രമാക്കാൻ അപേക്ഷിച്ചു .പക്ഷെ അയാളിൽ നിന്നും എനിക്ക് ഒരു മുക്തിയില്ലായെന്നു അദ്ദേഹം തന്റെ പ്രവർത്തികളിലൂടെ കാട്ടി തന്നു. ഞാൻ അയാളുടെ കളിപ്പാവയായി മാറി . അയാൾ കീ കൊടുക്കുന്ന വെറുമൊരു കളിപ്പാവ.

പിന്നെ എന്റെ ജീവിതം തെറ്റുകളിൽ നിന്ന് തെറ്റുകളിലേക് സഞ്ചരിച്ചു. ആരോടെങ്കിലും ഈ കാര്യങ്ങൾ പറയാൻ ആഗ്രഹിച്ചു. പക്ഷെ ആരോട് പറയാൻ? തനിക്കു വേണ്ടി സമയം പോലും കണ്ടെത്താൻ സാധിക്കാത്ത അച്ഛനമ്മയോടോ?
ആരോടും ഒന്നും പറഞ്ഞില്ല . ഒരു കഷ്ണം മിഠായിക്കായി ഞാൻ വീണ്ടും വീണ്ടും തെറ്റിന്റെ പാതകൾ സഞ്ചരിച്ചു. സ്വയം നശിക്കുന്നതോടൊപ്പം മറ്റുള്ളവരെയും നശിപ്പിക്കാനായി ഞാൻ കൂട്ടുനിന്നു. ലഹരി അത്രമാത്രം എന്നെ കീഴ്പ്പെടുത്തിക്കളഞ്ഞിരുന്നു.

എന്നെങ്കിലും ഈ തെറ്റുകൾ എന്നെ വിഴുങ്ങുമെന്നും എനിക്ക് ഉറപ്പായിരുന്നു. അതു കൊണ്ട് തന്നെ ഞാൻ എവിടെയും പോവാതെ മുറിയടച്ചു നിന്നു. ലഹരിയിൽ നിന്നും സ്വതന്ത്രമാവാൻ സ്വയം തീരുമാനിച്ചു. എന്നാൽ അത് അത്ര എളുപ്പമായിരുന്നില്ല. എന്റെ മാനസികനില തകരാൻ തുടങ്ങി.

ആയുധങ്ങൾ ഉപയോഗിച്ച് സ്വയം മുറിവേൽപ്പിക്കുന്നത്തിൽ ഞാൻ ആനന്ദം കണ്ടെത്തി. പോക പോകെ ഞാനൊരു ഭ്രാന്തിയായി മാറി കഴിഞ്ഞിരുന്നു. ഒരു ഭ്രാന്താശുപത്രിയുടെ ഇരുട്ടുമുറിക്കുള്ളിലെ ചങ്ങലയിൽ ബന്ധിക്കപ്പെട്ടു പിന്നീടുള്ള എന്റെ ജീവിതം.

ഇന്ന് എന്നെ നോക്കാൻ എന്റെ അച്ഛനും അമ്മയ്ക്കും സമയമുണ്ട്. അത് കാണുമ്പോൾ എനിക്ക് പുച്ഛമാണ്. ഒരു പക്ഷെ അന്ന് അവർ എനിക്ക് വേണ്ടി ഇത്തിരി സമയം മാറ്റിവെച്ചിരുന്നെങ്കിൽ എന്റെ ജീവിതം ഈ ചങ്ങലയ്ക്കുള്ളിൽ ബന്ധിക്കപ്പെടില്ലായിരുന്നു. ഒരുപക്ഷെ ഇതായിരിക്കാം ദൈവം എനിക്കായി നിയോഗിച്ചിട്ടുള്ള ജീവിതം.
ഇത് എന്റെ മാത്രം ജീവിത കഥയല്ല. പലരുടെയും ജീവിത കഥയാണ്.എന്നെ പോലെ വഞ്ചിക്കപ്പെട്ട അറിഞ്ഞും അറിയാതെ പോയതുമായ ഒരുപാടു പേരുടെ ജീവിതം.



# B.Ed days: A treasure trove of memories



വളരെ അപ്രതീക്ഷിതമായിട്ടാണ്  ഞാൻ ടി.ഐ.എം ട്രെയിനിങ് കോളേജിൽ ജോയിൻ ചെയ്യുന്നത്. കുട്ടിക്കാലം മുതലേ ടീച്ചർ ആവണം എന്നതായിരുന്നു ആഗ്രഹമെങ്കിൽകൂടി ബി.എഡ്  ചെയ്യുമെന്ന് ഒട്ടും പ്രതീക്ഷിച്ചതല്ല , കാരണം ഒരു കോളേജ് ടീച്ചർ ആവണം എന്നതായിരുന്നു ആഗ്രഹം.  സ്കൂൾ കുട്ടികളെ മാനേജ് ചെയ്യാൻ ഉള്ള ക്ഷമ എനിക്കുണ്ടോ എന്ന പേടി ആയിരുന്നു ഉള്ളിൽ. പക്ഷെ എം.എസ്.സി കഴിഞ്ഞ് വീട്ടിൽ ഇരിക്കുമ്പോഴാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ബി.എഡ്ന് അപ്ലൈ ചെയ്യാൻ ഉള്ള നോട്ടിഫിക്കേഷൻ വരുന്നത്. വെറുതെ അപ്ലൈ ചെയ്തിടാം എന്ന് തീരുമാനിച്ചു. ട്രയൽ അലോട്മെന്റിൽ ടി. ഐ. എം ൽ തന്നെകിട്ടി. അപ്പോഴേക്കും ബി. എഡി നു തന്നെ പോകാമെന്ന തീരുമാനത്തിൽ എത്തിയിരുന്നു. പക്ഷെ ടി. ഐ. എം, എന്റെ മനസ്സിലേ ഇല്ലായിരുന്നു. വീട്ടിൽ നിന്ന് വെറും 10 മിനിറ്റ് മാത്രമാണ് കോളേജിലേക്കുള്ളത് . എം.എസ്.സി പുറത്ത് നിന്നു ചെയ്തതുകൊാവണം,  ബി.എഡും ദൂരെ എവിടെനിന്നെങ്കിലും തന്നെ ചെയ്യണം എന്ന ആഗ്രഹം മനസ്സിൽ വന്നത്. പക്ഷേ ആ ആഗ്രഹത്തിനു വിപരീതമായി, ഞാൻ പ്രതീക്ഷിച്ച കോളേജിൽ എനിക്ക് അഡ്മിഷൻ കിട്ടിയില്ല. അവസാനം ടി. ഐ. എം  ൽ തന്നെ ചേർന്നു.

രണ്ടു വർഷത്തെ ബി. എഡ് കോഴ്സ് കംപ്ലീറ്റ് ചെയ്ത്, ഇവിടെ നിന്ന് പടിയിറങ്ങുമ്പോൾ അന്ന് ഞാൻ ആഗ്രഹിച്ച കോളേജിൽ അഡ്മിഷൻ കിട്ടാത്തതിൽ എനിക്ക് സന്തോഷം മാത്രമേ ഉള്ളു. ടി. ഐ. എം എന്നു പറയുമ്പോൾ ഇന്നെനിക്ക് ഹോംലി ഫീലാണ്. അതിനുകാരണം ഇവിടെ എനിക്ക് കിട്ടിയ കൂട്ടുകാരും, ടീച്ചേഴ്സും മറ്റു സ്റ്റാഫും സമ്മാനിച്ച ഒരു പിടി നല്ല ഓർമ്മകളുമാണ് .


ബി.എഡിനെക്കുറിച്ച് ഒരുപാട് മുൻധാരണകൾ മനസ്സിൽ ഉണ്ടായിരുന്നു. ഒരുപാട് എഴുത്തുകളും, വരകളും, പരിപാടികളും നിറഞ്ഞതായിരുന്നു എന്റെ മനസ്സിലെ ബി. എഡ്. ഇതൊക്കെ വലിയ ഒരു ഭാരമായിരിക്കും എന്നാണ് അനുഭവസ്ഥർ പറഞ്ഞുകേട്ടിട്ടുള്ളത്. ശരിയാണ് ഈ രണ്ടു വർഷത്തിനുള്ളിൽ ഒരുപാട് കാര്യങ്ങൾ ചെയ്ത് തീർത്തിട്ടുണ്ട്. പക്ഷെ അത് ഒരിക്കലും ഒരു ഭാരമായി തോന്നിയിട്ടില്ല. അതിനു കാരണം ടീച്ചേർസ് വളരെ സിസ്റ്റമാറ്റിക് ആയിട്ടാണ് ഓരോ കാര്യങ്ങളും നമ്മളെ കൊണ്ട് ചെയ്യിപ്പിച്ചത്. ആവശ്യത്തിനുള്ള സമയം ലഭിച്ചിരുന്നു. എല്ലാ കാര്യങ്ങളും വളരെ ആസ്വദിച്ചാണ് ചെയ്ത്. ടീച്ചർ സ്റ്റുഡന്റസ് ആയ ഞങ്ങൾക്ക് മാതൃക യാക്കാൻ കഴിയുന്ന അധ്യാപകരാണ് ഞങ്ങളുടേത്. ഈ സ്ഥാപനം ഇത്ര വിജയകരമായി നിലനിൽക്കാൻ ഉള്ള കാരണം നമ്മുടെ പ്രിൻസിപ്പൽ ആയ നദീർ സാർ ആണെന്ന് എനിക്ക് എപ്പോഴും തോന്നാറുണ്ട്.

ഇവിടെ നിന്നു പടി ഇറങ്ങുമ്പോൾ ഒരുപാട് കാര്യങ്ങൾ മിസ്സ് ചെയ്യും. ഒന്നാമതായി എന്റെ കൂട്ടുകാർ, ഞങ്ങളിൽ പലരും മടപ്പള്ളി കോളേജിൽ ഒരുമിച്ചുപഠിച്ചതാണ്. പക്ഷെ എല്ലാവരും ആയി നല്ല കൂട്ടായത് ഇവിടെ വന്നതിനു ശേഷം ആണ്. ടി. ഐ. എം എന്നു പറയുമ്പോൾ ആദ്യം മനസ്സിലേക്ക് വരുന്നത് ഇവരാ യിരിക്കും. ഏറ്റവും എടുത്തു പറയേത്, അല്ലെങ്കിൽ ഇവിടെ എനിക്ക് ഏറ്റവും ഇഷ്ട്ടമുള്ളത്, ഉച്ചക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന സമയമാണ്. ഭക്ഷണം ഷെയർ ചെയ്യുന്നതിനോടൊപ്പം ഞങ്ങൾ ചർച്ച ചെയ്യാത്തതായി ഒരു കാര്യവും ലോകത്തുണ്ടാവില്ല. മിക്ക ദിവസങ്ങളിലും ബെൽ അടിക്കുന്നത് വരെ ആ ചർച്ച നീണ്ട് പോവാറുണ്ട്. പിന്നെ ക്ലാസ്സ് കഴിഞ്ഞ് ഉള്ള ചില വൈകുന്നേരങ്ങൾ, ചായ കുടിക്കാൻ പോകാമെന്നു പെട്ടന്ന് എടുക്കുന്ന തീരുമാനങ്ങൾ, ക്ലാസ്സിനിടയിലെ കുഞ്ഞു കുഞ്ഞു തമാശകൾ, പരസ്പരം ഉള്ള കളിയാക്കലുകൾ, ഞങ്ങളുടേത് മാത്രമായ പി. എസ് ' ക്ലാസ്സ്റൂം, ഇവിടെ നടന്ന ഒരോ പരിപാടികൾ. ... അങ്ങനെ ഒരുപാട് കാര്യകൾ മിസ്സ് ചെയ്യും.

നേരത്തെ പറഞ്ഞതുപോലെ ഒരുപാട് നല്ല ഓർമ്മകളുമായിട്ടാണ് ഇവിടെ നിന്നും പടി ഇറങ്ങുന്നത്.



**Akshara C**
2nd Year Physical Science





# Remembering what Remains



**Aswathy. S**
1st Year English

Time is like a mentor, shaping our lives with patience and precision. It builds us up, breaks us down and even teaches valuable lesson, all without a word. Each and every day is a chance to learn, grow and create. Time's rhythm is steady even when life gets chaotic. We might not see passing,but it's impact is everywhere; in the friendships we form, the memories we make, and the lessons we learn. For some, time can be tough. It takes away childhood memories and loved ones. But for others, it's a gift, a chance to discover new passions, forgive each other and become a better version of ourselves.

Time is always moving and every moment is therefore, unique. It's a reminder that nothing last forever, which can be both a warning as well as a comfort. While talking about time, first thing that comes to my mind is the day my grandmother passed away. Time seemed to be stand still as I held her frail hand, feeling the weight of loss and grief. I felt like I was watching a clock, where each second is taking her further away from me.

As I looked at her face, I saw the lines etched by time, the wrinkles that told stories of laughter,tears and countless moments of love. Her eyes, once bright and full off love and life, had lost their sparkle,but still held a deep warmth. I felt a lump form in my throat as I realized that this was the last time I would see her smile, the last time I would hear her voice.

In the days that followed, time seemed to move at a different pace. The hours felt like an eternity as I grappled with the reality of her loss. But as the weeks turned into months, and the months into years, I began to realise that time wasn't just taking away, instead it was giving the space to heal, to reflect, and to cherish the memories we had shared. I remembered the stories she told me, the laughter we shared, and the lessons she taught me about kindness and resilience.

Time taught me, even in loss there is something that is precious to be found. Time showed me that grief is a process and healing is possible, even it is a slow and painful process. As I looked back on our time together, I realised that every moment was precious and that the memories we created would stay with me forever. In the end, it is not the passing of time that defines us, but the memories we hold, the love we share and the legacy we leave behind.



**ഫാത്തിമ നസിഫ, അതുൽ സി.എസ്, മുഹമ്മദ് റിഷാദ്, സ്മിത പി.സി എന്നിവർ മലയാള ചെറുകഥാകൃത്തും നോവലിസ്റ്റുമായ ശ്രീ. കെ.പി രാമനുണ്ണിയുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്**

# വായനയുടെ വഴികൾ (എഴുത്തിന്റെയും)

**1. പുതുതലമുറയുടെ വായന ചർച്ച ചെയ്യപ്പെടുന്ന കാലമാണല്ലോ ഇത്. എന്നാൽ വായന മരിച്ചു എന്ന് ഒരു കൂട്ടർ വിലപിക്കുന്നുമുണ്ട്. എന്താണ് അഭിപ്രായം?**

മറുപടി പുതുതലമുറയുടെ വായന ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത് നമുക്ക് കണ്ടെത്താൻ കഴിയുക വായനയുടെ മരണമല്ല, വായനയുടെ പരിക്കുപറ്റി, ചോരവാർന്ന് മൃതപ്രായമായ കിടപ്പാണ്. അതെ, വായന അത്യന്തം അനാരോഗ്യകരമായി മാറിക്കൊണ്ടിരിക്കുന്നു. വായനയുടെ കുഞ്ഞുങ്ങൾ ധാരാളം ഉൽപാദിപ്പിക്കപ്പെടുന്നുണ്ടാകാം, പക്ഷെ അവയെല്ലാം വിളറി, വെളുത്ത്, കൊക്കിക്കുരച്ച്, മഹാരോഗങ്ങൾ ബാധിച്ചവയാണ്.

മനുഷ്യഭാഷയുടെ സവിശേഷ സിദ്ധികളെ ആവാഹിച്ചെടുക്കുമ്പോഴാണ് വായന ആരോഗ്യപ്രദമാകുന്നത്. മനുഷ്യഭാഷയ്ക്ക് വിവരങ്ങൾ സാമാന്യവൽക്കരിച്ച് ആശയങ്ങൾ വിനിമയം ചെയ്യാനും മനുഷ്യാനുഭവങ്ങൾ ഹൃദയഹാരിയാകും വിധം വിനിമയം ചെയ്യാനും സിദ്ധിയുണ്ട്. ഇപ്പോഴത്തെ വായനയിൽ വിവരങ്ങൾ മാത്രമാണ് പ്രധാനമായും ശേഖരിക്കപ്പെടുന്നത്. വിവരങ്ങൾക്കുപരി വിജ്ഞാനമോ, വിവേകമോ, അനുഭവസമ്പത്തോ സ്വായത്തമാകുന്നില്ല. ഇൻഫോർമേഷൻ മാത്രമാണ് സൃഷ്ടിക്കപ്പെടുന്നത്. നോളജും, വിസ്ഡവും, ഹെൽത്തി ആറ്റിറ്റ്യൂഡ് റ്റുവേർഡ്സ് ലൈഫും സൃഷ്ടിക്കപ്പെടുന്നില്ല. അതുകൊണ്ടാണ് വലിയ വായനക്കും പഠിപ്പുകാരുമെന്ന് കരുതുന്നവർ കൂടി ഡസ്റ്റ് ബിൻ ഓഫ് ഇൻഫോർമേഷൻസാകുന്നത്, കള്ളന്മാരും കൊലപാതികളും സമൂഹവിരുദ്ധരുമാകുന്നത്.

പി.എസ്.സി. പരീക്ഷ എഴുതൽ, എൻട്രൻസ് പാസ്സാകൽ, സമയം പോക്കൽ, ഉറക്കത്തിന് സഹായിക്കൽ തുടങ്ങിയ ഭൗതിക പ്രയോജനങ്ങൾക്ക് വേണ്ടി മാത്രമാകരുത് വായന. വായന മനുഷ്യനെ മൃഗത്വത്തിൽ നിന്ന് മനുഷ്യത്വത്തിലേക്ക് വളർത്തണം. സ്നേഹവും കാരുണ്യവും ദയയും പരക്ലേശവിവേകവും പഠിപ്പിക്കണം. മഹത്വത്തിലേക്ക് നയിക്കണം. നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ പേരിൽ വായിക്കുക എന്ന വേദഗ്രന്ഥ വാക്യത്തിൽ വായനയുടെ അത്യുദാത്ത ലക്ഷ്യത്തെക്കുറിച്ചുള്ള സൂചന അടങ്ങിയിട്ടുണ്ട്. വായന മനുഷ്യനെ അടിമുടി മാറ്റി മറിക്കും എന്ന അർത്ഥത്തിലാണ് ക്ലാസിക്കലായ ഒരു കൃതി വായിക്കുന്നതിന് മുൻപുള്ള ആളായിരിക്കില്ല

വായിച്ചതിന് ശേഷമുള്ള ആളെന്ന് പറയുന്നത്. അവന്റെ / അവളുടെ സ്വഭാവത്തിലും പ്രകൃതത്തിലും ജീവിതവീക്ഷണത്തിലും അത്ഭുതകരമായ പരിണാമങ്ങൾ സംഭവിച്ചിരിക്കും.

ആഴത്തിലും, അലിഞ്ഞു ചേർന്നുമുള്ള വായന നടക്കുന്നില്ല എന്നതിനാലാണ് വായന രോഗാതുരമാകുന്നത്. നിങ്ങളുടെ കവിത വായിച്ചു, ആസ്വദിച്ചു എന്നൊന്നുമല്ലല്ലോ ആളുകൾ പറയാറുള്ളത്. കവിത കണ്ടു എന്നാണല്ലോ. ആ പറച്ചിലിൽ തന്നെ വായനയുടെ സ്വഭാവരീതി ഒളിച്ചിരിക്കുന്നുണ്ട്. എന്തെങ്കിലും വിവരങ്ങൾ കണ്ടു വെച്ച് അവ പിന്നീട് ഛർദ്ദിക്കാനാകരുത് വായന. ഒരു ശാസ്ത്രഗ്രന്ഥം വായിക്കുന്നത് അതിലെ ഫോർമുലകൾ ഉരുവിടാനാകരുത്. ശാസ്ത്രീയവീക്ഷണം (സയന്റിഫിക് ടെംപറമെന്റ്) സ്വായത്തമാക്കാൻ കൂടിയാകണം. ഹ്യുമാനിറ്റിസ് വായിക്കുന്നത് സിദ്ധാന്തങ്ങൾ കാണാപ്പാഠമാക്കാനാകരുത്. മനുഷ്യത്വത്തിലേക്ക് വളരാൻ കൂടിയാകണം. സാഹിത്യകൃതികൾ വായിക്കുന്നത് ചുമ്മാ സാഹിത്യക്വിസ്സിന് പങ്കെടുക്കാനാകരുത്. സ്വന്തം ജീവിതവീക്ഷണത്തെ സമ്പന്നമാക്കാൻ കൂടിയാകണം.



വായനയെ അത്യന്തം വികൃതമാക്കുന്നതാണ് പലപ്പോഴും സോഷ്യൽ മീഡിയയിലെ വായന. ഒരു വിഷയത്തിലും മനസ്സുറപ്പിക്കാൻ അത് സമ്മതിക്കുന്നില്ല. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചാടിച്ചാടിപ്പോകാൻ നമ്മൾ നിർബ്ബന്ധിതരാകുന്നു. ആ ചാടിപ്പോക്ക് "അറ്റൻഷൻ സ്പാനിനെ" ബാധിച്ച് "ബ്രെയിൻ റോട്ട്" മസ്തിഷ്ക്ക നാശത്തിലേക്ക് പുതുതലമുറയെ നയിക്കുന്നു.

വായനാ ദിനവും വായനാ വാരവുമെല്ലാം ആഘോഷിക്കുമ്പോൾ വായനയെ വളർത്തൂ എന്നല്ല പറയേണ്ടത്, ഗുണകരമായ വായനയെ വളർത്തൂ എന്നാണ്. "ക്വാളിറ്റി ഓഫ് റീഡിംഗ്" അത്രക്ക് പ്രധാനമാണ്. വായിക്കുന്നോ എന്നതല്ല വിഷയം എന്ത് വായിക്കുന്നു, എങ്ങനെ വായിക്കുന്നു എന്നതാണ്. സോഷ്യൽ മീഡിയയിൽ വമിക്കുന്ന വിഷമെല്ലാം വിഴുങ്ങാൻ വേണ്ടിയാണെങ്കിൽ വായന ആത്മഹത്യാപരമാകും.


**2. 2024ലെ MBIFL വേദിയിൽ താങ്കൾ "Political correctness can limit writer's ability to express views" എന്നൊരു അഭിപ്രായം പറയുകയുണ്ടായി. ഒരു കാലത്ത് സിനിമയിലും സാഹിത്യത്തിലും എല്ലാം ഉണ്ടായിരുന്ന അരികുവൽക്കരിക്കപ്പെട്ടവരെ മോശമായി ചിത്രീകരിക്കുന്ന പ്രവണത കുറയ്ക്കാൻ പൊളിറ്റിക്കൽ കറക്ടനെസ്സ് കാരണമായിട്ടില്ലേ? ഉദാഹരണത്തിന് ബാംബൂ ബോയ്സ് പോലൊരു സിനിമ ഇന്ന് എടുക്കാൻ പോലും സാധിക്കില്ലല്ലോ. അതൊരു സാമൂഹ്യ മുന്നേറ്റം കൂടെയല്ലേ?**

മറുപടി : പൊളിറ്റിക്കൽ കറക്റ്റ്നസ്സ് എന്ന ആശയത്തോടല്ല എനിക്ക് വിയോജിപ്പ്. എന്റെ എഴുത്ത് തന്നെ പൊളിറ്റിക്കൽ കറക്റ്റ്നസ്സും സിവിലിസേഷണൽ കറക്റ്റ്നസ്സും ഹ്യൂമൺ കറക്റ്റ്നസ്സും തേടിയുള്ള യാത്രകളാണ്. പൊളിറ്റിക്കൽ കറക്റ്റ്നസ്സ് യാന്ത്രികമായി ഉപയോഗിക്കുന്ന രീതികളോടാണ് അഭിപ്രായവ്യത്യാസം. ചോദ്യത്തിൽ ക്വാട്ട് ചെയ്ത വാചകമല്ല ഞാൻ 2024 'ക' ഫെസ്റ്റിവലിൽ പറഞ്ഞിട്ടുള്ളത്. പൊളിറ്റിക്കലി കറക്റ്റ് ആകൽ എഴുത്തുകാരന്റെ വീക്ഷണങ്ങളെ പരിമിതപ്പെടുത്തുന്നതല്ല പ്രശ്നം. എങ്ങനെയാണ് പൊളിറ്റിക്കലി കറക്റ്റ് ആകേണ്ടത് എന്നറിയാത്ത

പ്രയോഗങ്ങൾ എഴുത്തിനെ യാന്ത്രികവും കപടവും ചരിത്രവിരുദ്ധവുമാക്കുന്നതാണ്. എഴുത്തുകാരൻ പൊളിറ്റിക്കലി കറക്റ്റാകേണ്ടത് സർഗ്ഗാത്മകമായാണ്, മുദ്രാവാക്യപ്രായത്തിലല്ല. ഉദാഹരണമായി നൂറ് കൊല്ലം മുമ്പുള്ള കഥ പറയുന്ന നോവലിന്റെ വിവർത്തനം പൊളിറ്റിക്കലി കറക്റ്റ് ആക്കാൻ വേണ്ടി പുരുഷകഥാപാത്രങ്ങളുടെ സംസാരത്തിലെ സ്ത്രീവിരുദ്ധത വെട്ടിമാറ്റിയാൽ കൃതി കപടമാകും, ചരിത്രവിരുദ്ധമാകും. മാത്രമല്ല പഴയ കാലത്തെ സ്ത്രീവിരുദ്ധതയുടെ കൃത്യമായ ചിത്രം പഠിച്ചുള്ള മുന്നേറ്റവും അസാദ്ധ്യമാകും. പൊളിറ്റിക്കലി കറക്റ്റ് ആകാനുള്ള യാന്ത്രികവാശി വർദ്ധിച്ചാൽ മനുഷ്യന്റെ തിന്മകൾ ആവിഷ്ക്കരിക്കുന്ന രചനകൾ കൂടി തടയേണ്ടിവരും. അരിസ്റ്റോട്ടിലെല്ലാം പറഞ്ഞ പോലെ മനുഷ്യന്റെ തിന്മ ആവിഷ്ക്കരിക്കുന്നത് അവനെ, അവളെ അതിൽ നിന്ന് വിമോചിപ്പിക്കാൻ കൂടിയാണ്. യാന്ത്രികവാദം കലയുടെ ഇത്തരം അഗാധ തലങ്ങളെ പരിക്കേൽപ്പിക്കും.

സിനിമയിലും സാഹിത്യത്തിലും അരികുവൽക്കരിക്കപ്പെട്ടവരെ മോശമായി ചിത്രീകരിക്കുന്ന പ്രവണത കുറഞ്ഞത് ചിലർ പൊളിറ്റിക്കൽ കറക്റ്റ്നസ്സെന്ന് പറഞ്ഞ് ബഹളം വെക്കുന്നതുകൊണ്ടല്ല. വിപ്ലവശക്തികളുടെ പ്രവർത്തനം സമൂഹത്തിലുണ്ടാക്കിയ മാറ്റം കലാകാരന്മാരിലും കലയിലും പ്രതിഫലിച്ചതു കൊണ്ടാണ്. എന്നാൽ മൂരാച്ചിത്തരമുള്ളൊരു കഥാപാത്രത്തിന്റെ മനോഭാവത്തിലൂടെ ചിത്രീകരിക്കപ്പെടുന്ന കഥാമുഹൂർത്തത്തിൽ കീഴാളവിരുദ്ധത പ്രത്യക്ഷപ്പെടും. അത് ആ മാലിന്യത്തെ പുറത്തെടുത്ത് കളയാനാണ്. അല്ലെങ്കിൽ കല നിലനിൽക്കില്ല. അകത്തുള്ള മാലിന്യവും പേറി ഏവരും ജീവിക്കേണ്ടിവരും.

**3. മലയാള സാഹിത്യത്തിൽ പുതിയ എഴുത്തുകാർ 'സോഷ്യൽ മീഡിയ സാഹിത്യ 'ത്തിലേക്ക് മാറുന്നത് നിങ്ങൾ സാഹിത്യത്തിൻറെ പുരോഗതിയായാണോ അല്ലെങ്കിൽ സാഹിത്യത്തിൻറെ വേരുറവൾക്ക് കോട്ടം തട്ടിത്തുടങ്ങിയെന്നാണോ വിലയിരുത്തുന്നത്.**



മറുപടി : സോഷ്യൽ മീഡിയാ സാഹിത്യവും സോഷ്യൽ മീഡിയയുടെ സാഹിത്യത്തിലുള്ള സ്വാധീനവും വളരെ ചർച്ച ചെയ്യപ്പെടേണ്ട വിവിധ മാനങ്ങളുള്ള വിഷയമാണ്. കുറച്ച് ഗുണവും അതിലധികം ദോഷവുമാണ് സോഷ്യൽ മീഡിയ സാഹിത്യത്തിനുണ്ടാക്കുന്നതെന്ന് പറയാം. എഡിറ്റർ എന്നൊരു അധികാര ശക്തിയുടെ കൈകടത്തിലില്ലാതെ എഴുത്തുകാർക്ക് വായനക്കാരിലെത്താൻ സാധിക്കുന്നു എന്നതാണ് പ്രധാന ഗുണം. ജനാധിപത്യസ്വഭാവം തീർച്ചയായും സോഷ്യൽ മീഡയക്ക് സ്വന്തമാണ്. പക്ഷെ ദുരുപയോഗം പലപ്പോഴും ആ ഗുണത്തെ ദോഷമാക്കിമാറ്റുന്നു. കഥ, കവിത എന്നീ പേരുകളിൽ ആർക്കും എന്ത് അസംബന്ധവും പടച്ചുവിട്ട് സൈബർ സ്പേസ് മലിനമാക്കാൻ കഴിയുന്നു. നല്ലതും ചീത്തയും വേർതിരിച്ചെടുക്കുക മിക്കവാറും അസാദ്ധ്യമായിത്തീരുന്നു. പരസ്യത്തിന്റെ തന്ത്രങ്ങൾ ഏറ്റവും കുടിലമായി പ്രയോഗിക്കുന്ന രംഗമായി സോഷ്യൽ മീഡിയ മാറിയിരിക്കുന്നു. ഏത് പൊട്ട കൃതിയും സോഷ്യൽ മീഡിയയിൽ കളിച്ച് വൈറലാക്കാം, വായനക്കാരെ പറ്റിക്കാം, വിൽപ്പന കൂട്ടാം എന്ന അവസ്ഥ സംജാതമായിട്ടുണ്ട്. വിൽപ്പന കൂടിയതെല്ലാം, അത് കഞ്ചാവായാലും മയക്കുമരുന്നായാലും, നല്ലത് എന്ന അവബോധം മുതലാളിത്തം സൃഷ്ടിക്കുന്നുമുണ്ട്. മനുഷ്യ പ്രജ്ഞയെ ഉന്നതവും ഉദാത്തവുമായ തലങ്ങളിലേക്ക് ഉയർത്തുക എന്ന സാഹിത്യത്തിന്റെ ലക്ഷ്യമാണ് ഇവിടെ പരാജയപ്പെടുന്നത്.

**4. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾ കൊടുമ്പിരികൊണ്ട് നിന്നിരുന്ന കാലത്ത് ഉയർന്ന ഒരു ആക്ഷേപമായിരുന്നു പല സാഹിത്യ കാരന്മാരും വികസന വിരോധികൾ ആണ് എന്നത്.. ഇത്തരമൊരു ആക്ഷേപത്തിൽ കഴമ്പുണ്ടോ..?**

മറുപടി : ഏത് നിർണ്ണയ വിഷയത്തെയും കക്ഷി രാഷ്ട്രീയ തലത്തിൽ മാത്രം പരിചരിക്കുക എന്നത് കേരളത്തിന്റെ ദൗർഭാഗ്യമാണ്. എഴുത്തുകാർക്ക് എഴുത്തുകാർ എന്നൊരു സ്വത്വം മാത്രമല്ലല്ലോ ഉള്ളത്. അവർ ജോലിക്കാരാണ്, കുടുംബക്കാരാണ്, വിശ്വാസികളാണ്, അവിശ്വാസികളാണ്, വ്യത്യസ്ത ആശയ സംഹിതകൾ പിന്തുടരുന്നവരാണ്. അതിനനുസരിച്ച് അവരുടെ സമീപനങ്ങളും മാറിമറിയും. എന്നാലും അപരപരിഗണനയായിരിക്കണം ഏതു കാര്യത്തിലും നിലപാടെടുക്കാൻ എഴുത്തുകാരുടെ മൗലികമായ മാനദണ്ഡം.

**5. മലയാള സാഹിത്യത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെ സഞ്ചരിച്ച ഒരു എഴുത്തുകാരൻ എന്ന നിലയിൽ കാലത്തിനൊപ്പമുള്ള മലയാളി വായനക്കാരുടെ അഭിരുചി മാറ്റത്തെ എങ്ങനെ നോക്കിക്കാണുന്നു?**

മറുപടി : സാഹിത്യത്തിലൂടെ സഞ്ചരിക്കുക എന്നതിന് മനുഷ്യജീവിതത്തിലൂടെ പര്യടനം നടത്തുക എന്നാണർത്ഥം. മലയാള സാഹിത്യത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെ പര്യടനം നടത്തുമ്പോൾ മലയാളിയുടെ വ്യത്യസ്തകാല ജീവിതങ്ങളിലും നമ്മൾ എത്തിച്ചേരും. ഇൻക്ലൂസീവായിരിക്കുക എന്നത് മലയാള ഭാഷയുടെയും മലയാളിയുടെയും പ്രധാന സവിശേഷതയാണ്. നമ്മൾ "പുതുമൈപിത്തന്മാരാണ്", പുതുതായി കിട്ടുന്ന എന്തും നമ്മൾ ഉൾക്കൊള്ളും. ആ "ഇൻക്ലൂസീവ്" സ്വഭാവത്തിന് പൊതുവെ ഗുണമാണുള്ളതെങ്കിലും ഇക്കാലത്ത് പല ദോഷങ്ങളും പറയാനുണ്ട്. നവ മുതലാളിത്തത്തിൽ പുതുത് മിക്കതും അപകടകരവും ചൂഷകവുമാണല്ലോ. അതെല്ലാം ആദ്യം വാരിവലിച്ച് കയറ്റുന്നത് മലയാളിയായിരിക്കും. നോക്കൂ, എത്ര വേഗമാണ് നമ്മൾ പരദേശ ഫാസ്റ്റ് ഫുഡ്ഡുകളെ ശരണം പ്രാപിക്കുന്നതും ഒപ്പത്തിനൊപ്പം മൾട്ടി സ്പെഷാലിറ്റി ഹോസ്പിറ്റലുകൾ പൊങ്ങിവരുന്നതും.

**6. താങ്കളുടെ കൃതികളിൽ മതം ഒരു പ്രധാന പ്രമേയമായി വന്നു കാണാറുണ്ട്.. ഒരു സാമൂഹിക വ്യവസ്ഥ എന്ന നിലയിൽ മതത്തെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?**

മറുപടി : ഞാനൊരു വിശ്വാസിയാണ്, കടുത്ത ഭക്തനുമാണ്. ന്യൂജെൻ ഭാഷയിൽ പറഞ്ഞാൽ പ്രപഞ്ചത്തിന് പിറകിലുള്ള ആ ശക്തി എന്റെ ചങ്കാണ്. അതിനോടുള്ള അഭിമുഖീകരണം അളവറ്റ ആനന്ദം നൽകുന്നതിനാൽ അത് എന്നെ സംബന്ധിച്ച് സത്യവുമാണ്. മതങ്ങൾ ആത്യന്തികമായി പ്രപഞ്ചപ്പൊരുൾ അന്വേഷിക്കുന്ന പദ്ധതികളാണല്ലോ. അവയുടെ "കോർ വാല്യൂസ്" മനുഷ്യനെ മനുഷ്യനാക്കുന്ന മൂല്യങ്ങളുമാണ്. മതത്തിന്റെ കോർ വാല്യൂസിനെ സ്നേഹിക്കുന്ന അത്രതന്നെ മതത്തെ വെടക്കാക്കുന്ന ചൂഷകവർഗ്ഗീയ ശക്തികളെ ഞാൻ വെറുക്കുന്നുമുണ്ട്.

പൊന്നാനിക്കാരനായ എന്റെ എഴുത്തിൽ മതസൗഹാർദ്ദം പ്രധാന പ്രമേയമാകുന്നത് സ്വാഭാവികം മാത്രം. സൂഫി പറഞ്ഞ കഥ മുതൽ ആ സാഹിത്യപാരമ്പര്യം എന്നിൽ പ്രവർത്തനക്ഷമമാണ്. ദൈവത്തിന്റെ പുസ്തകം എത്തുമ്പോഴേക്ക് ശ്രീകൃഷ്ണനെയും മുഹമ്മദ് നബിയെയും(സ) സഹോദരതുല്യമായി (ഇക്കയും മുത്തുമായി) അവതരിപ്പിക്കാനുള്ള പക്വത ഞാൻ നേടി. മുഹമ്മദ് നബിയുടെ ജീവിതം ഒരു നോവലിൽ ആദ്യമായി ചിത്രീകരിക്കപ്പെടുന്നത് ദൈവത്തിന്റെ പുസ്തകത്തിലായത് എന്റെ മഹത്വത്താലല്ല, കേരളീയ സംസ്ക്കാരത്തിന്റെ കാവ്യനീതിയാലാണ്.

**7. വ്യത്യസ്ത ആശയങ്ങളോടും നമ്മളിൽ പെടാത്ത മനുഷ്യരോടും ഉള്ള അസഹിഷ്ണുത ഇന്ത്യൻ സമൂഹത്തിന്റെ ഒരു സവിശേഷതയായി മാറിയ ഒരു കാലത്താണല്ലോ നാം ജീവിക്കുന്നത്.. ഈ അസഹിഷ്ണുത സൃഷ്ടിച്ച ഭയം സാഹിത്യകാരൻമാരുടെ സ്വാതന്ത്ര്യത്തെ ലംഘിക്കുന്നുണ്ട്**

എന്നതൊരു യഥാർഥ്യമായി നിലനിൽക്കുന്നുണ്ട്. ഇത് എഴുതുന്നത് വ്യക്തിപരമായി ഭീഷണി സൃഷ്ടിച്ചേക്കാം എന്ന ഭയത്തിൽ ഒരു വരി വെട്ടി മാറ്റിയെഴുതിയ അനുഭവം സാഹിത്യ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ?

മറുപടി : വെറും അസഹിഷ്ണുതയല്ല, ഫാസിസ്റ്റായ അസഹിഷ്ണുത തന്നെയാണ് ഇന്ന് ഇന്ത്യാ രാജ്യത്ത് പടർന്നുപിടിക്കുന്നത്. വ്യത്യസ്തതകളാൽ ആകർഷിക്കപ്പെടുക എന്നതാണ് മനുഷ്യനിലെ സ്വാഭാവിക ചോദന. എന്നാൽ ഫാസിസത്തിൽ വ്യത്യസ്തതകൾ ശത്രുതക്കുള്ള മുഖ്യ കാരണമാകുന്നു. പൊതുബോധത്തിൽ നിന്ന് വ്യത്യസ്തരാകാൻ വിധിക്കപ്പെട്ട എഴുത്തുകാരും കലാകാരന്മാരും അപ്പോൾ തീർച്ചയായും നോട്ടപ്പുള്ളികളാകും. ആക്രമിക്കപ്പെടുമോ എന്ന ഭയം അവരെ അസ്വതന്ത്രരാക്കും. അവരുടെ ചിന്തകൾക്കും ഭാവനകൾക്കും അറിയാതെ വിലങ്ങ് വീഴും. എഴുതിയ വാക്കുകൾ പേടിച്ച് വെട്ടി മാറ്റിയ സംഭവം ഇതുവരെ എന്റെ സാഹിത്യജീവിതത്തിൽ ഉണ്ടായിട്ടില്ല. പക്ഷെ രാജ്യത്തെ അവസ്ഥ അബോധതലത്തിൽ സെൻസർഷിപ്പ് ഏർപ്പെടുത്തുന്നുണ്ടോ എന്നറിയില്ല.

8. പൊളിറ്റിക്കൽ അല്ലാത്ത സാഹിത്യ സൃഷ്ടി എന്നൊന്നുണ്ടോ?

മറുപടി : രാഷ്ട്രീയവും കക്ഷിരാഷ്ട്രീയവും തമ്മിലുള്ള ആശയക്കുഴപ്പമാണ് ഈ ചോദ്യം സൃഷ്ടിക്കുന്നത്. എഴുത്തിൽ കക്ഷി രാഷ്ട്രീയം അനിവാര്യമല്ല. എന്നാൽ രാഷ്ട്രീയമില്ലാത്ത എഴുത്തും സാധ്യമല്ല. കാലത്തിന്റെയും ദേശത്തിന്റെയും രാഷ്ട്രീയം ഏത് സാഹിത്യകൃതയിലും നിർലീനമായിരിക്കും. എക്കോ പോയട്രിയും ഇൻവിറോൺമെന്റൽ ലിറ്ററേച്ചറും ക്ലൈമറ്റ് ചേഞ്ച് ഫിക്ഷനുമെല്ലാം പുതുകാല രാഷ്ട്രീയത്താൽ പൂരിതവുമാണ്. മലയാളത്തിലെ ആദ്യത്തെ ക്ലൈമറ്റ് ചേഞ്ച് കഥ എന്ന് പറയപ്പെടുന്ന എന്റെ " എനക്ക് ഗ്രേറ്റേച്ച്യേ കാണണേയ് " എന്ന ചെറുകഥ ആ അർത്ഥത്തിൽ ഒരു പൊളിറ്റിക്കൽ സ്റ്റോറിയാണ്.





# പ്രതീക്ഷയാം പ്രണയം

പ്രണയമെന്ന വികാരത്തെ തിരിച്ചറിയുവാൻ
നീ എന്നെ തേടി വരേണ്ടിവന്നു.
പ്രണയത്തിനുമപ്പുറം നിന്നെ ഞാൻ
സ്നേഹിക്കുന്നു ..
എന്തിനുവേണ്ടിയോ നിന്നെ ഞാൻ
എന്റെ സ്വപ്നങ്ങളിൽ പ്രതീക്ഷിക്കുന്നു.
എനിക്ക് കൂട്ടായി തണലായി എന്നിലൊരു
കുളിർമഴയായി നീ പെയ്തിറങ്ങുവാൻ
ഞാനെന്നും മോഹിക്കുന്നു..
കടലിലെ തിരമാലകൾ കരയെ
തട്ടിമാറ്റുമ്പോൾ വിട പറയുന്ന
തിര കരയെ തേടിവരും
പിരിയുവാൻ കഴിയാത്ത
മനസ്സുമായി ഞാൻ നിന്നെ
പ്രതീക്ഷിക്കുന്നത് പോലെ.....



**Sreeshna AC**
2nd Year Social science

# ഒരിത്തിരി നേരം





**Nihala Jasmine**
2nd Year Physical Science

ചുറ്റിത്തിരിയുന്ന ഘടികാരത്തിന്റെ കൈകളെപോലെ നമ്മുടെയും ജീവിതം ഏകതാളത്തിലുള്ള ഒരു ചക്രത്തിൽ പലപ്പോഴും ശ്വാസം മുട്ടിക്കുന്ന വിധത്തിൽ മുന്നേറുകയാണ്. നാം ഓടുന്നു ... നിമിഷങ്ങളെക്കാളും വേഗത്തിൽ. പക്ഷേ എവിടേക്ക്? എന്തിന് വേണ്ടി? ജീവിതം പലർക്കും ലക്ഷ്യത്തിലേക്കുള്ള ഒരു യാത്രയല്ല , മറിച്ച് സമയം എന്ന തടവറയിലെ അനന്തമായ ഓട്ടമാണ്. നമ്മെ കാത്തുനിൽക്കാതെ ജീവിതത്തിലെ ഓരോ അധ്യായങ്ങളും കടന്നുപോയിക്കൊണ്ടിരിക്കുന്നു. സമയത്തിന്റെ ഒഴുക്കിനെ നാം തിരിച്ചറിയുന്നത് അത് നഷ്ടപ്പെട്ടതിന് ശേഷം, പിന്നിൽ അവശേഷിക്കുന്ന ശൂന്യതയുടെ കനത്തിൽ മാത്രം.

നമ്മെ സ്നേഹിക്കുന്ന ഒരു വ്യക്തിക്കുവേണ്ടി അല്ലെങ്കിൽ നമ്മുടെ കുടുംബത്തിനുവേണ്ടി ഒരിത്തിരി നേരം മാറ്റിവെക്കുന്നത് ഏറ്റവും ശുദ്ധമായ സ്നേഹരൂപങ്ങളിലൊന്നാണ്. ഒരുമിച്ചു ചിലവഴിക്കുന്ന സമയങ്ങൾ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നു, നമ്മുടെ മാനസികനില ശാന്തമാക്കുന്നു. ബന്ധങ്ങളിൽ പരസ്പരം സമയം കണ്ടെത്തുമ്പോൾ അത് ഉറപ്പും ഭദ്രതയും ഉള്ളതാക്കുന്നു. പ്രിയപ്പെട്ടവരോടൊപ്പം നാം ചെലവഴിക്കുന്ന ഓരോ നല്ല നിമിഷങ്ങളും മായാത്ത ഒരുപിടി നല്ല ഓർമ്മകളാണ്. അത് നമ്മുടെ മാനസികനിലയെ മെച്ചപ്പെടുത്തുന്നു. ഹൃദയം തുറന്ന് സംസാരിക്കാൻ കഴിയുമ്പോൾ തന്നെ ആ ബന്ധങ്ങൾ ഏറ്റവും മനോഹാരിതയുള്ളതായി മാറുന്നു.

കോവിഡ് മഹാമാരിക്ക് ശേഷം നാം ഏവരും ഒരുപോലെ ചർച്ച ചെയ്തകാര്യമാണ് മാനസിക ആരോഗ്യം എന്നുള്ളത്. 'ആരോഗ്യമുള്ള മനസ്സുണ്ടെങ്കിലേ ആരോഗ്യമുള്ള ശരീരമുണ്ടാവൂ.' സ്വപ്നങ്ങൾക്കും ബാധ്യതകൾക്കും പിന്നിൽ മനുഷ്യൻ ഓടിക്കൊണ്ടിരിക്കുമ്പോൾ നാം മാറ്റിവെക്കുന്ന നമ്മുടെ മൂല്യമുള്ള സമയങ്ങൾ ചിലരുടെ മാനസിക ആരോഗ്യം പോലും മെച്ചപ്പെടുത്താനുതകുന്ന ആയുധമാണെന്ന് പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. ഒറ്റപ്പെടലും സമ്മർദ്ദവും കൂടെകൊണ്ട് നടക്കുന്ന ഈ ജീവിതയാത്രയിൽ പ്രിയപ്പെട്ടവർ നൽകുന്ന ചില നല്ല ഓർമ്മകളാണ് പലരുടെയും ജീവിതം മനോഹരമാക്കുന്നത്. തിരക്കു പിടിച്ച ഈ ജീവിതയാത്രയിൽ പലരും പലതും മറക്കുന്നു, അല്ലെങ്കിൽ മറന്നപോലെ നടക്കുന്നു. ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിൽ ഇന്ന് ഭൂരിഭാഗവും വൻപരാജയമാണ്.

ഒരു നിമിഷത്തെ തുറന്ന സംഭാഷണം ചിലപ്പോൾ മരണത്തിലേക്ക് തിരിക്കുന്ന ഒരാളിൽ ജീവിക്കാനുള്ള പ്രതീക്ഷ നൽകിയേക്കാം. പ്രശ്നങ്ങൾ കേട്ടിരിക്കാൻ ഒരാളെ തേടിനടക്കുന്ന യുവതലമുറയെ നമുക്ക് ഇന്ന് കാണാം. പല ബന്ധങ്ങളും തകരുന്നത് ഒരാൾ മറ്റൊരാളെ കേട്ടിരിക്കുന്നില്ല എന്നതുകൊണ്ട് തന്നെയാണ്. പ്രശ്നങ്ങൾ പരിഹരിക്കുക എന്നതിലുപരി നമ്മൾ അയാളെ വില മതിക്കുന്നു, അയാളുടെ പ്രശ്നങ്ങളെ ബഹുമാനിക്കുന്നു എന്ന ചിന്ത അയാളിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ്. നാം അവരുടെ കൂടെ ഏതൊരു പ്രതിസന്ധിയിലും ഉണ്ടാവും എന്നതാണ് ഏതൊരു ബന്ധത്തിന്റെയും അടിത്തറ.

ഒരിത്തിരിനേരം നിനക്കു വേണ്ടി, നിന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി, ഉശിരുള്ള യുവത്വത്തെ ആവശ്യമുള്ളവർക്ക് വേണ്ടി, നിന്റെ മൂർച്ചയുള്ള എഴുത്തിനെ കാത്തിരിക്കുന്നവർക്ക് വേണ്ടി മാറ്റിവെക്കുക. ജീവിതത്തിന്റെ ഓട്ടപാച്ചിലിൽ നല്ല നിമിഷങ്ങൾ ആഘോഷിക്കുക. സമയം ഒരിക്കലും തിരിച്ചുവരില്ല.

# WHEN HUMAN HURT THE EARTH

We cut the trees that gave us shade.
We poison rivers that nature made.
We fill the skies with smoke and dust.
We break the earth with greedy lust.

The animals run, they lose their home.
The ice is melting ocean foam.
The soil is dry, the rain is rare.
Still we cut like we don't care.

The earth is crying loud and clear.
The end of life drawing near.
We still have time to make it right.
Let's heal, let’s see the light



**Anwaya Damodaran M**
2nd Year English



# നിമിഷം





**Shivya Santhosh**
2nd Year Natural Science

സതീഷ് ഇന്ന് മുംബൈയിലെ മുൻനിര വസ്ത്ര വ്യാപാരികളിൽ പ്രമുഖനാണ്. മെട്രോ നഗരമായ മുംബൈയിലെ പല തിരക്കേറിയ കച്ചവടത്തെരുവുകളിലും സതീഷിന്റെ ഉടമസ്ഥത യിലുള്ള കടകൾ ഉണ്ട്. നഗരത്തിലെ വലിയ ഷോപ്പി ങ് മാളുകളിലും സതീഷിന്റെ കടകൾ ഇടംപി ടിച്ചുകഴിഞ്ഞു.

സതീഷ് ഒരു ഒറ്റത്തടിയാണ്, ബന്ധുക്കൾ എന്ന് പറയാൻ ഇന്ന് ആരുമില്ല. പിന്നെ ആകെ യുള്ളത് ഒരു ഉറ്റസുഹൃത്താണ് സഹദേവൻ. കലാലയജീവിതത്തിനിടയിൽ എന്നോ കൂടകൂടി യവൻ. സതീഷ് തന്റെ നാടിനെ കുറിച്ചോർക്കുക വല്ലപ്പോഴുമുള്ള സഹദേവന്റെ ഫോൺകോൾ വരുമ്പോൾ മാത്രമാണ് .

മുംബൈ നഗരത്തിൽ സതീഷിന് സുഹൃത്തുക്കളായി ആരുമില്ല. ഓരോ സുഹൃത് ബന്ധത്തിനും മണിക്കൂറുകളോ ദിവസങ്ങളോ മാത്രമാണ് ഇവിടെ ആയുസ്സ്. പണമാണിവിടെ എല്ലാത്തിന്റെയും അടിസ്ഥാനം. സൗഹൃദ കൂട്ടായ്മ കൾ കുറവായ ഈ നഗരത്തിൽ അവധി ദിവസങ്ങ ളിൽ ഡാൻസ് ബാറുകളിൽ പോയി മദ്യപാനത്തിലേർപ്പെട്ടും മറ്റുമാണ് സതീഷ് ഉൾപ്പെടെയുള്ള സ്വയം പ്രഖ്യാപിത പരിഷ്കൃതർ ആനന്ദം കണ്ടെത്താറ്.

അങ്ങനെയിരിക്കെയാണ് സഹദേവന്റെ കോൾ സതീഷിന് വരുന്നത്.

'എടാ സതീഷേ, നമ്മുടെ കോളേജിൽ നമ്മുടെ ബാച്ചിന്റെ ഒരു ഗെറ്റ് ടുഗെതർ വെക്കുന്നുണ്ട്, നീ ഉണ്ടാവില്ലേ?'

'ഡാ, എനിക്കിവിടെ കച്ചവടത്തിരക്കാ "

സതീഷ് പറഞ്ഞുതുടങ്ങുന്നതിനുമുമ്പ് സുഹൃത്ത് ഇടക്കുകയറി:
"നീ തിരക്കൊന്നും പറഞ്ഞ് ഒഴിയാൻ നോക്കണ്ട, വന്നേ പറ്റൂ."

എനിക്കിവിടെ ഉത്സവസീസണായതുകൊണ്ട് നിന്നു തിരിയാൻ നേരമില്ല നീ പിന്നെ വിളിക്ക്. രക്ഷപെടൽ എന്നോളം സതീഷ് ഫോൺ കട്ട് ചെയ്തു.
പിന്നീടയാൾക്കതിൽ കുറ്റബോധം തോന്നി. അധികം വൈകാതെ ഒരു ദിവസം ആ വാർത്ത അയാളെ തേടിയെത്തി. സഹദേവൻ അപ്രതീക്ഷിതമായി ഉണ്ടായൊരു വാഹനാപകടത്തിൽ മരണമടഞ്ഞു. ആ വാർത്ത അയാളെ മാനസികമായി വല്ലാതെ തളർത്തി. ഒരിക്കലും നാട്ടിലേക്കില്ലെന്ന് മനസ്സിലുറപ്പിച്ചിരുന്ന അയാൾ, ഉറ്റവനെ അവസാനമായി ഒരുനോക്കുകാണാനായി വണ്ടി കയറി.

പിന്നീടുള്ള നാട്ടിലെ വീട്ടിൽ നിന്ന ദിവസങ്ങളിൽ അയാൾ വല്ലാത്തൊരു ഏകാന്തതയ്ക്ക് അടിമപ്പെട്ടു. തനിക്ക് ഇനി ഈ ലോകത്ത് ആരും തന്നെയില്ല എന്ന സത്യം അയാളെ വേട്ടയാടിക്കൊണ്ടിരുന്നു.



അതിനിടയിലാണ് കോളേജ് ഗ്രൂപ്പിൽ ഗെറ്റ് ടുഗെതറിന്റെ പോസ്റ്റർ പ്രത്യക്ഷപ്പെടുന്നത്. സഹദേവൻ തന്നോട് അവസാനമായി ചോദിച്ച ആഗ്രഹം ആ സുഹൃദ്സംഗമത്തിൽ പങ്കെടുക്കണം എന്നതായിരുന്നു. പിന്നീട് അധികം ഒന്നും ആലോചിക്കാതെ സതീഷ് ആ ഗെറ്റ് ടുഗെതറിന് പോവാൻ ഒരുങ്ങി. അന്ന് അയാൾ തന്റെ സ്ഥിരം വേഷമായ ഷർട്ടിനും പാന്റ്സിനും വിട നൽകി, വീട്ടിലെ അലമാരയിലിരുന്ന മുണ്ടും ജുബ്ബയും എടുത്തണിഞ്ഞു.

കോളേജിനു മുന്നിലെത്തിയ അയാളെ വരവേറ്റത് കാലങ്ങൾ പഴക്കമുള്ള, തുരുമ്പിച്ച, കോളേജിന്റെ പേര് വിളിച്ചോതുന്ന ബോർഡായിരുന്നു. നടവഴിയിൽ ഒട്ടേറെ പരിചിതമുഖങ്ങൾ അയാൾ പിന്നിട്ടു. പലരെയും തിരിച്ചറിഞ്ഞു. അപ്പോഴേക്കും പലരും അയാളെയും തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു. അവരേവരും അല്പസമയത്തേക്കെങ്കിലും ആ പഴയ കോളേജ് വിദ്യാർത്ഥികളായി മാറി. മിക്കവരും കുടുംബസമേതമാണ് അവിടെയെത്തിയത്, ഭാര്യയുടെയും മക്കളുടെയും കൂടെ.

ഭർത്താവിന്റെയും പിതാവിന്റെയും ചുമതലകൾ മാറിമാറി നിർവഹിക്കുന്ന തന്റെ സുഹൃത്തുക്കളെ അയാൾ അതിശയപൂർവ്വം നോക്കി. മടക്കയാത്രയിൽ മുഴുവനും അയാൾ തന്റെ കലാലയജീവിതത്തിനിടയിലെ ഓർമ്മകൾ അയവിറക്കി. ഓരോ നിമിഷവും വിലമതിക്കാനാവാത്തതായിരുന്നുവെന്ന് അയാൾക്ക് ബോധ്യമായി. അകാലത്തിൽ പൊലിഞ്ഞ തന്റെ ഉറ്റ സുഹൃത്തിന്റെ ഓർമ്മകൾ അയാളുടെ കണ്ണുകളെ ഈറനണിയിച്ചു.

തിരികെ മുംബൈയിലേക്കുള്ള യാത്രയിൽ അയാളുടെ ചിന്ത ഒന്നുമാത്രമായിരുന്നു. താൻ ആർക്കുവേണ്ടിയാണ് ജീവിക്കുന്നത്, ആർക്കുവേണ്ടിയാണ് ഈ സമ്പാദിച്ചുകൂട്ടുന്നത് ഉത്തരമില്ലാത്ത ഈ ചോദ്യങ്ങൾ അയാളെ അസ്വസ്ഥനാക്കി. തന്റെ സഹപാഠികളെ പോലെ ഒരു കുടുംബസ്ഥനാവാൻ അയാളുടെ ഉള്ളിലും മോഹമുണ്ടായി. അതിവേഗം ചീറിപ്പാഞ്ഞിരുന്ന തീവണ്ടിയിലിരുന്ന് അയാൾ ഒരു പുതുജീവിതം സ്വപ്നം കണ്ടു. ജീവിതത്തിന് ഇനിയെങ്കിലുമൊരർത്ഥമുണ്ടാകുമെന്ന പ്രതീക്ഷയോടെ അയാൾ പതിയെ നിദ്രയിലാണ്ടു.

# Moving On



**Pournamy K P**
2nd Year English

I walked by the sea
On a quite, windy night
Holding sand in my hand
Tears fell from my eyes

I felt I was losing something
something that meant a lot to me.
The sand slipped through my fingers,
Like happy moments fading away
Tomorrow I must say goodbye,
A painful good bye,
With tears in my eyes
I'm losing memories that were mine.

But I know I must move on...
Let those memories be my treasure,
But still, I must remember
A new day waiting for me

Life keeps going...........
With good times and bad times
Waving hands disappear
in the distance,
Leaving behind sorrows
and goodbyes.

I must keep going
With new hopes,
New dreams,
Driven by Ambition.



# ചോർന്നൊലിക്കുന്ന മുറി



**Sahla C**
2nd Year Natural Science

ജൂൺ പാതിയായി. തുലാവർഷം തുടങ്ങിയിട്ട് ഇന്നേക്ക് കൃത്യം 20 ദിവസം. പലയിടങ്ങളിലായി പലവിധം കാഴ്ചകൾ. ആദ്യമായി സ്കൂളിൽ പോയി തുടങ്ങിയ കുരുന്നുകളുടെ പലവർണ്ണക്കുടക്കീഴിലെ വിവർണ്ണ മുഖങ്ങൾ. പല ദിക്കുകളിലേക്കായി നെട്ടോട്ടമോടുന്ന കെ.എസ്.ഇ.ബി ജീവനക്കാർ. മഴക്കു മുൻപേ അറ്റകുറ്റപ്പണി നടത്തിയ റോഡുകൾ മേക്കപ്പ് പോൽ ഒലിച്ചു പോയിരിക്കുന്നു. വെള്ളക്കെട്ടുകളിൽ പൊലിഞ്ഞു പോകുന്ന കുരുന്നു ബാല്യങ്ങൾ. മഴയാണോ വെയിലാണോ നല്ലതെന്ന് തീർച്ചപ്പെടുത്താനാവാത്ത വീട്ടമ്മമാർ. ഇടിമിന്നലിൽ പേടിച്ചലറുന്ന നാൽക്കാലികൾ. ഇതിനിടയിൽ കളർ കോഴി കുഞ്ഞുങ്ങളെ പോലെ മലയോരങ്ങളിൽ വിലസുന്ന കോളേജു പിള്ളേർ. കനത്ത മഴയിൽ സ്കൂൾ ഉണ്ടാവുമോന്നറിയാൻ വേണ്ടി മാത്രം കലക്ടറുടെ പേജിൽ ചില നിത്യസന്ദർശകർ. മഴയിൽ നശിച്ച കൃഷിയിനങ്ങളുമേന്തി പരക്കം പായുന്ന കർഷകർ. എന്നത്തേക്കാൾ താൻ സുന്ദരി  മഴയത്തു തന്നെയെന്ന് ചുര വനാന്തരങ്ങൾക്ക് ഉറപ്പു കൊടുക്കുന്നു സന്ദർശകർ.

ഈ കാഴ്ചകൾക്ക് എല്ലാമതീതമായി എന്നെ അലട്ടുന്നത് മറ്റൊരു പ്രതിസന്ധി. ടാർപോളിൻ ഷീറ്റുകൾ എത്ര വലിച്ചുകെട്ടിയിട്ടും നിറഞ്ഞുകവിയുന്ന കുടങ്ങളും കണ്ണീരു വറ്റാത്ത ചുവരുകളും എനിക്കൊപ്പം ഈ മുറിയിൽ. കാർമേഘം മൂടിയത് കാരണം നേരമിതേതെന്ന് കൂടി നിശ്ചയിക്കാനാവാതെ  തനിച്ചീ മുറിയിൽ. ഈ ചോർന്നൊലിക്കുന്ന മുറിയിൽ...





# Time's Relentless FLOW



A relentless current,
flowing ever on,
It shapes our days from
dusk till dawn,

Each think tick a moment,
swiftly gone,
Memories forged,
a path we've drawn.
It heals old wounds,
where shadows fall,
And beckons futures,

standing tall.
A precious gift,
for one and all,
To live and learn,
before the final call



**Ayisha Diya**
2nd Year English

# *The Gift of* NOW



We often don't realize
how precious time is...
until it becomes memory.

The moments we live now
may seem small,
but one day we'll
look back and wish
we could live them again.

Time doesn't wait.
So let's be present,
let's feel laugh, and love -
because today is more
valuable than we know.

"A Moment's Worth"

We don't see the worth of now,
Until it slips away somehow
A smile, a word silent stays -
Will mean the world another day.
So let's not wait to understand,
Time is a gift held in our hand.



**Arafa Noorudheen**
2nd Year English





**Thajna Sherin T P**
2nd Year English

# ONCE FEARED, NOW FADED? THE CHANGING FACE OF TEACHERS

> There was a time when hearing 'the teacher is coming' meant fixing your posture, hiding your mischief, and hoping they didn't ask you a question.

I still remember those school days the quiet before the teacher entered, the way we all straightened up in our seats as if our spines were connected to a sense of duty. There was discipline, yes even a hint of fear but more than anything, there was respect. We didn't just study to pass exams; we studied to avoid letting our teachers down.

In many homes, teachers were spoken about with the same reverence as elders, sometimes even more. They weren't just educators. They were role models. They were authority. They were everything.But as time moved forward, so did everything else. Today's classrooms are different. Today's students are different.
And maybe... teachers are different too.

**From Chalk to ChatGPT**

We're now in a world where learning doesn't begin and end with the school bell. We learn from YouTube, online platforms, and yes sometimes even from ChatGPT. I remember once typing in an essay topic just to get some ideas... and before I knew it, I had a whole draft waiting for me. Was it helpful? Yes. Magical? A bit. But was it truly mine? That's a harder question.

Students today are fast, curious, and tech-smart. We know how to search, swipe, scroll, and skip. We can ask, "What is the Pythagorean Theorem?" and "How to fix a broken heart?" in the same breath and get answers in seconds.

And while that's amazing...
It's also, in a strange way, a little sad.
What We're Missing
There are some things technology can't offer.
It can't sense your hesitation.
It can't spot your silence.
It doesn't know the difference between a wrong answer and a wounded soul.
A good teacher does.
That moment when a teacher says, "You can do this," and you finally believe it?
That's something no screen can give.
That simple act of staying after class not because they have to, but because they want to that's humanity in action.
And no matter how advanced we become, we can't afford to lose that.
The Role That Never Fades

I once saw a teacher walk through the veranda and rushing to classes not for themselves, but for a student. That quiet act of kindness said more than any motivational quote ever could.Today, teachers aren't just there to deliver information. They're navigators, guiding students through a world full of distractions and noise. Their job isn't to be feared anymore. Their job is to be trusted. To be heard. To be remembered.

A Future Full of Possibilities and Questions

We are living through a time of limitless possibility. OpenAI and other platforms are changing what it means to learn. Students can now explore coding, languages, art, and even emotional support right from their phones.

A girl in a small village can now access the same resources as a student in a big city.

A boy who once feared speaking up in class can now build his confidence in private, with the help of a screen.

The world is expanding. Minds are opening. Dreams are getting bolder.

And yet…


Let's not forget the most important part of growing up isn't just what we learn, but who walks beside us as we learn it.

We still need people who see beyond the syllabus.

Who hear what we don't say.Students are thirsting for this.

Who guide not just our minds, but our hearts.

We still need teachers.




We may not stand up anymore when a teacher enters the room.

We may ask Google, ChatGPT,Groke,Gemini before we ask them.

But even so, in every student's life, there is that one teacher

the one whose voice stays with us long after the classroom lights go off.

Lets us not forget to ask the most humanistic question..

# Does a teacher still exist?


# Aപരിചിതർ


മനുഷ്യർ പരസ്പരം ഉള്ള ബന്ധങ്ങൾക്ക് എന്ത് മൊഞ്ചാണല്ലെ.. ജീവിതം അത്രമേൽ മനോഹരമാക്കുന്ന എത്രയെത്ര മനുഷ്യരെയാണ് നാം ദിവസേന കാണുന്നത്. അതിലോരോ മനുഷ്യരും നമ്മുടെ ജീവിതത്തിൽ ചാർത്തിയ കയ്യൊപ്പും വ്യത്യസ്തമാണ്. ഈ മനുഷ്യബന്ധങ്ങൾക്ക് എന്തെങ്കിലും ഉറപ്പുണ്ടോ? തികച്ചും അവിചാരിതമായി തുടങ്ങിയ പല ബന്ധങ്ങളും ഇന്ന് നമുക്ക് അത്രമേൽ പ്രിയപ്പെട്ടതായി മാറിയിട്ടുണ്ടാകും. അല്ലേ...?

കാലചക്രം കറങ്ങുന്നതിനിടയിൽ ഒന്ന് തിരിഞ്ഞ് നോക്കിയാൽ നാം അറിഞ്ഞും അറിയാതെയും മറന്ന എത്ര എത്ര മുഖങ്ങളാണ് മിന്നിമറയുന്നത് . അല്ലെങ്കിൽ നമുക്ക് അത്രയും പ്രിയപ്പെട്ട മനുഷ്യരെയാണ് അത്രയും ലാഘവത്തോടെ നാം മറന്ന് കളഞ്ഞത്. കാലം മായ്ക്കാത്ത ഓർമ്മകളില്ല ...പുതിയ ആളുകൾ വരുമ്പോൾ പഴയ ആളുകൾ പടിയിറങ്ങും ...മനുഷ്യനല്ലേ മാറും മറക്കും ....കാലത്തിന്റെ കുത്തൊഴുക്കിൽ നമ്മളും മാറും ..മറക്കും ...എങ്കിലും നമുക്ക് പറയാം മാറാതിരിക്കട്ടെ ..മറക്കാതിരിക്കട്ടെ ... പ്രിയപ്പെട്ടവരുടെ മനസ്സിൽ ഒരു നനുത്ത ഓർമ്മയായെങ്കിലും അവശേഷിക്കട്ടെ ..



**Mufeeda MP**
2nd Year Physical Science





# കാലത്തിന്റെ കരകൗശലം

ചില നേരങ്ങൾ പടുത്തുയർത്തുന്ന
സൃഷ്ടികൾ ക്ഷണികമാണ്...
ചിലന്തികൾ വല കെട്ടുന്നത് പോലെ..,
അത്രമേൽ സമയമെടുത്ത് ഒത്തിരി
പ്രതീക്ഷയോടെ അവർ സൃഷ്ടിക്കുന്ന
അവരുടെ സൃഷ്ടികൾ മറ്റുചിലരാൽ
തുടച്ചു മാറ്റപ്പെടുന്ന വെറും
മാറാലകൾ മാത്രമാണ്...
പക്ഷെ..! ചിലന്തികൾ അപ്പോഴും
മറ്റൊരിടത്ത്  തന്റെ പുതിയ
പ്രതീക്ഷകൾ
സൃഷ്ടിക്കുന്നതിനായുള്ള
തിരക്കിലാണ്....
നല്ല നേരത്തിനായുള്ള
കാത്തിരിപ്പിലാണ്..



**Deepthaj RB**
2nd Year Mathematics





**Fathima Nasifa A K**
2nd Year English

# ബാല്യത്തിന്റെ കരുതലുറ്റ ഭവനം

ജീവിതത്തിൽ ചില ദിവസങ്ങൾ നമ്മെ മാറ്റി മറിക്കും, പുസ്തകങ്ങൾ പറഞ്ഞുതരാത്ത പാഠങ്ങൾ, ക്ലാസുകൾ പഠിപ്പിക്കാത്ത അനുഭവങ്ങൾ...നമ്മൾ നേരിട്ടുകാണുന്ന സാഹചര്യങ്ങളിൽ നിന്നുമാണ് അവ കിട്ടുന്നത്. അത്തരമൊരു ദിവസമായിരുന്നു കോഴിക്കോട് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സന്ദർശിച്ച ദിവസം. കോഴിക്കോട് വിശ്രമഭവനങ്ങൾക്ക് അകത്ത്, നഗരത്തിന്റെ തിരക്കിൽ നിന്നും മാറി വെള്ളിമാടുകുന്നിലാണ് ചിൽഡ്രൻസ് ഹോം സ്ഥിതി ചെയ്യുന്നത്. മുന്നിലെ ഗേറ്റിൽ എത്തുമ്പോൾ തന്നെ ഇരുവശങ്ങളിലായി വൃക്ഷങ്ങൾ ചാഞ്ഞു കിടക്കുന്നതിന്റെ ഇടയിലൂടെയുള്ള നടപ്പാത ആദ്യമേ മനസ്സിൽ പതിച്ചു. പഴയതും പുതിയതുമായ കെട്ടിടങ്ങൾ ഇടയ്ക്കിടക്കായി സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ അതിന്റെയൊക്കെ ഓരോ ചുമരിനും പറയാനുണ്ട് കരുതലിന്റെയും പരിപാലനത്തിന്റെയും ഒരുപാട് കഥകൾ.അങ്ങനെയൊരു കഥ കേൾക്കാൻ, ഒരു പറ്റം കുട്ടികളുടെ കഥയറിയാൻ വേണ്ടിയായിരുന്നു അവിടുള്ള പതിനാല് സ്ഥാപനങ്ങളിലൊന്നായ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലേക്കുള്ള യാത്ര.

മനുഷ്യ ജീവിതത്തിൽ ബാല്യം എന്നത് ഏറ്റവും വിലപ്പെട്ട ഘട്ടമാണ്. ബാല്യത്തിൽ ലോകം കുട്ടികൾക്ക് ഒരിക്കലും അവസാനിക്കാത്ത കളിസ്ഥലമാണ്, ഓരോ ദിവസവും പുതുമകൾ നിറഞ്ഞൊരു സാഹസിക യാത്രയാണ്. മാതാപിതാക്കളുടെ സ്നേഹത്തിലും കുടുംബത്തിന്റെ കരുതലിലും വളരുന്ന കുട്ടികൾക്ക് ചുറ്റും രക്ഷകവചമേറിയ ഒരു യാത്രയാണ് ജീവിതം. എന്നാൽ എല്ലാ കുട്ടികൾക്കും ആ ഒരു ഭാഗ്യം ലഭിക്കുന്നില്ല. അനാഥത്വം, ദാരിദ്ര്യം, കുടുംബ പ്രശ്നം, സാമൂഹിക അവഗണന എന്നിവ നിരവധി കുട്ടികളെ ബാല്യത്തിന്റെ സന്തോഷങ്ങളിൽ നിന്ന് അകറ്റുകയും അവരെ ഒറ്റപ്പെടലിന്റെ ഇരുട്ടിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇവിടെയാണ് ചിൽഡ്രൻസ് ഹോം രക്ഷാകവചമായി മാറുന്നത്. യാഥാർഥ്യത്തിൽ ജീവിതത്തെ തിരിച്ചുപിടിക്കാനുള്ള പ്രതീക്ഷയുടെ വാതിലാണ് അവിടം എന്നതിൽ ഒരു



സംശയവുമില്ല. അവിടെയെത്തുന്ന കുട്ടികൾക്ക് ഭക്ഷണവും വസ്ത്രവും മാത്രവുമല്ല, വിദ്യാഭ്യാസവും മാനസികാരോഗ്യ സംരക്ഷണവും വിനോദവും കായിക പരിശീലനവും നല്കപ്പെടുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ,കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ഒരു സാമൂഹിക വേദി. അനാഥരായതോ കുടുംബപരമായ പിന്തുണ നഷ്ടപ്പെട്ടതോ ആയ നിരവധി കുട്ടികൾക്ക് അഭയം നൽകുന്നതോടൊപ്പം തന്നെ അവരുടെ ഭാവിയെ ഒരു ഉജ്ജ്വല ദിശയിലേക്ക് നയിക്കാനും സ്ഥാപനത്തിന്റെ പങ്ക് വളരെ വലുതാണ്.


കേരളത്തിലെ ചിൽഡ്രൻസ് ഹോമുകളുടെ വികസന ചരിത്രം സമൂഹത്തിന്റെ കരുതലിന്റെയും സർക്കാരിന്റെ ഇടപെടലിന്റെയും സംയുക്തഫലമാണ്. കോഴിക്കോട് ചിൽഡ്രൻസ് ഹോമും ഇതിന് തെളിവാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ അനാഥരും കുടുംബരഹിതരുമായ കുട്ടികളുടെ സംരക്ഷണം ഒരു സാമൂഹിക ബാധ്യത മാത്രമല്ല സർക്കാരിന്റെ ഉത്തരവാദിത്വവുമാണെന്ന തിരിച്ചറിവ് ശക്തമായി മുന്നോട്ട് വന്നു. അതുപ്രകാരം കേരള സർക്കാർ സാമൂഹ്യ ക്ഷേമ വകുപ്പ് (Social Justice Department) വഴി ചിൽഡ്രൻസ് ഹോമുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയെ സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്തു. കാലക്രമേണ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിരവധി നിയമങ്ങളും പദ്ധതികളും നടപ്പാക്കി. Juvenile Justice Act,Child Rights Commission എന്നിവയിലൂടെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമപരമായ അടിത്തറ ഉറപ്പിച്ചു. ഇന്ന് കോഴിക്കോട് ചിൽഡ്രൻസ് ഹോം സർക്കാരിന്റെ നിയന്ത്രിത സ്ഥാപനമായി; സ്ഥിരമായ ധനസഹായവും, പരിശീലനം നേടിയ ജീവനക്കാരുടെയും അധ്യാപകരുടെയും സേവനങ്ങളും നേടി പ്രവൃത്തിക്കുന്നു.

താമസ സൗകര്യം, വിദ്യാഭ്യാസം, ഭക്ഷണം, ചികിത്സ, മാനസിക പിന്തുണ തുടങ്ങി കുട്ടികളുടെ സമഗ്ര വികസനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ആരോഗ്യകരമായ ഭക്ഷണം, ശുദ്ധജലം, ആരോഗ്യ പരിശോധനകൾ, അടിസ്ഥാന മരുന്ന് വിതരണം എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകപ്പെടുന്നു. കുട്ടികൾ സമീപത്തുള്ള സർക്കാർ /സഹകരണ സ്കൂളുകളിൽ പഠിക്കുകയും അവിടെത്തന്നെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ട്യൂഷൻ ക്ലാസ്സുകളും സ്വയം പഠന സൗകര്യങ്ങളും നൽകപ്പെടുന്നുണ്ട്. വിദ്യാഭ്യാസത്തിനൊപ്പം വിനോദ കായിക പ്രവർത്തനങ്ങൾ, കലാപരിപാടികൾ ,യാത്രകൾ തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവുകളും ചിന്താശേഷിയും വളർത്തുന്നു. അതുപോലെത്തന്നെ കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിനായി കൗൺസിലിംഗ് സേവനങ്ങൾ സംഘടിപ്പിക്കുന്നുമുണ്ട്. ദേശീയ ദിനാചരണങ്ങൾ, ആഘോഷങ്ങൾ, സാമൂഹിക ദിനങ്ങൾ എല്ലാം കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി ആഘോഷിക്കപ്പെടുന്നു, ഇതുവഴി അവരിൽ ഐക്യബോധവും സാമൂഹിക ബോധവും വളരുന്നു,വൈകുന്നേരങ്ങളിൽ കുട്ടികൾക്ക് കായികവിനോദങ്ങളിൽ ഏർപ്പെടാനും ലൈബ്രറിയിൽ ഇരുന്ന് പുസ്തക വായന നടത്താനും അവസരം ലഭിക്കുന്നുണ്ട്.

ചിൽഡ്രൻസ് ഹോമിലെ അടിസ്ഥാന സൗകര്യങ്ങൾ കുട്ടികളുടെ സുരക്ഷിതത്വവും സമഗ്രമായ

വികസനവും ഉറപ്പിക്കുന്ന രീതിയിലാണ് ക്രമീക രിച്ചിട്ടുള്ളത്. കുട്ടികൾക്കായി വെളിച്ചമുള്ള മുറികൾ, വായനയ്ക്കായുള്ള ലൈബ്രറി, പഠനത്തിനുള്ള ടേബിൾ, കസേര, വിശ്രമത്തിനും ഉറക്കത്തിനും വേണ്ടിയുള്ള ബെഡ്, ഇൻഡോർ ഗെയിംസിനായി പ്ലേ റൂം,ടി വി സൗകര്യം, ഭക്ഷണം കഴിക്കാനായി ഭക്ഷണ മുറി, കായികപരിശീ ലനത്തിനും വിനോദത്തിനുമായി മൈതാനം എന്നിവ ഇവിടെ ഒരുക്കിയിട്ടുണ്ട്. ആരോ ഗ്യകരമായ ഭക്ഷണം പാകംചെയ്യാനായി അടുക്കളയും ശുദ്ധഭക്ഷണവും വെള്ളവും ഉറപ്പാക്കുന്നതിനായി സംവിധാനങ്ങളും ഉണ്ട്. നിലവിൽ തികച്ചും അനാഥരായിട്ടുള്ള 19 പേരാണ് ഉള്ളത്. 6-18 വയസ്സുള്ള ആൺകുട്ടികളാണ് ഇവരിൽ പെടുന്നത്. സർക്കാരിന്റെ സഹാ യത്തിനൊപ്പം പല സന്നദ്ധ സംഘടനകളും വ്യക്തികളും സ്ഥാപനത്തിന് പിന്തുണ നൽകി വരുന്നു. പഠനോപകരണങ്ങൾ,വസ്ത്രങ്ങൾ, പുസ്തകങ്ങൾ, ഭക്ഷണസാധനങ്ങൾ എന്നിവ എത്തിക്കുന്നവർ ധാരാളമുണ്ട്.





സ്കൂൾ പ്രവൃത്തി ദിവസമായതിനാൽ എല്ലാ വിദ്യാർത്ഥികളെയും കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാലും, അവിടെ കണ്ട കുട്ടികളുടെ ചിരികളും പ്രതീക്ഷകളും ജീവിത ത്തെക്കുറിച്ചുള്ള പുതിയ ബോധവും സാമൂഹിക ഉത്തരവാദിത്വത്തിന്റെ പ്രാധാന്യവും ഉണർത്തി. ഇവിടെ പ്രവർത്തിക്കുന്ന ജീവനക്കാർ, അധ്യാപകർ, കൗൺസിലർമാർ എല്ലാം അവരുടെ സമർപ്പിത സേവനത്തിലൂടെ കുട്ടികളുടെ വളർച്ച യ്ക്കും സുരക്ഷയ്ക്കും പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുന്നു എന്നുമാത്രമല്ല കുട്ടികളുടെ ഭാവിയെ സൃഷ്ടിക്കാനുള്ള ഒരു പ്രതീക്ഷയുടെ വെളിച്ചവും കൂടെ പകരുകയാണ്. ഇവിടെ സൂപ്രണ്ട് ഉസ്മാൻ സാറിന്റെ പേര് പറയാ തിരിക്കാൻ കഴിയുന്നില്ല. കരുതലും സ്നേഹവും കൊണ്ട് ദിനരാത്രാനുസൃതമായി കുട്ടികളുടെ മേൽനോട്ടം വഹിച്ച് സ്നേഹപൂർവ്വം മുന്നോട്ടുകൊ ണ്ടുപോകുന്ന അദ്ദേഹം അവിടുത്തെ നെടും തൂണെന്നു തന്നെ നമുക്ക് വിശേഷിപ്പിക്കാം. ഇനി മുന്നോട്ടും അവരുടെ ഒരു പുഞ്ചിരി,ഒരു സൗഹൃ ദവാക്ക് എല്ലാം കുട്ടികളുടെ ഭാവിയെ പ്രതിഫലിപ്പിക്കുന്ന ഒരു പ്രകാശമായി മാറട്ടെ.




**Anjana Snora T**
2nd Year Social Science


# നീയും ഞാനും

എന്നിൽ ഞാൻ നിന്നെ കാണുന്നു
നമ്മിൽ നാം നമ്മെ കാണുന്നു
നീ എന്നിൽ ഒരു വികാരമായി മാറുന്നു.
നിന്നെ പിരിയുന്ന നിമിഷം ഭ്രാന്തമാം
ചിന്തകൾ എന്നെ തലോടുന്നു.
സ്നേഹമാം നൗകയിൽ നീ
എന്നെ ചേർത്തപ്പോൾ എന്നിലെ
മൂകമാം മനസ്സ് എന്തോ കൊതിച്ചു.
നീ പടിയിറങ്ങുന്ന ആ നിമിഷം
എന്നിലെ ഞാനോ ചിതയിലെരിയുന്നു.



# The Shape of TIME



**Rajila Sherin**
2nd Year English

Time is a whisper, soft and thin,
A thread of light beneath the skin,
It walks with neither foot nor face,
But bends all things in silent grace.

It carves the stone, it bends the tree,
It parts the stars and folds the sea,
It marks the child with lines of age,
And turns the blank page in its cage.

You cannot hold it in your hand,
Nor stop its fall like grains of sand,
It slips through clocks and open doors,
A ghost that glides across the floor.

It heals, it haunts, it hides, it steals,
It tests what love or truth reveals,
Yet still we chase it, run, implore
To have a little, just once more.

But Time is not a foe nor friend,
It simply moves, it doesn't end.
So breathe it in, this fleeting rhyme,
And live the now-your shape of Time.





# ചോരയുറ്റുന്ന മുനമ്പുകൾ



**Fairoossa P**
2nd Year Physical Science

> 'ലോകത്ത് യുദ്ധം
> ഇല്ലാതാവണമെങ്കിൽ സ്ത്രീ പുരുഷ
> ജാതി മത ഭേദമന്യേ സർവർക്കും
> പരമ രസികൻ വരട്ടുചൊറി വരണം.
> ചൊറിയുന്നിടത്ത്
> മാന്തുന്നതിനേക്കാൾ
> സമാധാനപൂർണമായ ഒരാനന്ദവും
> ലോകത്ത് വേറെയില്ല'
>
> വൈക്കം മുഹമ്മദ് ബഷീർ

ദൈവം എന്ന ഒന്നുണ്ടെങ്കിൽ, മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാണെങ്കിൽ, അതിന്റെ പേരിൽ ദൈവം ഇന്ന് ദുഖിക്കുന്നുണ്ടാവാം. ഈ ഭൂമിയിൽ മനുഷ്യന് ജീവിക്കേണ്ട സർവമാന വിഭവങ്ങളും ഒരുക്കിവെച്ചിട്ടും പരസ്പരം കലഹിച്ചും, യുദ്ധം ചെയ്തും ദുരിതമനുഭവിച്ചും, വിശന്നും കരഞ്ഞും മരിച്ചുപോവേണ്ട അവസ്ഥ ഈ ജന്മങ്ങൾക്ക് ഉണ്ടായല്ലോ എന്നോർത്ത് ദൈവം കരഞ്ഞിട്ടുണ്ടാവാം.

യുദ്ധം ലോകത്ത് അവശേഷിപ്പിക്കുന്നത് വേദനയുടെയും ദുരിതങ്ങളുടെയും ചിത്രം തന്നെയാണ്. ഒരു യുദ്ധം കൊണ്ടും ഇതുവരെ ആരും വിജയിച്ചിട്ടില്ല. ലോകം തോറ്റു പോയിട്ടേ ഉള്ളൂ . മനുഷ്യകുലം ചെയ്ത വലിയ ദ്രോഹം എന്താണെന്നു വെച്ചാൽ തന്റെ രാജ്യത്തിനുവേണ്ടി, തന്റെ മതത്തിന് വേണ്ടി , അല്ലെങ്കിൽ തന്റെ രാഷ്ട്രീയ പാർട്ടിക്ക് വേണ്ടി ചെയ്യുന്ന യുദ്ധങ്ങൾ വിശുദ്ധമാണ് എന്ന് കാലാകാലങ്ങളായി മനുഷ്യരെ വിശ്വസിപ്പിച്ചു എന്നതാണ്. അതായത് ഒരു രാജ്യത്തുള്ളവർ മറ്റൊരു രാജ്യത്തുള്ളവരെ കൊന്നൊടുക്കുമ്പോഴും, തിന്മയെ നന്മയായി ചിത്രീകരിക്കാൻ കഴിഞ്ഞു എന്നുള്ളതാണ്.

നമ്മൾ ചരിത്രം പഠിക്കുമ്പോൾ യുദ്ധത്തിൽ വിജയിച്ച രാജാക്കന്മാരെ ചരിത്രപുരുഷന്മാരായാണ് കാണാറുള്ളത്. പക്ഷേ പിഞ്ചുകുഞ്ഞുങ്ങളെയും ഗർഭിണികളെയും അടക്കം ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കി നേടുന്ന വിജയം എങ്ങനെയാണ് വിജയമാവുന്നത് എന്നതാണ് മനസ്സിലാക്കാനാവാത്തത്. ഈ ഭൂമിയിൽ എവിടെയും അതിർത്തികൾ ആരും വരച്ചിട്ടുണ്ടായിരുന്നില്ല, നമ്മൾ മനുഷ്യർ വരച്ചു. നമ്മൾ മനുഷ്യർ തന്നെ മതത്തിന്റെ പേരിൽ മനുഷ്യരെ വേർതിരിച്ചു. നമ്മൾ മനുഷ്യർ തന്നെ രാഷ്ട്രീയ പാർട്ടികളുണ്ടാക്കി വേർപിരിഞ്ഞ് പട വെട്ടാൻ തുടങ്ങി. അധികാരവും സമ്പത്തും ആഗ്രഹിക്കുന്നവരാണ് ഇതൊക്കെ പടച്ചുവിടുന്നത്. അവരിപ്പോഴും സുരക്ഷിതരായി അവരുടെ മേടയിലാണ്. കൊന്നൊടുക്കപ്പെടുന്നതും അതുപോലെ വഴിയാധാരമാക്കപ്പെടുന്നതും നിഷ്കളങ്കമായ എത്രയോ കുഞ്ഞുങ്ങളും സൈനികരും അവരുടെ കുടുംബങ്ങളും ഒക്കെ അടങ്ങുന്ന സാധാരണ മനുഷ്യരാണ്.

യുദ്ധത്തെ ദു:ഖം എന്നു മാറ്റി വിളിച്ചത് വിഖ്യാത എഴുത്തുകാരൻ ഒ.വി.വിജയനാണ്. ഇതാ വീണ്ടുമൊരു വലിയ ദു:ഖം കനത്ത നാശനഷ്ടങ്ങളായി പെയ്യുന്നു. ഹമാസ് ഇസ്രയേൽ ആക്രമണ പ്രത്യാക്രമണങ്ങളിൽ ആ മേഖലയുടെയും പശ്ചിമേഷ്യയുടെയും മാത്രമല്ല, ലോകത്തിന്റെ ആകെ സമാധാനമാണ് നഷ്ടമാകുന്നത്. കനത്ത നാശനഷ്ടങ്ങളുണ്ടാക്കി, ബഹുമുഖ ആക്രമണങ്ങളുമായി ഇരുകൂട്ടരും മുന്നോട്ട് നീങ്ങുന്നത് രാജ്യാന്തര സമൂഹത്തിന്റെ നെഞ്ചിടിപ്പ് കൂട്ടുന്നതായിരുന്നു.

ഓരോ നിമിഷവും ഉയരുന്ന മരണക്കണക്കുകൾ, പരിക്കേറ്റു കരയുന്നവർ,വിശപ്പിനോട് മല്ലിടുന്നവർ, തകർന്നു വീഴുന്ന സ്വപ്നങ്ങൾ....ഇസ്രായേൽ ഹമാസ് സംഘർഷത്തിനു മുന്നിൽ ലോകത്തിന്റെ കണ്ണീരിന് ഇപ്പോൾ ചോരയുടെ നിറമാണ്.

എന്തിനു കൊല്ലുന്നു ഗാസയിലെ കുഞ്ഞുങ്ങളെ.....???

പലസ്തീൻ മണ്ണിലെ സയണിസ്റ്റ് അധിനിവേഷത്തിന്റെ ക്രൂരതയ്ക്ക് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്.പിറന്ന മണ്ണിൽ നിന്ന് ഓരോ ഘട്ടങ്ങളിലായി നിരപരാധികളായ മനുഷ്യരെ ആട്ടിയിറക്കുന്നു. 21 ലക്ഷത്തിൽപരം പലസ്തീൻകാർ തങ്ങുന്ന ഗാസയുടെ ഒരു തുണ്ടു ഭൂമിപോലും ആ മനുഷ്യർക്ക് നൽകില്ലെന്ന ഇസ്രായേലിന്റെ പ്രഖ്യാപിത തീരുമാനം ലക്ഷ്യത്തിലെത്തിക്കാനുള്ള അന്തിമ കടന്നാക്രമണമാണ് ഇപ്പോൾ ലോകം നിസ്സംഗമായി കണ്ടു നിൽക്കുന്നത്.

ഗാസ ആരോഗ്യമന്ത്രാലയത്തിന്റെ ഔദ്യോഗിക റിപ്പോർട്ടുകൾ പ്രകാരം കൊല്ലപ്പെട്ടവരിൽ 51 ശതമാനവും കുട്ടികളാണ് എന്നതാണ് നടുക്കുന്ന യാഥാർഥ്യം സ്ത്രീകളും കുട്ടികളും ചേർന്നാൽ 70 ശതമാനം.

ലോകത്തിലെ ഏറ്റവും വലിയ ജയിൽ എന്ന വിശേഷണമുള്ള ഗാസ ഇപ്പോൾ ഭൂമിയിലെ ഏറ്റവും വലിയ ശവപ്പറമ്പാണ്. പതിനായിരക്കണക്കിനു കുഞ്ഞുങ്ങളെ കൂട്ടത്തോടെ പട്ടിണിക്കിടുക, വിശന്നുവിതുമ്പുന്ന പിഞ്ചുബാല്യങ്ങളുടെ കരച്ചിലിനെ ലക്ഷ്യമാക്കി ബോംബുകൾ വർഷിക്കുക...ഇതിനേക്കാൾ വലിയ ക്രൂരത ചരിത്രത്തിൽ അരങ്ങേറിയിട്ടുണ്ടാകുമോ...?
'ഞങ്ങളെ എന്തിനു കൊന്നു' എന്ന ചോദ്യത്തിന്, ഗാസയിൽ മരിച്ചു വീഴുന്ന ഓരോ കുഞ്ഞിനോടും ഇസ്രായേലിന്റെ കൊടും ക്രൂരതയിൽ ലോകം ഉത്തരം പറയേതുണ്ട്.



കുഞ്ഞുങ്ങളെ കൊല്ലരുതെന്ന് വിളിച്ചുപറയാൻ അസംഗ്യം പ്രകടനങ്ങൾ നടത്തിവരുന്ന ഗതികേടിലാണ് ലോകം. എന്നിട്ടും ഒന്നും കേൾക്കാതെയും ഒന്നും കാണാതെയും ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ തന്ത്രപരമായി ചലിക്കുന്ന രാജ്യങ്ങളും നേതാക്കളും കൂട്ടക്കൊലയ്ക്ക് കൂട്ടുന്നിൽക്കുന്ന വരാണെന്ന് ചരിത്രം വിധിക്കും.
“മനുഷ്യനായി തീർന്നവൻ മണ്ണോട് ചേരേണ്ടവൻ.
എന്നിട്ടും ഭൂമിയിൽ യുദ്ധക്കൊതിയുമായി ഇനിയുമെത്ര നാൾ
കാട്ടാളക്കൂട്ടമേ നിർത്തുവിൻ ഈ ചോരക്കൊതി. ”

# ഒരു നഷ്ടപ്രണയത്തിന്റെ ഓർമ്മയ്ക്ക്



**Ajanya Chandran**
2nd Year Social Science

ഒരു പുഞ്ചിരി നീ നൽകിയെങ്കിലും
നിൻ നിറപുഞ്ചിരി ഞാൻ കണ്ടു
ഒരു നോട്ടം നീ നോക്കിയില്ലെങ്കിലും
നിൻ നിറമിഴി തഴുകുന്നുവെന്നറിയുന്നു.
നാമൊന്നും പറഞ്ഞില്ലെങ്കിലും
മൗനത്തിൻ വാചാലത നാമറിയുന്നു.
ആർക്കുവേണ്ടിയെന്നറിയാതെ നാമിന്നും
ഞാനും നീയുമായി തുടരുന്നു.
ഓർമകൾ പങ്കുവയ്ക്കാനൊന്നുമില്ലല്ലോ
നമ്മുടെ സ്വപ്നങ്ങളെല്ലാം ശൂന്യമല്ലേ
വെറുതെയാണെന്നറിഞ്ഞിട്ടും നാമിന്നും
നിരർത്ഥമാം കനവുകൾ നെയ്യുന്നു.
ഒരിക്കലും വിടരാത്ത പൂവിനുവേണ്ടിനാം
വെറുതെ മോഹിക്കുന്നുവെന്നോ?

ഇന്നും നമുക്കില്ലാരു
വസന്തമെന്നറിഞ്ഞിട്ടും
ഋതുവിൽ കാലൊച്ച നാം
വെറുതെകൊതിക്കുന്നു
എങ്കിലുമെങ്കിലും നീയെനിക്കിന്നും
എൻഹൃദയത്തിൽ
വീണാതന്ത്രിയല്ലേ.....



# വൈകുന്നേരം




അയാൾ മധുരമായൊന്ന് ചിരിച്ചു. Saffron നിറമുള്ള സാരിയുടുത്ത അവൾ തൊട്ടടുത്തു തന്നെ കസേരയിൽചാരി ഇരുന്നു. ചായ table ൽ വന്നു. അപരിചിതമായ രണ്ടു പേർ മനപ്പൂർവം പരസ്പരം കണ്ണുകളുടക്കി, സംസാരിക്കാൻ ശ്രമിച്ചു. പതിയെ പതിയെ ചിരിച്ചു കൊണ്ടവർ തുടങ്ങി. ഒന്നും പറയാൻ കഴിയാതിരുന്നിട്ടും.... അവനവളെ ഒന്നിച്ചു നടക്കാൻ വിളിച്ചു. കുറച്ചധികനേരം അവർ നടന്നു. പതിയെ വഴിയിൽ കണ്ട ഓരോന്നും അവർക്കിടയിൽ കഥകളായി. തണുത്ത കാറ്റും അവളുടെ നിലയ്ക്കാത്ത സംസാരവും അവനെ നടക്കാൻ പ്രേരിപ്പിച്ചു. അന്ന് കാരണങ്ങളില്ലാതെ അവൻ കൂടുതൽ ഭംഗിയായി ചിരിച്ചു. അപ്പോഴൊക്കയും അവൾ അവളാകുകയായിരുന്നു. അങ്ങനെ അവിടെ ഒരു വൈകുന്നേരം മനോഹരമായി.

എപ്പോഴൊക്കെയോ...... സംസാരിക്കാൻ വേണ്ടി മാത്രം അവനും, മാഞ്ഞു തുടങ്ങിയ പകലു കാണാൻ അവളും വന്നുകൊണ്ടേയിരുന്നു.... ഒരു കഥയിൽ എന്ന പോലെ..



**Jyothika E**
2nd Year Social Science



# Time Doesn't Heal. It Watches.



**Marwa Muhammad**
1st Year English

The fan had stopped spinning.
Maybe hours ago. Maybe last night.
The air hung still.
The sun had climbed high, but I hadn't moved.
Not out of sleep —
but the weight that clings to your bones when you've been fighting shadows that no one else
sees.
Sixteen hours since I last ate.
I didn't care. Hunger isn't urgent anymore.
Not when your body forgets it deserves softness.
The blinds creaked as I pulled them open.
Outside, the sun hid behind grey.
Even light avoided me now.
But the old man across the verandah didn't.
His eyes scanned me the way time scans women —
without shame,
without pause.

I brushed my teeth with a brush far too old.
The kind of object you stop replacing when the days blur together.
There's no mirror in my bathroom.
I took it down.

I couldn't bear the sight of her —
the girl who still lives here, but doesn't know where she went.
Downstairs, the pots were already scraped clean.

My brother had eaten.
He always eats.
As if his hunger matters more.
As if mine was optional.

No one asked if I had eaten.
They never do.
Girls like me were taught to serve, not consume.
To wait until everyone else is full,
even if our bellies cave in.

So I climbed back upstairs.
Hollow stomach, overflowing mind.
A night's worth of tears sat beneath my skin,
undrained but dried.

No one notices girls like me until we break something.
Then suddenly, we're loud.
We're wrong.
We're ungrateful.

So I break in silence.
Quiet slaps to my own face,
just enough to keep the rage caged.
It's safer to bruise inward
than to beg for understanding from people who will never try.

They say time heals.
But time never touched me.
It only watched.

It watched me forget joy.
Forget meals.
Forget how it felt to want anything.
I once loved cooking. Drawing.
Writing.

Now I scroll endlessly,
just to mute the thoughts that echo
louder than any room.

I eat in bursts—too much, then not at all.
Trying to fill something time keeps hollowing out.

I sleep in fragments.
Dream in screams.
Feel things that don't exist
and see things I can't name.

This house was never a home.
Just a place to be reminded
that I was always too much or never enough.

My degrees gather dust.
My ambitions feel like clothes I've outgrown but can't throw away.
I'm surrounded by people,
but lonelier than I've ever been.

Time didn't carry me forward.
It left me behind,
looping the same hour over and over —
wake, ache, retreat, repeat.

This is time.
Not passing, not healing —
just circling.
Just watching.
Just… there.

And I wonder if I'll ever step out of it,
or if I was meant to live forever in this one,
unforgiving hour.



**Safana KP**
2nd Year Mathematics

# നേരം

നേരം, നിൻ ഗതി വേഗമെന്തോ?
നിമിഷം പോൽ പായും നിഴലുകളോ
പുലരിയിൽ പൊൻ കതിർ നീട്ടും നേരം,
സന്ധ്യയിൽ മായും നിറങ്ങളോ?

ഒഴുകിയോടും പുഴ പോലെ നീ,
അലകളായ് മാറും ഓർമ്മകൾ നീ
കൈക്കുമ്പിളിൽ നിന്നെടുക്കാൻ നോക്കി ഞാൻ,
മണൽത്തരിപ്പോൽ മായും നിൻ രൂപം

ഓരോ മാത്രയിലും പുതുജീവനായ്
ഓരോ മാത്രയിലും പുതു സ്വപ്നമായി
വരും നേരം, പോവും നേരം,
മായുന്നീ ജീവിതം, നേരം!

കാത്തിരിപ്പൂ ഞാൻ, നിൻ ഓരോ നേർക്കും
അണയാത്ത ദീപം പോൽ മനസ്സുമായ്
നേരം, നീയെത്ര നിഗൂഢമീ ലോകത്ത്,
എങ്കിലും നീയാണെൻ വഴികാട്ടി





# സാക്ഷി





ഘടികാരസൂചിയുടെ
ഹൃദയതാളത്തിൽ
നിമിഷങ്ങളോരോന്ന
ടർന്നു വീഴുന്നു...
കാലപ്രവാഹത്തിന്റെ
കണികകളിലൊക്കെയും
ചലന പ്രഹേളികയുടെ
ഭ്രൂണം മയങ്ങുന്നു..
നേരിന്റെ നിറവായ്
നിലക്കാതെ നീങ്ങുന്ന
നേരമാണേതിനും ഏകസാക്ഷി.
തുടക്കമില്ലാതെയും, ഒടുക്കമില്ലാതെയും
അനസ്യൂതമൊഴുകുന്ന സത്യമൊന്ന്..



**Smitha PC**
Asst. Professor
Mathematics

# കാത്തിരിപ്പിന്റെ ഖബറും ജന്നാത്തിന്റെ വാതിലും





**Arshina P P**
2nd Year Social Science

പഠിപ്പാതയിലായ്  പടർന്നൊരു മൊഴിയായ്,
നോക്കു ചേർന്നൊരു നിമിഷം പ്രണയമായി
കൈത്തൊട്ടരികിൽ  വന്നു നിന്ന നിൻ ചിരി,
ഹൃദയത്തിൽ താളമിട്ടു പെരുമഴയായി.

എട്ടു വർഷം കാത്തു നിന്നെ,
ഒറ്റ നേർ വഴിയിലായിരുന്നു ഞാൻ,
വാക്കുകൾക്കൊക്കെ വിതഞ്ഞു സ്നേഹം,
വരിക എന്നൊരു പാട്ടായിരുന്നു ഞാൻ.

പ്രണയമെന്നൊരു  തീരം തേടി
പ്രപഞ്ചം മുഴുവൻ നമുക്ക് വഴി വച്ചു.
ഒരുതാരത്തിൽ നിന്നും പിറന്നതുപോലെ
ഒരുക്കിയ സന്ധ്യയിൽ നാം വിവാഹമാക്കിയൂ....

ഒരു കൈ പിടിത്തം...
പിറവിയിലേക്കുള്ള പാത,
ഞാൻ അമ്മയായി, നീ പിതാവായി,
ഒൻപതാം മാസം പൂക്കളായി പൂത്തി,
ഉടലിലായ് നീ പന്തലായി.


പക്ഷെ നിമിഷങ്ങൾക്കിടയിൽ കല്ലായി നീ,
ഉംസലാലിന്റെ മണ്ണിൽ കരഞ്ഞവനായി
അവസാനം കേട്ടത്  മരിച്ചുവെന്നു മാത്രം,
നിന്റെ ശബ്ദം വാടിയൊരു നിഴലായി.

എന്നും ഞാൻ കാണുന്നത് കബറിലേക്കാണ്,
അവിടെ പൂക്കുന്ന നിന്റെ ഓർമ ചുറ്റി.
എന്നുമൊരു കൈത്താങ്ങായി ജീവിച്ചവൻ,
ഇനി നിശബ്ദമായ ഒരു നാൾവഴി

എങ്കിലും ഞാൻ കരയുന്നില്ല,
മനസ്സിൽ മാത്രം ,
എന്റെ വയറ്റിൽ ഒരു പ്രഭാതം .
കുഞ്ഞിന്റെ കൺമണി നീയെന്നുവെച്ച്
കാത്തിരിപ്പ് കൊണ്ട് ഞാൻ ആലയം.

നാളെ ജന്നാത്തിൽ വീണ്ടും കാണാം,
വിരഹത്തിന്റെ വെളിച്ചത്തിൽ കൈ കൊടുക്കും.
ഇന്ന് ഞാൻ കബറിലേക്കാണ് നോക്കുന്നത്,
പക്ഷെ ഹൃദയം ജന്നാത്തിലേക്കാണ് ഓടുന്നത് .





# റുബിക്സ് ക്യൂബ്



**Archana UV**
2nd Year Social Science

ഐ സി യുവിന്റെ തണുപ്പിൽ ഉറങ്ങുന്ന അപ്പ എന്റെയുള്ളിൽ തണുത്ത് മരവിച്ചു കിടന്നു. മകരമാസത്തെ മഞ്ഞിനും ഇടവപ്പാതിയുടെ പകുതിയിലുമൊക്കെ നെഞ്ചത്ത് കിടത്തിയുറക്കിയിരുന്നത് അപ്പയായിരുന്നു. രാവിലെ എട്ട് കഴിഞ്ഞിട്ടും ഞങ്ങളെണീറ്റില്ലേൽ 'നേരം വെളുത്തതൊന്നും കാണാല്ല്യേ എണീക്ക് ഇത് എത്ര നേരായീന്നാ ഞാൻ വിളിക്കണേ!" അമ്മ ഉറക്കെയുറക്കെ പാത്രങ്ങളോട് മല്ലിട്ട് വിളിച്ചോണ്ടിരിക്കും. മീനുമോൾക്ക് അമ്മയെ പേടിയാണേലും ഉറക്കത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കൊന്നും അവൾ തയ്യാറായിരുന്നില്ല. പക്ഷേ എല്ലാ ഉറക്കങ്ങളെയും വീണ്ടും വീണ്ടും ഉറക്കി അപ്പ പറയും കുട്ടികള് കുറച്ച് നേരം കൂടി കിടന്നോട്ടെ നീയൊന്നടങ്ങ് രാവിലെ ആയിട്ടല്ലേയുള്ളൂ.

രാവിലെയുള്ള അങ്കം കഴിഞ്ഞ് പോണ അപ്പ വൈകീട്ട് ആറര ആവുമ്പോഴേക്കും മിഠായിപൊതികളോ രാമേട്ടന്റെ കടയിലെ ചൂട് പരിപ്പുവടയോ ഒക്കെക്കൊണ്ടാണ് വരാറ്. മീനൂ.. ജോണേ.. അപ്പവരുമ്പോഴേ അറിയാം! ഓടിവന്ന് മിഠായി പൊതി വാങ്ങലും അപ്പയ്ക്ക് ചായ എടുത്തു കൊടുക്കുന്നതുമെല്ലാം മീനുവാണ്. ചായകുടിച്ച് കുളീം കഴിഞ്ഞ് രാമേട്ടന്റെ കടേല് അയലത്തെ ചേട്ടന്മാരൊക്കെ കൂടെ റമ്മികളിയും - വർത്താനോം ഒക്കെയാണ്. രാത്രി തിരിച്ചു വന്നാൽ ചോറുരുളകൾ ഞങ്ങക്ക് തരുന്നതും ഉറക്കുന്നതുമൊക്കെ അപ്പ ഒരു ജോലിക്കാരന്റെ കൃത്യനിഷ്ഠതയോടെ ചെയ്യുമായിരുന്നു. അങ്ങനെയിരിക്കെയാണ് ഒരു ദിവസം അമ്മയും അപ്പയും പത്രം വായിച്ചോണ്ടിരിക്കുമ്പോ എന്റെ കണ്ണടയെന്തേ നീ കണ്ടേർന്നോ ? എവടെ വെച്ചാവോ പറഞ്ഞ് ആന്തല് കൂട്ടുന്നത്, കൂടെ ഇരുന്ന് കുടുകുടാ ചിരിക്കുകയാണ്. അമ്മ എന്തോന്ന് മനുഷ്യാ നിങ്ങടെ മുഖത്തിരിക്കണെ കണ്ണട എവ്ടെ പോവാൻ.. അമ്മയതത്ര കാര്യമാക്കിയില്ല ഞങ്ങളും! പോകെ പോകെ അപ്പയുടെ ചെയ്തികളിലൊക്കെ ക്രമമില്ലാത്ത ഒരു ചരട് പ്രത്യക്ഷപ്പെട്ടു തുടങ്ങി. പേരുകളും സ്ഥലങ്ങളും ജോലിയുമെല്ലാം അപ്പയിൽ നിന്നും പതിയെ മാഞ്ഞു പോയി. മീനു ക്ലാസ് കഴിഞ്ഞു വരുമ്പോ അപ്പ ഉമ്മറത്തുണ്ട് അപ്പാന്ന് വിളിച്ച് അപ്പയ്ക്ക് നേരെ വന്ന മീനുവിന് നേരെ ആരാണെന്ന് അപ്പ എറിഞ്ഞു. അത്രപന്തിയല്ലാതെ വീണ്ടും എന്താ? ആരാ? തുടങ്ങിയ ചോദ്യങ്ങൾ കനത്തു നിന്നു. മീനുവിനു ചുറ്റും നിശബ്ദതയുടെ ഒരു മഞ്ഞു പാളി അവിടവിടയായി തണുത്തുറയുകയായിരുന്നു.

ഓടിവന്ന് അമ്മയെ കെട്ടിപിടിച്ച് എന്താ എൻ്റപ്പക്ക് പറ്റീതെന്ന് ചോയ്ക്കുമ്പോ അമ്മ ആശ്ചര്യത്തോടെ വിറങ്ങലിച്ചു നിന്നു. നീ ഇതെന്താ പറയണേ, അപ്പയ്ക്ക് എന്ത് പറ്റാൻ... അടക്കാനാവാത്ത ഏന്തലോടെ അവൾ വീണ്ടും തുടർന്നു. ഞാന വ്ട്ന്ന് അപ്പായെന്ന് വിളിച്ച് വന്നപ്പോ ആരാന്നാ അപ്പ ചോയ്ച്ചേ, വീണ്ടും വീണ്ടും ചോയ്ക്കുമ്പോ ഴൊക്കെയും അപ്പയങ്ങനെ അന്താളിച്ച് നിൽക്കുന്നു. അമ്മേ പറ എന്താ എൻ്റപ്പയ്ക്ക്.. മീനുവിൻ്റെ കരച്ചിലിനുമുമ്പിൽ അമ്മയാകെ ഇല്ലാായി! അമ്മ അപ്പയുടെ അടുക്കലേക്ക് ഓടി ചെല്ലുമ്പോഴേക്കും അപ്പ റോഡിനകരിലേക്ക് ഇറങ്ങിയോടി. ശരീരത്തെ തന്നിൽ പിടികിട്ടാത്ത അമ്മ അപ്പയോടു കൂടി ഓടി. അപ്പയതാ മക്കളെ സ്ക്കൂൾ വിട്ട് ഇപ്പം വരും വേഗം പിള്ളേർക്കെന്തേലും തിന്നാൻ എടുത്ത് വെക്കെന്നും പറഞ്ഞ് തിരക്കിടുന്നു. അപ്പയുടെ ചെയ്തികളിൽ അമ്മയാകെ ആവിയായി പോയി. അപ്പയെ അകത്തേക്ക് വിളിച്ച് കയറ്റി റൂമിലേക്ക് പോയ അമ്മയുടെ കണ്ണിലൂടെ ഒരു ചാല് കീറി പിന്നീടൊരിക്കലും അമ്മ ആ പഴയ അമ്മയേ അല്ല. ഉണ്ണുന്നതും ഉറങ്ങുന്നതുമെല്ലാം തനിക്കു പോലും വേണ്ടാതെ മാത്രം ! അതിനിടെ അപ്പയ്ക്ക് പ്രാന്താണെന്ന് നാട്ടിലാകെ പലരും വിളംബരം ചെയ്തു. അപ്പയെ കാണുമ്പോൾ കുട്ടികൾ കുത റിയോടി. അപ്പയോടൊപ്പം ചേർന്നു നിന്നവർ അപ്പയെ ആട്ടിയകറ്റി. അപ്പയങ്ങനെ മനുഷ്യരിൽ നിന്നും മാഞ്ഞു തുടങ്ങി! സമയങ്ങൾ പോലും അറിയാതെ അപ്പയങ്ങനെ നടന്നു. പൂരപറമ്പുക ളിലും പള്ളിപെരുന്നാളിനും പോണം വേം ഒരുങ്ങ്, മക്കളെ സ്ക്കൂളീവിടണം, ചായപ്പൊടീം പഞ്ചസാരേം വാങ്ങണം തുടങ്ങി അപ്പയുടെ ഓർമ്മയാകെ ക്രമം തെറ്റിയ റൂബിക്സ് ക്യൂബ് പോലെ അയഞ്ഞും മുറികിയും തീർന്നു. ഓർമ്മ മാഞ്ഞു പോയ മനുഷ്യനെ പലരുമാട്ടി, പലരും പരിഹസിച്ചു അതിനിടയിലും അയാളങ്ങനെ സ്വപ്നങ്ങൾ കണ്ടുകൊയ്യിരുന്നു. ഇന്നലെ പാതിരാ പെരുന്നാളുണ്ട്, പോണം എന്ന് പറഞ്ഞ് കിടന്നതാണ്. മണി നാലു കഴിഞ്ഞപ്പോഴാണ് അമ്മ ഉറക്കെ വിളിച്ച് അലറുന്നത്. മോനെ അപ്പയെ കാണാനില്ല.. ! ഉറക്കത്തിൻ്റെ ആലസ്യത്തിൽ എന്തൊക്കെയോ പിറുപിറുക്കുന്നുവെന്നാണ് തോന്നിയത്, പക്ഷേ പെട്ടെന്ന് ചാടി എഴുന്നേറ്റ് പോയപ്പോൾ കരച്ചിലിനുള്ളിലെ ഏങ്ങലുകളിൽ അടിപ്പെട്ടുപോയ അമ്മയെയാണ് കാണുന്നത്. അപ്പ പോയി മോനെ.. ഞാൻ ഉറക്കമുണർന്നപ്പോ അപ്പയെ ഇവിടെയൊന്നും കാണണില്ല.. അപ്പ ദേ ഇവിടെ എൻ്റൂടെ കിടന്നതാ പള്ളിപെരുന്നാളിന് പോണം പറഞ്ഞ്.. ബാക്കിയൊന്നും കേൾക്കാനില്ലാതെ ഉറഞ്ഞ നിശബ്ദതയിൽ ഇറങ്ങിയോടി. ഓട്ടത്തിനിട യിലാണ് റോഡിനോട് ചാരി ചോരയിൽ കുളിച്ചു കിടക്കുന്ന അപ്പയെ കാണുന്നത്. അപ്പയെ വാരിയെ ടുക്കുമ്പോഴും മടിയിലിരുത്തി ആശുപത്രിയിൽ എത്തിക്കുമ്പോഴുമൊക്കെ അപ്പയെൻ്റെയുള്ളിൽ കിടന്നു നീറി. ഇപ്പോഴിതാ ആശുപത്രി കിടക്കയിൽ ഐ സി യുവിൻ്റെ തണുപ്പിനുള്ളിൽ എന്തെങ്കിലും സ്വപ്നങ്ങൾ മാറി മാറി കാണുകയാവും. ഓർമ്മക ളൊക്കെ ഒരു ചരട് പോലെ പിരിഞ്ഞിരിക്കുകയല്ലേ!

(ഓർമ്മകളൊക്കെ നശിച്ചു പോവുന്ന സമൂഹം ചേർത്തു നിർത്താത്ത ഡിമെൻഷ്യ ബാധിച്ച മനുഷ്യർക്ക്..)



# ഉടലാഴം



**Sreeshna A C**
2nd Year Social Science

കടന്നു പോവുമൊരു നീരാഴിയായ്
നിമിഷങ്ങൾ തെന്നുന്ന നീർമാളികയായ്
പിടിയിലൊതുക്കാനാവാത്തോരാ കനൽച്ചില്ലായ്
കടന്നുപോവുന്നു കാറ്റിൽ കിനാവായ്....


നൈൽ പോലൊഴുകുന്നു ദിനങ്ങളും
തടയണപോൽ പിന്നോട്ട് നിമിഷങ്ങളും
മിാതെ പറഞ്ഞ കഥകളല്ലവ,
നേരമെന്നത് ഓർമയുടെ സഞ്ചാരിയാ...

പ്രതീക്ഷകൾ പാകംവരുന്നൊരു പുഴുപോലെ
നേരം കാത്തിരിക്കും നമ്മിലൊരു കിനാവായ്
പിന്നിലൊഴുകുന്നു തികയാത്ത ദൈവം പോലെ,
അതവിടെ ഉണ്ടായിരുന്നോ എന്ന സംശയം....!

ഒരു കനലായ്, അത് കത്തിയെരിയുന്നു,
ഉടലാഴം മുഴുവൻ അതിൽ കുളിരുമെന്നോ....!
നേരം നമ്മളെ നയിക്കുന്ന ദൃശ്യപഥമേ









**Sredha Jayaprakash**
1st Year Natural Science

# സമയം





**Aneesa A.K**
Asst. Professor
Physical Science

അലാറം മണി മുഴങ്ങുമ്പോൾ,
അമ്മയുടെ ദിവസവും തുടങ്ങുകയായി.
സമയം പറയും, 'ഇപ്പോൾ നേരം വെളുത്തു.'

സൂര്യൻ ഉദിക്കും മുൻപേ
അടുക്കളയിൽ, അമ്മയുടെ ലോകം ഉണരുന്നു.
ചായയുടെ മണവും, കറികളുടെ സ്വാദും
അമ്മയുടെ സ്നേഹം പോലെ
അന്തരീക്ഷത്തിൽ നിറയുന്നു

ഓരോ നിമിഷവും ശ്രദ്ധയോടെ,
ഒരാൾക്ക് ബ്രേക്ക്ഫാസ്റ്റ്, മറ്റൊരാൾക്ക് യൂണിഫോം,
മൂന്നാമത്തെയാൾക്ക് പുസ്തകം,
നാലാമത്തെയാൾക്ക് കുപ്പി,
'സമയമായി, സമയമായി,' അമ്മ മന്ത്രിക്കും.



ഓഫീസിലേക്ക് തിടുക്കത്തിൽ,
അമ്മയുടെ മനസ്സിൽ കുട്ടികൾ മാത്രം.
'അവരെല്ലാം സുരക്ഷിതരാണോ?'
സമയം പറയും, 'ജോലി വേഗം തീർക്ക്.'

വൈകുന്നേരം, അമ്മയുടെ ഓട്ടം വീണ്ടും തുടങ്ങും.
'അമ്മേ, അമ്മേ,' വിളികളും
"സമയമേ നീ ഇവിടെ നിൽക്ക് ഞാൻ വേഗം വരാം "
പാചകം, പഠിപ്പിക്കൽ, കുഞ്ഞിനെ കുളിപ്പിക്കൽ,
വഴക്ക് പറയൽ അമ്മയുടെ മുന്നിൽ
സമയം ഒരു പുലിയെ പോലെ ഓടുന്നു

രാത്രിയിൽ, എല്ലാവരും ഉറങ്ങുമ്പോൾ,
അമ്മ വിളക്ക് അണയ്ക്കും.
അപ്പോൾ, സമയം അമ്മയോട് ചെവിയിൽ മന്ത്രിക്കും
"അമ്മേ ഒരു ദിവസം ഞാൻ നിന്നെ തോല്പിക്കും "
അമ്മ ചിരിച്ചു "എന്റെ കുട്ടികൾ ഉള്ളപ്പോഴോ "

സമയമേ നീ തോറ്റു പോയി

# നേരത്തിന്റെ യാത്ര



നേരം കുതിക്കുന്നു കാറ്റിനൊപ്പം,
നിമിഷങ്ങൾ പോലെ പെയ്ത് പോകുന്നു.
ഒരു നിമിഷം എങ്കിലും നിന്നു നിൽക്കില്ല,
അടുത്തെത്തിയാൽ പാറിപ്പോകും.

ഉടനെ ഉച്ചയായിരിക്കും,
പിന്നെ അസ്തമയവും ഇരുട്ടും വന്നുചേരും.
പകലും രാത്രിയും മാറിമാറി വരും,
ഇത് തന്നെയാണ് നേരത്തിന്റെ യാത്ര.

ഓരോ സൂര്യോദയവും ഒരു പ്രതിജ്ഞയാണ്,
ഓരോ അസ്തമയവും ഒരു പാഠം.
നേരം നമ്മെ പഠിപ്പിക്കും പലതും,
കഷ്ടതകളും സന്തോഷങ്ങളും
നേരത്തെ എത്തും.



**Sharafa K**
2nd Year Natural science


# മുഅല്ലിം

ജീവിതത്തിന്റെ ഏറ്റവും ഹൃദ്യമാക്കപ്പെട്ട കാലയളവുകളിലൊന്നാണ് മദ്രസ പഠന കാലം...
അദബിന്റെയും ഇൽമിന്റെയും ഉറവിട ഭൂമിയിൽ ഹൃദയം നിറച്ചു ഖലം പിടിച്ചുയർത്താൻ പാകത്തിൽ കൂടെ നിന്നോരാണ് പ്രിയപ്പെട്ട ഉസ്താദുമാർ ...

പുലിയുള്ളതിൽ തൻവീറുൽ ഇസ്‌ലാം മദ്രസ്സയിൽ ഒന്നാം ക്ലാസ്സിലേക്ക് ഉമ്മാമയുടെ കരം പിടിച്ചു അറിവിന്റെ ലോകത്തേക്ക് നടന്നുകയറിയ കുഞ്ഞുടുപ്പുകാരിയുടെ ഉള്ളിൽ അന്നുമുതൽ ഇന്നുവരെ ബാപ്പയുടെ സ്ഥാനം ചേർത്തു ഞാൻ കാണുന്ന പ്രിയപ്പെട്ട സീതി എന്ന് സ്നേഹത്തോടെ വിളിക്കുന്ന ന്റെ ഹമീദ് ഉസ്താദ് ..

ഉപ്പയുടെ പേര് എഴുതേണ്ട കോളത്തിൽ എഴുതേണ്ട പേരിനെക്കുറിച്ചു ചോദിച്ചപ്പോൾ
'ഓള് യതീം മോളാന്ന് ഉമ്മാമ പറയുമ്പോൾ പറഞ്ഞതിന്റെ പൊരുളറിയാതെ മിഴിച്ചുനിക്കുന്ന ന്റെ നിഷ്കളങ്ക മുഖത്തേക്ക് സ്നേഹത്തിന്റെ പരിവേഷം ചാർത്തി അദ്ദേഹം പറഞ്ഞൊരു കാര്യമുണ്ട് ...
'ഓള് ഇനി മുതൽ ഇന്റെ കുട്ടിയല്ലേ ' അന്ന് മുതൽ ന്റെ ഇരുപത്തിയേഴാം വയസ്സിലും നാട്ടിലെത്തുന്ന വഴികളിലൊക്കെയും എന്നെ കാണാതെ മടങ്ങാത്ത പ്രിയപ്പെട്ട ഉസ്താദ് ..

അദ്ധ്യാപനം എന്നത് കേവലം അറിവ് പകരുന്നതിലുപരി തന്റെ മുന്നിലിരിക്കുന്ന ഓരോ കുരുന്നുകളെയും അവരവരുടെ അപര്യാപ്തതകൾ മാത്രം തൂക്കിനോക്കി വിലയിരുത്തപ്പെടുത്തുന്നതല്ല...
മറിച്ചു അവനവന്റെ കഴിവുകളെ അംഗീകരിക്കുകയും ചേർത്തുനിർത്താൻ പാകത്തിലവരിലേക്കാഴ്ന്നിറങ്ങുകയും ചെയ്യുന്നയൊരു തൊഴിലായിരിക്കണമെന്ന് എനിക്കാദ്യമായ് മനസ്സിലായിത്തുടങ്ങിയത് ഹമീദ് ഉസ്താദിലൂടെയാണ്..





**Ruksana E**
1st Year Physical Science

ആധുനിക സൗകര്യങ്ങളുടെ അകമ്പടികളില്ലാത്ത കാലത്തു തന്നെ പാടിയും പറഞ്ഞും നേരറിവുകൾ മൊഴിഞ്ഞും ക്ലാസ്മുറികൾ ആസ്വാദക രമാക്കുന്നതിലൂടെ മതപഠനത്തിൽ ഭൗതിക അവബോധനത്തിന്റെ വേരാഴ്ന്നിറങ്ങാൻ പാകത്തിൽ ഉസ്താദ് ശ്രമിക്കാറുണ്ടായിരുന്നു.. ഹൃദ്യമായ ഈണത്തിലുള്ള ഖുർആൻ പാരായണ വേളകൾ, ഇൻസിന്റെ ഖൽബിലേക്ക് ഊർന്നിറങ്ങാൻ പാകത്തിൽ ഉച്ചഭാഷിണിയിൽ മുഴങ്ങിടുന്ന ബാങ്കിന്റെ അലയൊലികൾ വർഷങ്ങൾക്കിപ്പുറവും മനസ്സിനുള്ളിലുണ്ട്..

യതീമെന്ന വിളിപ്പേരിൽ ഒരു കാലഘട്ടം എന്നെ മാറ്റിനിർത്തിയപ്പോൾ ഇല്ലായ്മയുടെ വേഷപ്പക ർച്ചകൾ ജീവിതത്തിൽ പകർന്നാടുമ്പോൾ,
'ഇന്റെ കുട്ടി നല്ലോണം പഠിക്കണം.. പഠിച്ചു പഠിച്ചു ഇമ്മാനെ നോക്കണം' എന്ന് മലപ്പുറം ഭാഷേല് പറയുമ്പോൾ അതിലും വലിയൊരു പ്ര ചോദനമെനിക്ക് ജീവിതത്തിൽ കിട്ടാനില്ലായെന്നു ചിന്തിച്ചു നടന്നൊരാളാണ് ഞാൻ...

മൂന്നാം ക്ളാസ്സിൽ പഠിക്കുമ്പോൾ റബിഉൽ അവ്വൽ മാസത്തിൽ മൗലൂദ് ചൊല്ലാൻ തല്പരകക്ഷിയായിരുന്ന എന്റെ കയ്യിൽ മൗലൂദ് കിതാബ് നൽകി പാടാൻ അവസരം നൽകിയതും
ആ വർഷത്തെ നബിദിന പരിപാടിയിൽ ഞാനും പാടിക്കോട്ടെ ഉസ്താദെയെന്ന ചോദ്യത്തിന് ഒരുപാട് വിസമ്മതിച്ചുവെങ്കിലും പിന്നാലെ നടന്നു ബുദ്ധിമുട്ടിച്ചു ഉസ്താദ് തന്നെ പഠിപ്പിച്ചു തന്ന
'പരം പിരി ചുമ്മാവിട്ട ചോങ്കിൽ നടക്കുന്ന ശുജ്ഹത്ത് നമുക്കുണ്ടോ നാട്ടില്.." എന്ന പാട്ടുപാടി ആദ്യമായി ആ മദ്രസ്സയിൽ സ്റ്റേജിൽ കേറി പാട്ടുപാടിയ പെൺകുട്ടിയെന്ന അഹന്തതയിൽ നടന്നയെന്റെ അറിവില്ലായ്മയെ സ്നേഹത്തിന്റെ കരുതലോടെ ഇഹ്ലാസും അഹ്ലാഖും പകർന്നു നല്കിയ മനുഷ്യൻ.

അഞ്ചാം ക്ലാസ്സിലെ പൊതുപരീക്ഷ പഠന സമയത്തു നമുക്ക് മുന്നിലൂടെ കടന്നുപോകുന്ന കുൽഫിക്കാരനെ നോക്കി വെള്ളമിറക്കുന്ന ഞങ്ങൾക്ക് തന്റെ കയ്യിലൊരുപാട് സമ്പാദ്യമൊന്നും അന്നുണ്ടായിരുന്നിട്ടില്ലെങ്കിൽ കൂടി സ്നേഹം കൊണ്ട് ഒരുപാട് തവണ വാങ്ങി തന്നത് ഇന്നലെയെന്ന പോലെ ന്റെ മനസ്സിൽ ഭദ്രമാണ്...
ഒക്കെ വാങ്ങി തന്നിട്ട് മറ്റു ഉസ്താദ്മാർ വഴക്ക് പറയുമ്പോൾ ഇന്റെ കുട്ട്യോളല്ലേ ഉസ്താദേ ന്ന് പറഞ്ഞു ചെറുതായൊന്ന് ചിരിക്കുന്ന പ്രിയപ്പെട്ട ഉസ്താദ് ...

കാലഘട്ടം സഞ്ചരിക്കുന്നതിനിടയിൽ ഏഴാം ക്ലാസ്സിന്റെ പാതിവഴിയിൽ വച്ച് ഉസ്താദ് ഞങ്ങളെ വിട്ടുപിരിഞ്ഞുപോയ ദിവസം ഇന്നുമെന്റെ കണ്ണുകളിലുണ്ട് ...
ഉപ്പയെന്ന സ്നേഹത്തെ വിധിയന്യമാക്കിയപ്പോൾ തന്നിലറിവ് പകർന്നു തന്നവരിൽ ഞാനാ സ്ഥാനം തൊട്ടറിഞ്ഞ മഹത് വ്യക്തിത്വം ...





# നേരങ്ങളിലെ ഞങ്ങൾ

രാവും പകലും നടത്തുന്ന ആശ്വമേധയാഗത്തിൽ,
മുന്നോട്ടാഞ്ഞുകുതിക്കുന്ന നേരത്തെ നോക്കിനിൽക്കേ
ഒരു നിമിഷവും ബാക്കിയാവില്ലന്നറിഞ്ഞ നിമിഷം
ഞങ്ങൾ ജീവിച്ചു, ചിരിച്ചും കരഞ്ഞും, അറിയാതെ ജീവിച്ചു!

പ്രതീക്ഷയുടെ കനൽ പടർന്ന കൈകളുമായി
പുസ്തകത്താളുകൾക്കിടയിൽ
ഞങ്ങൾ തിരഞ്ഞത്, ആത്മാവിൻ കരം പതിപ്പിച്ച സൗഹൃദങ്ങൾ!
പകലുകൾ കടന്നുപോയി, രാത്രികൾ തലോടിമാറി
ചിരികളിലൂടെയും, മോഹങ്ങളിലൂടെയും സൗഹൃദം,
നേരങ്ങൾക്കിടയിലെ നിത്യചിരികളായി മാറി

സർവ്വൈഎശ്വര്യം തേടി കുതിക്കുന്ന അശ്വമാകുന്ന നേരം നോക്കി
നിൽക്കെ ഞങ്ങൾ തിരിച്ചറിഞ്ഞു
ഞങ്ങളിലെ നേരത്തിൻ നിഴലായി സൗഹൃദം
ഞങ്ങളിലെ സ്ഥായിയായി മാറിയെന്ന്!





**Anjima Prakash K**
1st Year Natural science

# നഷ്ടപ്പെട്ട നിറങ്ങൾ





**Safana KP**
2nd Year Mathematics

ഇരു മേഘങ്ങൾ ആകാശത്ത് തമ്പടിച്ച ഒരു പ്രഭാതത്തിലായിരുന്നു അത് സംഭവിച്ചത്. നഗരത്തിലെ തിരക്കുകളിൽ നിന്നും മാറി, കുന്നിൻ ചെരുവിലെ ഒരു ചെറിയ വീട്ടിൽ ഏകാന്തനായി ജീവിക്കുകയായിരുന്നു ചിത്രകാരനായ ആനന്ദ്. ഒരുകാലത്ത് വർണ്ണങ്ങൾ അവന്റെ ജീവിതമായിരുന്നു അവന്റെ ബ്രഷിൽ നിന്ന് ഒഴുകി ഇറങ്ങിയ ചിത്രങ്ങൾ ലോകമെമ്പാടും പ്രശംസ നേടിയിരുന്നു. എന്നാൽ കാലം മുന്നോട്ടു പോകുന്തോറും, അവൻറെ ഉള്ളിലെ വർണ്ണങ്ങൾ മാഞ്ഞു തുടങ്ങി. ജീവിതത്തിലെ നിരാശകളും ഒറ്റപ്പെടലുകളും അവൻറെ ക്യാൻവാസിലെ കറുപ്പും വെളുപ്പുമായി ചുരുക്കി.

പുലർച്ചെ ഒരു കാപ്പി കുടിച്ച്, ജനലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ ആനന്ദ് ഓർത്തു. അവൻ ഏറ്റവും ഒടുവിൽ വരച്ച ചിത്രം വെറും ഒരു വെളുത്ത ക്യാൻവാസ് ആയിരുന്നു. അതിൽ ഒരു വര പോലും അവന് വരക്കാൻ കഴിഞ്ഞില്ല. അവൻറെ കൈകൾക്ക് ഭാരം തോന്നി. മനസ്സിൽ ഒരു ശൂന്യത തളം കെട്ടി നിന്നു.

അന്നൊരു ദിവസം, പതിവിന് വിപരീതമായി വാതിലിൽ ഒരു മുട്ട് കേട്ടു. ആരാണെന്ന് ഓർത്ത് അയാൾ അത്ഭുതപ്പെട്ടു. വാതിൽ തുറന്നപ്പോൾ ഒരു കൊച്ചു കുട്ടി, ഏകദേശം 10 വയസ്സ് പ്രായം, അവന്റെ മുന്നിൽ നിന്നു; അവൾക്കൊരു തുണി കൊണ്ടുള്ള ബാഗ് ഉണ്ടായിരുന്നു. 'അങ്കിൾ ആണോ ആനന്ദ് ചിത്രകാരൻ?' അവൾ ചോദിച്ചു.

ആനന്ദ് തലയാട്ടി. 'ഞാൻ നന്ദിത ഇവിടെ അടുത്താണ് താമസം. എന്റെ അമ്മ പറഞ്ഞു, അങ്കിളാണ് ഏറ്റവും നല്ല ചിത്രകാരൻ എന്ന്. എനിക്കൊരു ചിത്രം വരച്ചു തരുമോ?' അവളുടെ കണ്ണുകളിൽ തിളക്കം ഉണ്ടായിരുന്നു.

ആനന്ദിന് ഒരു നിമിഷം എന്ത് പറയണമെന്ന് അറിയില്ലായിരുന്നു. 'മോൾക്ക് എന്ത് ചിത്രമാണ് വേണ്ടത് ?' അയാൾ ചോദിച്ചു.

' എനിക്കൊരു പൂന്തോട്ടം മതി. നിറയെ പൂക്കൾ ഉള്ള ഒരു പൂന്തോട്ടം. പക്ഷേ അതിലൊരു പ്രത്യേകതയുണ്ട്', അവൾ പറഞ്ഞു. 'അതിൽ അങ്കിളിന്റെ മനസ്സിലുള്ള എല്ലാ സന്തോഷങ്ങളും നിറങ്ങളായി വേണം'.

ആനന്ദ് അവളെ ഉറ്റുനോക്കി. നഷ്ടപ്പെട്ടുപോയ വർണ്ണങ്ങളെ കുറിച്ച് അവന്റെ മനസ്സിൽ ഒരു നേർത്ത വേദന ഉണർന്നു. 'മോൾ പോയിട്ട് വാ, ഞാൻ നോക്കട്ടെ' അയാൾ പറഞ്ഞു.

നന്ദിത പോയതിനുശേഷം ആനന്ദ് തന്റെ സ്റ്റുഡിയോയിലേക്ക് തിരികെ പോയി. അയാൾ പുതിയൊരു ക്യാൻവാസ് എടുത്തു. ഒരുപാട് കാലത്തിനുശേഷം ആദ്യമായി അവന്റെ വിരലുകൾക്ക് ഒരുതരം വിറയൽ അനുഭവപ്പെട്ടു. അവൻ ബ്രഷ് കയ്യിൽ എടുത്തു.അവന്റെ മനസ്സിൽ നന്ദിതയുടെ നിഷ്കളങ്കമായ മുഖം തെളിഞ്ഞു. ''എല്ലാ സന്തോഷങ്ങളും നിറങ്ങളായി..'' അവളുടെ വാക്കുകൾ അവന്റെ ഉള്ളിൽ ഒരു വെളിച്ചം കൊളുത്തി.

അവൻ പതിയെ വരച്ചു തുടങ്ങി. ആദ്യം ഒരു ചെറിയ പുല്ല്, പിന്നെ ഒരു ചുവന്ന റോസാപ്പൂവ്, അതിനടുത്ത് ഒരു മഞ്ഞ സൂര്യകാന്തി ,പിന്നെ നീലയും വയലറ്റും നിറങ്ങളുള്ള പൂക്കൾ.
ഓരോ വരയും അവനെ അവന്റെ പഴയ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.അവന്റെ ജീവിതത്തിലെ സന്തോഷം നിറഞ്ഞ നിമിഷങ്ങൾ,ചിരികൾ, സൗഹൃദങ്ങൾ, എല്ലാം ഓരോ നിറങ്ങളായി അവന്റെ ക്യാൻവാസിൽ വിരിഞ്ഞു.



ദിവസങ്ങൾ കടന്നുപോയി. ആനന്ദ് ചിത്രത്തിൽ മുഴുകി. അവന്റെ മനസ്സിലെ ഇരുട്ട് മെല്ലെ മെല്ലെ നീങ്ങി തുടങ്ങി. നിറങ്ങൾ അവന്റെ ജീവിതത്തിലേക്ക് തിരികെ വരികയായിരുന്നു.ഒടുവിൽ അവൻ ആ പൂന്തോട്ടം പൂർത്തിയാക്കി. അത് വെറുമൊരു പൂന്തോട്ടം ആയിരുന്നില്ല. അവന്റെ ആത്മാവിൻറെ പ്രതിഫലനം ആയിരുന്നു. ഓരോ പൂവും അവന്റെ ജീവിതത്തിലെ ഓരോ സന്തോഷ നിമിഷങ്ങളെയും അടയാളപ്പെടുത്തി.

ചിത്രം പൂർത്തിയായ ദിവസം നന്ദിത വീണ്ടും വന്നു, ചിത്രം കണ്ടപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു. 'ഇത് എന്തൊരു ഭംഗി! ഇത് ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മനോഹരമായ പൂന്തോട്ടം!' അവൾ ആവേശത്തോടെ പറഞ്ഞു. ' അങ്കിളിന്റെ മനസ്സിൽ ഇത്രയധികം സന്തോഷങ്ങൾ ഉണ്ടായിരുന്നോ?'

ആനന്ദ് പുഞ്ചിരിച്ചു. 'ഉണ്ടായിരുന്നു മോളെ, നീയാണ് എനിക്ക് ആ നിറങ്ങൾ തിരികെ തന്നത്' നന്ദിത ആ പൂന്തോട്ടത്തിലേക്ക് നോക്കി ചിരിച്ചു.ആനന്ദിന്റെ മനസ്സിൽ വർഷങ്ങൾക്കുശേഷം ആദ്യമായി ഒരുതരം സമാധാനം അനുഭവപ്പെട്ടു. നിറങ്ങൾ അവന്റെ ജീവിതത്തിലേക്ക് തിരികെ വന്നിരിക്കുന്നു.
അവൾ അവന്റെ നഷ്ടപ്പെട്ട വർണ്ണങ്ങൾ തിരികെ നൽകിയ ഒരു കൊച്ചു മാലാഖയായിരുന്നു.





**Anusree Babu P.P**
2nd Year Physical Science

# Beyond the Ordinary



**Fathimath Nihala**
1st Year Natural Science

I have seen an ocean so wide,
Deep and profound
in my glass of water.
I have seen the most wondrous
treasures, apparent not even
buried,
by my abandoned shore.
I have seen the most prettiest
flowers,
Blooming with grace,
Alongside the broken pavement..

I have enough and more reasons to
believe that ordinary isn't what you
actually deem it to be.



# ഗുരുകുലത്തിൽ നിന്ന് ഗൂഗിൾ ക്ലാസ്റൂമിലേക്ക്

## വിദ്യാഭ്യാസ കാല യാത്ര

വിദ്യാഭ്യാസം മനുഷ്യ സമൂഹത്തിന്റെ വളർച്ചയുടെയും പുരോഗതിയുടെയും അടിസ്ഥാനശിലയാണ്. കാലം മാറിയപ്പോൾ പഠനരീതികളും മാറിത്തുടങ്ങി. ഗുരുകുലത്തിൽ നിന്ന് തുടങ്ങി ഇന്ന് ഗൂഗിൾ ക്ലാസ്റൂമിലേക്ക് എത്തി വിദ്യാഭ്യാസത്തിന്റെ യാത്ര. വിവര വിനിമയ സാങ്കേതിക വിദ്യയുടെ മുന്നേറ്റം മറ്റെല്ലാ മേഖലകളെ പോലെ വിദ്യാഭ്യാസ പ്രക്രിയകളെയും നവീകരിച്ചു. പ്രാചീന കാലത്ത് ഇന്ത്യയിൽ വിദ്യാഭ്യാസം ഗുരുകുല സംവിധാനത്തിലൂടെയായിരുന്നു. ഗുരു മാത്രമായിരുന്നു ജ്ഞാനത്തിന്റെ ഉറവിടം. വിദ്യാർത്ഥികൾ ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിച്ചു. പ്രകൃതിയോട് ചേർന്ന് നിന്ന് ലളിതമായ ജീവിതം നയിച്ചു. ഗുരുവും ശിഷ്യനും തമ്മിൽ തികച്ചും ആഴത്തിലുള്ള ആത്മബന്ധമായിരുന്നു. ആയുഷ്, വേദങ്ങൾ, ധർമം, സംസ്കാരം,കല തുടങ്ങിയവയിലൊക്കെ ഗുരു ശിക്ഷണം നൽകുമായിരുന്നു. ഗുരുദക്ഷിണ എന്ന രീതിയിൽ ശിഷ്യർ പഠനം പൂർത്തിയാക്കിയ ശേഷം ഗുരുവിന് സംഭാവന നൽകുമായിരുന്നു.


ബ്രിട്ടിഷ് ഭരണകാലത്ത് പാശ്ചാത്യ വിദ്യാഭ്യാസ രീതികൾ ഇന്ത്യയിൽ വന്നു ചേർന്നു. ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം ഗുരുകുലത്തെ മാറ്റി സ്ഥാപിച്ചു. ഇംഗ്ലീഷ് ഭാഷ, ശാസ്ത്രം, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കാൻ സ്കൂളുകൾ ആരംഭിച്ചു. പഠനം, ഗ്രേഡ്, പരീക്ഷ, സർട്ടിഫിക്കറ്റ് എന്ന രൂപത്തിലേക്ക് വിദ്യാഭ്യാസം മാറി. ഉന്നത വിദ്യാഭ്യാസം,കോളേജ്,സർവകലാശാല എന്നിവ ഔപചാരികമായി ഉടലെടുത്തു. വ്യത്യസ്ത വിഷയങ്ങളിൽ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളുമുണ്ടായി. ഗവേഷണത്തിന് സാധ്യതകളും പ്രോത്സാഹനവുമായി.

കാലക്രമേണ കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് തുടങ്ങിയവ വിദ്യാഭ്യാസം എളുപ്പമാക്കി. ഇത് വിദ്യാഭ്യാസ ഡിജിറ്റൽ വിപ്ലവത്തിന് വഴിയൊരുക്കി. ഓൺലൈൻ കോഴ്സുകൾ, വീഡിയോ ക്ലാസുകൾ തുടങ്ങിയവ പ്രധാനമായി. പിന്നീട് ഗൂഗിൾ ക്ലാസ്റൂം പോലുള്ള പ്ലാറ്റ്ഫോമുകൾ രൂപപ്പെട്ടു. ഇനി ക്ലാസ്റൂം ആധാരമാക്കുന്നത് മൊബൈൽഫോൺ, ടാബ്ലറ്റ്, ലാപ്ടോപ് എന്നിവയാണ്. ഗൂഗിൾ വികസിപ്പിച്ചെടുത്ത ഒരു സൗജന്യ വെബ് അധിഷ്ഠിത പഠന പ്ലാറ്റ്ഫോമാണ് ഗൂഗിൾ ക്ലാസ്റൂം.



**Sabira M.K**
Asst. Professor in
General Education





അധ്യാപകർക്ക് ഓൺലൈനായി ക്ലാസ് നടത്താനും പേപ്പർ രഹിത രീതിയിൽ പാഠ്യ പദ്ധതികൾ നടപ്പിലാക്കാനും കഴിയും. ഗൂഗിൾ ഡോക്സ്, ഷീറ്റുകൾ, സ്ലൈഡുകൾ പോലുള്ള വിവിധ ജി സ്യൂട്ട് സേവനങ്ങൾ പ്രയോജനപ്പെടുത്തി അധ്യാപകരെയും വിദ്യാർഥികളെയും സംവദിക്കാൻ ഈ പ്ലാറ്റ്ഫോം സഹായിക്കുന്നു. 'എവിടെ നിന്നും എപ്പോൾ വേണമെങ്കിലും പഠിക്കാം' എന്ന ആധുനിക ആശയം ഉടലടുത്തു. ഓരോ ഘട്ടത്തിലും വിദ്യാഭ്യാസം അതിന്റെ സ്വഭാവവും രീതികളും മാറ്റി,കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് മുന്നേറിയതാണിത്. ഈ മാറ്റത്തിനനുസരിച്ച് അധ്യാപകരുടെ ചുമതലകളും ഭാവങ്ങളും അതീവമായി മാറേണ്ടതുണ്ട്.

ഇന്ന് ഡിജിറ്റൽ യുഗത്തിൽ ഏകാഗ്രതയും ഓർമ്മശക്തിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യത്തിനും താൽപര്യത്തിനും പിന്തുണ നൽകുകയും ഓൺലൈൻ ലോകത്തെ ധാരാളം വിവരങ്ങൾക്കിടയിൽ ശരിയായതും തെറ്റായതും തിരിച്ചറിയാൻ സഹായിക്കൽ അധ്യാപകന്റെ കടമയാണ്. ആധുനിക അധ്യാപകൻ സാങ്കേതിക അറിവും മാനവിക മൂല്യങ്ങളും ഒരേപോലെ സമന്വയിപ്പിക്കാൻ കഴിവുള്ളവരായിരിക്കണം. ഇന്നത്തെ കാലഘട്ടം അതിജീവിക്കാൻ ശാസ്ത്രീയ അറിവും കഴിവുകളും നിരന്തരം പഠിക്കാനുള്ള മനോഭാവവും പ്രധാനമാണ്. ഗുരുകുലത്തിൽ നിന്നും ഗൂഗിൾ ക്ലാസ്റൂം വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഈ യാത്ര സംസ്കരികപരമായും സാങ്കേതികപരമായും വലിയ പരിണാമമാണ്.

ആധുനികത എത്രമേൽ വളർന്നാലും ഗുരുകുലം നമ്മെ ഓർമ്മിപ്പിക്കുന്നത് ബന്ധങ്ങളുടെ ആത്മീയതയും ജീവിതശൈലിയിലൂടെയുള്ള പഠനവുമാണെന്നത് മറക്കരുത്. ഗൂഗിൾ ക്ലാസ്സ്റൂം പോലെയുള്ള ഡിജിറ്റൽ അധ്യയന മാർഗങ്ങൾ സാങ്കേതിക പുരോഗതിയുടെ ഭാഗമായിട്ടാണ് നമ്മുടെ വിദ്യാഭ്യാസത്തിൽ വന്നത്. അതിന്റെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാക്കി ഇത് ശ്രദ്ധയും ആത്മീയതയും പുലർത്തി ഉപയോഗിച്ചാൽ ഏറ്റവും ഫലപ്രദമായ പഠനമേഖലയാക്കാം. നാളെയ്ക്കുള്ള മികച്ച വിദ്യാഭ്യാസ ശിൽപികളാകാൻ തയ്യാറാകുന്ന B.Ed വിദ്യാർത്ഥികൾക്ക് ഗൂഗിൾ ക്ലാസ്റൂം പോലുള്ള പ്ലേറ്റ്ഫോമുകളെ കുറിച്ചുള്ള തീവ്രമായ ധാരണയും പ്രായോഗിക പരിചയവും സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഒത്തുചേരുന്ന നവയുഗ വിദ്യാഭ്യാസം മനസ്സിലാക്കാനും ഇത്തരം പ്ലാറ്റ്ഫോമുകൾ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

# നിഴൽ



എന്നത്തേയും പോലെ അവനിൽ ഇക്കിളിപ്പെടുത്തുന്ന ഒരു ചിരി അന്നും ഞാൻ കണ്ടു. അടുത്തുവന്ന അവൻ എന്നത്തേയും പോലെ എന്നിലേയ്ക്ക് പുസ്തകം നീട്ടി. ഇന്നീ കഥയിൽ നീ തിരയുന്ന നീ ഉണ്ടെന്നു പറഞ്ഞു, ഒടുവിലത്തെ കൂടിക്കാഴ്ചയാണെന്നും കൂട്ടി ചേർത്തു.

ലൈബ്രറിയിലെ പുസ്തക കൂമ്പാരത്തിൽ നീ തിരഞ്ഞിട്ടും കിട്ടാത്ത നീ...എന്റെ രാജകുമാരി....പക്ഷേ ഇന്ന് അത് എന്നത്തേയുംപോലെ തമാശയായിരുന്നില്ല... അവനവളെ അന്നേക്ക് പ്രേമിച്ചു കഴിഞ്ഞിരുന്നു. ബീഡിയുടെ പുക വിഴുങ്ങിക്കൊണ്ട് ചുവന്ന കണ്ണുകൾ തീപന്തം കണക്കെ ആ വാക്കുകളെ വായുവിൽ ലയിപ്പിച്ച് അടുത്തു വന്നു. ഓരോ രാത്രിക ളിലും ആർക്കൊക്കെയോ വേണ്ടി എരിഞ്ഞ ആ ശരീരം (അന്നവസാനമായി) തണുത്തു. പുസ്തകത്തിലെ അവസാനധ്യായത്തിൽ അങ്ങനെ അവന്റെ ഭാര്യയായി... കുടുസു മുറിയിലെ കിടക്ക അവൾക്ക് സമ്മാനിച്ചത് അവസാനമായി അവനെ തന്നെയാവുകയായിരുന്നു. ഒടുക്കം നനഞ്ഞ വെള്ളത്തിൽ കുതിർന്നുറങ്ങി. അങ്ങ് ദൂരെയവനും മഴ ഭയന്ന് മരിച്ചു...

പകൽ ഉയർന്നെഴുന്നേറ്റവൾ ചിരിച്ചുകൊണ്ട് പൊട്ടിയ കണ്ണാടി ചില്ലുകൾ കൂട്ടിവച്ചു നോക്കി, ഉപയോഗിക്കാം... പൊട്ടിയതാണേലും മുഖം കാണാം, എന്റെ ചിരി അതിൽ പതിയുമ്പോൾ ഓരോ ചില്ലുകഷണങ്ങളും സൂര്യനെ നോക്കി അഹങ്കാരം കൊണ്ടെന്നവണ്ണം തിളങ്ങുന്നുണ്ട്. പാതി ചാരിയ വാതിലിലൂടെ അകത്തു കയറിയ കാറ്റും എന്നെ തന്നെ കണ്ണെടുക്കാതെ നോക്കുകയായിരുന്നു. വക്കുപൊട്ടിയ എന്റെ ചിരിയ്ക്ക് അന്ന് മാറ്റുകൂടിയിരുന്നു. ഞാൻ എന്നെ കണ്ടെന്നു വിളിച്ചുപ്പറയാൻ ചുണ്ട് തുടിച്ചു. പക്ഷേ തളർന്ന ശരീരം കുഞ്ഞു കുഞ്ഞു നക്ഷത്രം കണക്കെ എവിടെയൊക്കെയോ കിടന്ന് തിളയ്ക്കുന്നുണ്ട്. ഗംഭീരമായ ഒരു ദിവാസ്വപ്നം.



**Jyothika E**
2nd Year Social Science

# A letter to my FUTURE





**Fathimath Suhara K**
2nd Year English

Dear Future Me,

You did it. You finally completed your B.Ed. And maybe, right now, you're standing in front of a classroom, chalk in hand, trying to remember the name of the new student who just joined. Or maybe you're still figuring out your next step, wondering if you should take the teaching exam, pursue further studies, or dive into real-world experience.

Wherever you are, I hope you've taken a moment to pause and truly appreciate how far you've come.

Do you remember the sleepless nights before teaching practice? The anxiety before your first lesson observation? The nervousness of stepping into a classroom and realizing you weren't just a student anymore, but someone who could inspire, guide, and shape lives? I hope you haven't forgotten how proud you felt when a student finally understood something you taught, or when you received your first "Thank you, ma'am."

Right now, in this in-between stage of “what’s next?”, things are uncertain but full of potential. I’m holding on to hopes and dreams: a classroom of my own, students who challenge me, moments that remind me why I chose this path.

I hope you haven’t let go of your passion. I hope you still believe that teaching isn’t just about books or exams, but about empathy, patience, and planting seeds of change. I hope you remember that education is not just a job, it’s a responsibility, a calling, and a lifelong journey.

And if you’ve had hard days—days where you felt unappreciated, exhausted, or unsure I hope you kept going. Because you chose this path for a reason. You believed in the power of learning, of shaping young minds, of making a difference even in the smallest ways.

Above all, I hope you’ve stayed kind. To your students, to the world, and to yourself.

With love, hope, and a head full of chalk-dusty dreams,

Your younger self.







**Anusree Babu P.P**
2nd Year Physical Science

# ഹൃദയാഘാതം



**Sneha Nandana R N**
2nd Year English



ഓർമകളുടെ കടും ചുവപ്പ്
നിറമുള്ള തുകൽ സഞ്ചിയിൽ
കാലത്തിന്റെ വിള്ളൽ വീണു പോറിയപ്പോൾ,
തുരുമ്പെടുത്ത് മുനമ്പ് പൊട്ടിയ
സൂചികൊണ്ട് അവിടെ തുന്നിച്ചേർത്തു.
നിറം മങ്ങി തുടങ്ങിയെങ്കിലും
പോക്കുവെയിലിന്റെ ശോഭയിൽ
വീണ്ടുമത് തിളങ്ങി നിന്നു.
വാക്കുകൾ കൊണ്ട് വർണിക്കുവാൻ
ആവാത്തതെന്തോ ഹൃദയത്തിൽ കുരുങ്ങുമ്പോൾ
നമ്മൾ പിടഞ്ഞു മരിക്കുമത്രെ..!
മനസ്സിന്റെ മാറാല പിടിച്ച പാളിയിൽ
നിന്ന് ഞാനാ ശബ്ദത്തെ കാതോർത്തു.
ഒന്നിച്ചൊരു പ്രണയകാലമുണ്ടായിട്ടില്ല...
കൈകോർത്ത് കൂടെ നടന്നിട്ടില്ല...
ഉള്ളിലെ പ്രണയക്കടൽ തുറന്ന് കാണിച്ചില്ല..
എന്നിട്ടും നീയെന്തേ...!
കൊഴിഞ്ഞു വീണിട്ടും എന്റെ നിഴലായിങ്ങനെ
എന്നിൽ വസന്തം നിറച്ച് പൂക്കാൻ തുടങ്ങിയത്...
നിന്നിലലിഞ്ഞ് അനന്തരപ്രണയത്തിലമരാൻ
ഞാൻ ശ്വാസം മുട്ടി മരിച്ചു!
എഴുതിതീരുമെന്നറിയാത്ത
കാവ്യത്തിന്റെ പൂർണതയിൽ
ഒരിടം നിനക്കായ് മാറ്റിവെച്ചപോലെ..
കാലയവനിക അവയ്ക്ക് വിരാമം നൽകുമെങ്കിൽ,
എന്നോ നിലച്ച ഘടികാരത്തിന് ഗൗളി ശബ്ദം പകരുമെങ്കിൽ,
ജീവിച്ചിരിക്കുന്നുവെന്ന് ഉറപ്പിക്കാൻ എങ്കിലും
ഞാൻ ആത്മഹത്യ ചെയ്യട്ടെ..



# Frozen MEMORIES IN MANALI



**Minha**
2nd Year Natural Science

At first, confusion clouded my mind,
"I've been to Manali once, should I go this time?"
But friends kept insisting, their voices so true,
At last, I decided—the best choice I ever knew.

Plans began—shopping days so bright,
Sweaters, hoodies, party wears in sight.
Choosing each dress for every place,
Dreaming of reels we'd one day trace.

Excitement grew as days slipped fast,
Then the moment arrived—the journey at last.
Leaving mom and Neshwa—my heart felt tight,
But once wheels rolled, joy took flight.



Even in pain, I kept my smile,
Stomachache and periods
couldn't spoil the mile.
Agra awaited, with Taj in its glow,
Though seen before, it felt new to know.
We dressed in party wear,
shining so bright,
The Taj Mahal lit us in magical light.
From Agra to Delhi, history we found,
Qutub, Humayun, Red Fort renowned.



Then came Manali—heaven's surprise,
Snow spread white under endless skies.
Unlike Kashmir, where I once had been,
Here fresh snow covered every scene.

Unbelievable, unforgettable—words fall small,
Manali's charm still holds me in thrall.
Though the journey is over, my heart's still there,
In frozen memories, beyond compare.






**Anagha MK**
1st Year Social Science


# ഈ നേരം



കടലിരമ്പുന്നു
പകലിരുളുന്നു
ഒടുവിൽ ഈ സന്ധ്യയും
പതിയെ മായുന്നു
ഈ നല്ല നേരവും
നമ്മളിടങ്ങളും
ഒപ്പമോരോർമ്മയായി
മാറുന്നു

പിരിയുവാൻ നേരമായി
ഇനി ഒരു പുലരിയിൽ
നാമിരുവരും
കണ്ട കിനാവുകൾ
മറന്നു നാമുണരും
ആ നേരം ഒരു
കണ്ണുനീർ ഓർമയായി
നീയും ഞാനും
ഈ നേരവും.....






**Soumika**
2nd Year Social Science

# എന്റെ അച്ഛൻ

അച്ഛാ.... അച്ഛനെ കുറിച്ച് ഞാൻ എഴുതട്ടെ, എന്തിനാ എന്റെ കണ്ണ് നിറ യുന്നെ... കണ്ണ് നിറഞ്ഞാലും കൈ പതറാതെ എഴുതണം എനിക്ക്, ഇത് പോലെ ഒരു പൊന്നച്ഛൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് ലോകത്തോട് വിളിച്ചു പറയണം. ഇന്ന് ഞങ്ങടെ സ്നേഹ നിധിയായുള്ള അച്ഛൻ പോയിട്ട് 10 വർഷം ആകുന്നു....ജീവിതത്തിൽ ഒറ്റപ്പെട്ട് പോയ നിമിഷങ്ങളിൽ എല്ലാമായി വന്ന ഞങ്ങടെ അമ്മയെ ലോകത്ത് ഒരു ഭർത്താവും ചേർത്ത് പിടിക്കാത്ത വിധം ചേർത്ത് പിടിച്ച എന്റെ അച്ഛൻ, ജീവിതത്തിൽ ഒരു സൗഭാഗ്യവും ലഭിക്കാത്ത എനിക്ക് ലഭിച്ച ഭാഗ്യനിധികൾ ആണ് എന്റെ 3 മക്കൾ എന്ന് പറഞ്ഞ് ജീവനിൽ കൂടുതൽ സ്നേഹിച്ചില്ലേ.. ആരെ പരിചയപ്പെട്ടാലും അവരുടെ ഹൃദയത്തിൽ ആണ് അച്ഛൻറെ സ്ഥാനം.......

ക്യാൻസർ ആണെന്ന് അറിഞ്ഞപ്പൊ രക്ഷപ്പെടുമോ എന്ന റിയില്ല, എന്ന് പറഞ്ഞിട്ടു എനിക്ക് ചെറിയ മക്കളാ എന്നെ രക്ഷിക്കണം എന്ന് പറഞ്ഞ് മനോധൈര്യം ഒന്ന് കൊണ്ട് മാത്രം ഓപ്പറേഷൻ കഴിഞ്ഞ് തിരിച്ച് വന്നപ്പൊ ഈ 15 കാരിക്ക് അറിയില്ലായിരുന്നു എന്റെ അച്ഛന് അധികകാലം ഇവിടെ ഇല്ലാന്ന്.. അധിക കാലം എനിക്ക് മുമ്പാകെ ഇല്ലാന്ന് എന്റെ അച്ഛൻ തിരിച്ചറിഞ്ഞ നിമിഷം മുതൽ ഞങ്ങൾക്കു വേണ്ടി ജീവിക്കാനുള്ള കൊതിയോടെ ഓടി നടക്കുന്ന അച്ഛനെയാണ് ഞാൻ അന്ന് കണ്ടത്. ഭക്ഷണം പോലും കഴിക്കാൻ പറ്റാതെ വെള്ളം മാത്രം കുടിച്ച് രാവിലെ വീട്ടിന്നു ഇറങ്ങുമ്പോൾ അന്നത്തെ എന്റെ പ്രായത്തിന് അറിയില്ലാ യിരുന്നു, മനസ്സ് എത്തുന്നിടത്ത് ശരീരം എത്താത്ത എന്റെ അച്ഛന്റെ വേദന.

അച്ഛൻ മരിച്ചു കിടക്കുമ്പോൾ കണ്ണുകൾ തുറന്നിരിക്കുകയായിരുന്നു. ചുറ്റും കൂടി നിന്നവരിൽ ആരൊക്കെയോ പറഞ്ഞു 'മക്കൾ എന്ന് പറഞ്ഞാ മരിക്കുന്ന സത്യന് അവസാന നിമിഷം മക്കളെ കാണാത്ത തിനാൽ ആണ് ആ കണ്ണുകൾ അടയാതെ തുറന്നിരിക്കുന്നത് എന്ന്.. എന്റെ അച്ഛൻ ഇനിയും ജീവിക്കും.. ഒരുപാട് ഹൃദയങ്ങളിലൂടെയും എന്റെ അക്ഷരങ്ങളിലൂടെയും.





**Uthara R**
1st Year Natural Science

# കാലം മായ്ക്കാത്ത ഓർമ്മകൾ





**Geya J Raveendran**
2nd Year Physical Science

'മോളെ, നേരം ഏറെ വൈകി ഇനിയും നിനക്ക് കിടക്കാറായില്ലേ?.' അമ്മയുടെ വിളികേട്ട് മയക്കം വിട്ട് ഞാനുണർന്നു. മുത്തച്ഛന്റെ ചാരുക സേരയിൽ ഏറെ നേരമായി ഇരിക്കാൻ തുടങ്ങിയിട്ട്. ഓർമ്മകൾ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ, കാലത്തിലൂടെ രണ്ടു നാൾ പുറകോട്ട് സഞ്ചരിക്കുകയായിരുന്നു.

അന്ന് ഞായറാഴ്ച പുലർച്ചെ 4:40. പൂർണ്ണചന്ദ്രൻ പടിഞ്ഞാറേ മാനത്തു എത്തി ജനലിലൂടെ അകത്തേക്ക് നോക്കുന്നു. ഒപ്പം നേരിയ തണുത്ത കാറ്റ് ജനൽകർട്ടനെ തഴുകിക്കൊണ്ട് അരിച്ചിറങ്ങുന്നു. പുലർകാലത്തെ വിളിച്ചറിയിച്ചുകൊണ്ട്, തൊട്ടടുത്ത വീട്ടിൽ നിന്നും കോഴി കൂവിത്തുടങ്ങിയിരുന്നു. എന്റെ മുത്തച്ഛന്റെ ശരീരത്തിൽ നിന്നും അവസാനശ്വാസം ഊർന്നുപോകുന്നത് കാണാൻ ഞങ്ങൾ നാലു കൊച്ചുമക്കൾ മാത്രമേ അടുത്തുണ്ടായിരുന്നുള്ളു. 3 മണി നേരം വരെ ഉറങ്ങാതിരുന്ന അമ്മയും അച്ഛനും മാമന്മാരും അമ്മായിമാരും മേമ്മയും ഒക്കെ ചെറുതായി മയക്കം പിടിച്ചിരുന്നു. മുത്തച്ഛന്റെ ഓമനകളായിരുന്ന ഞങ്ങൾ നാലു കൊച്ചുമക്കളും ഉറങ്ങാതിരുന്നത്, അദ്ദേഹത്തെ അന്ത്യയാത്ര അയക്കാനായിരുന്നോ?

86 വർഷം നീണ്ട ഒരു ശാന്തമായ യാത്ര, ശാന്തമായി അവസാനിക്കുന്നത് ഈ കൈകൾ തൊട്ടറിഞ്ഞു. ശ്വാസത്തിന്റെ നേരിയ മിടിപ്പ് പോലും പതുക്കെ ഇല്ലാതാവുന്നത് ഞാൻ ജീവിതത്തിൽ ആദ്യമായി അനുഭവിക്കുകയായിരുന്നു. ഒരു മരണവീട്ടിലും പോകാത്ത എനിക്ക്, മുത്തച്ഛന്റേത് ഒരു മരണമായി തോന്നിയില്ല. ശാന്തമായ, തികച്ചും നിർമ്മലമായ ഉറക്കം.


മുത്തച്ഛന്റെ ബലിഷ്ഠമായ ആ കൈകൾ പിടിച്ച്, തൊടിയിലും പാടത്തും പറമ്പത്തും ഓടിനടന്നതും, പുഴയിൽ നീന്താൻ പഠിപ്പിച്ചതും, മാവിൻകൊമ്പത്തെ ഊഞ്ഞാലിൽ ആടിക്കളിക്കുന്നതും, മരപ്പൊത്തിലെ തേൻ ഇലക്കുമ്പിളിൽ ആവോളം കുടിച്ചതും, കിളിക്കൂടിൽ ഒളിഞ്ഞുനോക്കി കിളിക്കുഞ്ഞുങ്ങളെ കണ്ടതും, തൊടിയിൽ കിളക്കുമ്പോൾ കിട്ടുന്ന മണ്ണിരയെക്കണ്ട് 'പാമ്പ്' എന്ന് പറഞ്ഞു ഓടുന്നതും, വാഴക്കൂമ്പിന്റെ തേൻ എടുത്ത് ഞങ്ങൾക്ക് തരുന്നതും, തെങ്ങിന്റെ ഓലകൊണ്ട് പല വലുപ്പത്തിലുള്ള പന്തുകൾ മെടഞ്ഞു തരുന്നതും, അങ്ങനെ എല്ലാം എല്ലാം....... എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാത്ത സുന്ദരമായ അനുഭവങ്ങൾ മാത്രമായിരിക്കുന്നു! ഇവ കാലം എനിക്കായി കരുതിവച്ച നന്മയുടെ,സ്നേഹത്തിന്റെ, കരുതലിന്റെ അവശേഷിപ്പുകളാണ്.

ഇന്ന് ജീവിതത്തിന്റെ പരുക്കനായ യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാൻ ഉഴലുമ്പോൾ ഈ നന്മ നിറഞ്ഞ കുട്ടിക്കാലം തണുത്ത ഒരു നീരുറവയായി എന്റെ മനസ്സിനെ തണുപ്പിക്കാറുണ്ട്. ഒപ്പം എന്റെ പ്രിയപ്പെട്ട മുത്തച്ഛന്റെ ഓർമ്മകളും ! മലബാറിലെ കുടിയേറ്റ കർഷകരിൽ പ്രധാനിയായിരുന്നു എന്റെ മുത്തച്ഛൻ. തന്റെ ജീവിതം കൊണ്ട് മണ്ണിനെപ്പോലും നോവിക്കാതെ അദ്ദേഹം കടന്നുപോയി. ഏതെങ്കിലുമൊരു പഞ്ചനക്ഷത്ര ആശുപത്രിയുടെ മരവിപ്പിക്കുന്ന തണുപ്പിൽ ഏകാന്തമായി യന്ത്രങ്ങളാൽ ചുറ്റിവരിഞ്ഞു കിടക്കുന്നതിന് പകരം സഹോദരങ്ങളുടെയും, മക്കളുടെയും, കൊച്ചുമക്കളുടെയും കൂടെ എന്നും സഹയാത്രികയായ മുത്തശ്ശിയുടെയും അടക്കിപ്പിടിച്ച തേങ്ങലുകൾക്കിടയിലൂടെ ശാന്തമായി പ്രകൃതിയുടെ തണുപ്പിലേക്ക് അലിഞ്ഞിറിഞ്ഞുകയായിരുന്നു.

ഒരു വലിയ കുടുംബത്തിന് തണൽ നൽകിയ ആ ആൽമരം പതിയേ ഉണങ്ങുന്നത് ഞാൻ കാണുകയായിരുന്നു. ഇത് ഒരു കാലം ആയിരുന്നില്ലേ? കാലങ്ങൾക്ക് എന്ത് വേഗതയാണ്! പിറകിലോട്ട് നോക്കുമ്പോൾ പിന്നിട്ട വഴികൾ എത്ര വേഗമാണ് കാലം മായ്ച്ചു കൊണ്ടിരിക്കുന്നത്. ഒരു പച്ചയായ മനുഷ്യന്റെ ജീവിതകാലം !



അമ്മയുടെ അടുത്ത വിളി വരുന്നതിന് മുൻപേ, പതുക്കെ മുത്തച്ഛന്റെ മുറിയുടെ വാതിൽ പാതിചാരി ഞാൻ പുറത്തേക്ക് നടന്നു.







**Anusmaya**
1st Year Social science

# നേരത്തിന്റെ ഒഴുക്ക്

നേരം കര കവിഞ്ഞൊഴുകുന്ന
നദിയാകുന്നു
ഒന്നിനും തടഞ്ഞു നിർത്താൻ
പറ്റാത്ത വിധത്തിൽ അത് ഒഴുകി
നീങ്ങുന്നു
അതിനു ഇടവേളകൾ ഇല്ല
താമസവും ഇല്ല
അതിനാൽതന്നെ നേരം
എവിടെയും കാത്തുനിൽക്കയും ഇല്ല
ഒരിക്കലും പിറകോട്ട്
നോക്കാതെ മുന്നോട്ട് ഒഴുകുന്ന
നേരത്തിനൊപ്പം സഞ്ചരിച്ചേ പറ്റു
നല്ല നേരം തേടി




**Marwa Muhammad**
1st Year English




# പുഞ്ചിരിക്കൂ, ഇത് നിന്റെ വലിയ ദിവസമാണ്

അവർ തീയതി ഉറപ്പിച്ചു.
ചായ കുടിക്കുന്നതിനിടയിൽ, ഒരു പലചരക്ക് സാധനങ്ങളുടെ ലിസ്റ്റ് ചർച്ച ചെയ്യുന്ന ലാഘവത്തോടെ കാര്യങ്ങൾ പറഞ്ഞുറപ്പിച്ചു.
ആ ആഴ്ച എനിക്ക് ഒഴിവുണ്ടോ, സബ്മിഷനുകൾ ഉണ്ടോ, ഞാൻ ഇപ്പോൾ താങ്ങുന്ന ഭാരത്തിനിടയിൽ എനിക്ക് ശ്വാസമെടുക്കാൻ പറ്റുന്നുണ്ടോ എന്നൊന്നും ആരും ചോദിച്ചില്ല.
“പഠിപ്പിക്കുകയോ? അതെന്താ അത്ര വലിയ കാര്യം?' അവർ പറയും.
'ഒരു രണ്ടു മൂന്നു ദിവസം അവധിയെടുത്താൽ മതി.'
ഞാൻ ക്ലാസ്സിൽ വെറുതെ കേറിചെന്ന് കുട്ടികളെ നോക്കി ചിരിച്ച് ഇറങ്ങിപ്പോരുന്ന പോലെ.
ലെസ്സൺ പ്ലാനുകളും, മോഡലുകളും, ആക്ടിവിറ്റികളും, ചാർട്ടുകളും, ക്രിയാത്മകമായ എൻട്രികളും, ഓരോ രാത്രിയും ഓരോ മണിക്കൂറിലും ഞാൻ വിയർപ്പൊഴുക്കി ചെയ്യുന്നവയല്ല എന്ന മട്ടിൽ.
ആ അസൈൻമെന്റുകൾക്കായി ഞാൻ ഒഴുക്കുന്ന മണിക്കൂറുകൾ ആരും കാണുന്നില്ല.
കാണാൻ ആരും ആഗ്രഹിക്കുന്നുമില്ല.
ഒരൊറ്റ തവണയെങ്കിലും ആരെങ്കിലും ചോദിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു,
'ഇവയിലെന്തെങ്കിലും നിനക്ക് സഹായം വേണോ?'
പക്ഷേ ഇല്ല. കൂടുതൽ ചിരിക്കാൻ ശ്രമിച്ചോ എന്ന് മാത്രമാണ് അവർ ഉപദേശിക്കുന്നത്.
ഞാൻ തിളങ്ങണം എന്നാണ് അവർക്ക്.
ചിരിക്കണം.
ഒരു വധുവിനെപ്പോലെയാകണം.

ഞാൻ ഉള്ളിൽ തകരുമ്പോഴും.
ഒന്ന് മുഖം ചുളിച്ചാൽ മതി, ഉടനെ ഞാൻ നന്ദിയില്ലാത്തവളായി.

എന്റെ മുഖത്ത് സത്യം കാണിച്ചാൽ, അതൊരു പ്രശ്നമായി. എന്നിട്ടും ഞാൻ എന്തിനാണ്
ഇത്ര നിശ്ശബ്ദയായിരിക്കുന്നതെന്ന് അവർ അത്ഭുതപ്പെടുന്നു.
എന്തുകൊണ്ടാണ് ഞാൻ ബന്ധുക്കളോടൊപ്പം ഇരിക്കാത്തതെന്ന്.
എന്തുകൊണ്ടാണ് ഞാൻ ചില ആളുകളെ, ചില മുറികളെ, ചില സംസാരങ്ങളെ ഒഴിവാക്കുന്നതെന്ന്.
ഒരു കൂരയും ഭക്ഷണവും. അത് മതിയല്ലോ, അല്ലേ? ഒരു പെൺകുട്ടിക്ക് എന്തിന് പരിഗണന?
ഞാൻ അർദ്ധരാത്രിയും ജോലി ചെയ്യുന്നത് കണ്ടിട്ടും അവർ ചോദിക്കും,
"എന്താ ഇത്ര വൈകിയും ഉണർന്നിരിക്കുന്നത്?'
മ്മ്, ഒരുപക്ഷേ നിങ്ങളുടെ പരിപാടി പ്ലാൻ ചെയ്യാൻ എന്റെ ദിവസം മുഴുവൻ നിങ്ങൾ എടുത്തതുകൊണ്ടാവാം,
എന്റെ കോഴ്സിന്റെ പണി രാത്രിയുടെ കൂരിരുട്ടിൽ ചെയ്യാൻ എന്നെ വിട്ടതുകൊണ്ടാവാം.
പക്ഷേ ഇല്ല, എത്ര ക്ഷീണിച്ചിട്ടാണ് എന്റെ മുഖം ഉള്ളതെന്ന് മാത്രമാണ് അവർക്ക് ശ്രദ്ധ,
എന്നെ ക്ഷീണിപ്പിച്ചത് എന്താണെന്നല്ല.
സൃഷ്ടിക്കുന്നതിന്റെയും, രേഖപ്പെടുത്തുന്നതിന്റെയും , സ്ക്രിപ്റ്റ് ചെയ്യുന്നതിന്റെയും, പ്രിന്റ് ചെയ്യുന്നതിന്റെയും, തയ്യാറാക്കുന്നതിന്റെയും, തിരുത്തുന്നതിന്റെയും മാനസികഭാരം,
എന്നിട്ടും, "അതൊരു കോഴ്സ് മാത്രമാണ് എന്ന് കേൾക്കേണ്ടി വരുന്നതിന്റെയും ഭാരം.
വെറുമൊരു കോഴ്സ്.
എന്നിട്ടും അവർ അത്ഭുതപ്പെടുന്നു,
"എന്താ നീ കൂടുതൽ ചിരിക്കാത്തത്?'
"എന്താ നിനക്ക് വിളർച്ച?'
'എന്താ നിന്റെ മുഖത്ത് ടെൻഷൻ?'
"എന്താ നിനക്ക് സന്തോഷമായിരിക്കാൻ പറ്റാത്തത്?'
'ഇത് ഞങ്ങൾ നിനക്കുവേണ്ടി ചെയ്യുന്നതാണ്', അവർ പറയും.
'നിനക്കുവേണ്ടി."
ആ ഒരു വാചകം മാത്രം മതി, എനിക്ക് തോന്നുന്നതെല്ലാം
മായ്ക്കാൻ എന്ന മട്ടിൽ.
ഒരു സ്ത്രീയുടെ സമയം ഡിസ്പോസബിൾ ടിഷ്യു പോലെ
ഉപയോഗിക്കപ്പെടുന്നതിനെക്കുറിച്ച്
ആരും സംസാരിക്കുന്നില്ല
അവളുടെ സുഖം, അവളുടെ സമയം, അവൾ സ്വയം
ഒന്നിനും ഒരു പ്രാധാന്യവുമില്ല.
കാരണം കല്യാണങ്ങൾ ഇങ്ങനെയാണ്.
അവർ എന്നെ ഓർമ്മിപ്പിക്കും
'നീ ഒരു ഡോക്ടറൊന്നുമല്ലല്ലോ.
രോഗികളൊന്നും കാത്തിരിക്കുന്നില്ലല്ലോ.
അത് വെറും പഠിപ്പിക്കലല്ലേ.
അത് വെറുമൊരു കല്യാണമല്ലേ.
ഇങ്ങനെയൊക്കെയാണ് കാര്യങ്ങൾ,
ഇങ്ങനെയൊക്കേ നടക്കൂ'
"ഇപ്പോൾ പ്രസന്നയായിരിക്കൂ.'

"പുഞ്ചിരിക്കൂ, ഇത് നിന്റെ വലിയ ദിവസമാണ്.'







**Nihala Jasmine**
2nd Year Physical Science

# ഓർമ്മയുടെ വിരലടയാളം





നേരം, നാം അറിയാതെ നമ്മെ
മാറ്റുന്ന ശബ്ദരഹിത ശിൽപി,
മുഴുവൻ ജീവിതവും അതിന്റെ
വിരലടയാളങ്ങളിൽ കൊത്തിവെക്കുന്നു.
പ്രതീക്ഷയുടെ ഉണരലിന് മുന്നേ,
ചില സ്വപ്നങ്ങൾ കനലാകുന്നു,
ഹൃദയത്തിൽ പതിഞ്ഞ കനവും അതിന്റെ
ഓട്ടത്തിൽ അലഞ്ഞു പോകുന്നു.
നാം ഗണിക്കാതെ പോയ സമയങ്ങൾ,
ഒരുപാട് കഥകൾ പറഞ്ഞുപോവുന്നു,
ജീവിതം അതിന്റെ ഉള്ളൊളിയിൽ ചൊല്ലുന്നു:
'നിനക്കായി ഞാൻ കാത്തിരുന്നില്ല.'



**Sumiyya T**
1st Year Social Science

# മൻ മേം മണാലി



**Abhiram Krishna**
2nd Year English

വടകര എന്നെഴുതിയ വലിയ മഞ്ഞച്ചുമരിനെയും മറികടന്ന് ട്രെയിൻ നീങ്ങുമ്പോൾ ബാഗുകൾ പലയിടങ്ങളിലായി അടക്കി വെക്കാനുള്ള തത്രപ്പാടിലായിരുന്നു ഞങ്ങൾ. എല്ലാ യാത്രകളിലും ഇരിപ്പിടത്തിന്റെ സൗഖ്യത്തിലേക്ക് ചേക്കേറും മുൻപ് പതിവുള്ള നിമിഷങ്ങളാണല്ലോ അത്. ചൂളം വിളിച്ചും താളം ചവിട്ടിയും ട്രെയിൻ മുന്നോട്ട് നീങ്ങുമ്പോൾ അവസാന നാളുകൾ വരെയും പ്രതിസന്ധികൾ നേരിട്ട ഞങ്ങളുടെ യാത്ര ആരംഭം കുറിച്ചിരിക്കുന്നു എന്ന യാഥാർഥ്യത്തെ തെല്ലൊരു ആശ്ചര്യത്തോടെ ഞാൻ ഉൾക്കൊണ്ടു. പല കാരണങ്ങളാൽ വരില്ല എന്ന് ഞങ്ങൾ ആൺകുട്ടികൾ അടക്കം ഉറപ്പിച്ചു പറഞ്ഞതും ട്രെയിൻ ടിക്കറ്റ് ബുക്കിങ്ങിൽ സർക്കാർ കൊണ്ടുവന്ന പരിഷ്കരണങ്ങളും ഉൾപ്പെടെ നിരവധി വെല്ലുവിളികളെ അതിജീവിച്ചാണ് എറണാകുളം ജംഗ്ഷനിൽ നിന്ന് ഹസ്രത് നിസാമുദ്ധീൻ സ്റ്റേഷനിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ട്രെയിനിലേക്ക് ഞങ്ങൾ നാൽപത്തിയൊന്ന് പേർ ഓടിക്കയറിയിരുന്നത്.


ഒരേ കോളേജിൽ പഠിക്കുമ്പോഴും വ്യത്യസ്ത ഗ്യാങ്ങുകളിൽ ഉള്ളവർ, ആ ഗ്യാങ്ങുകളുടെ പുറഞ്ചട്ട പൊട്ടിക്കാൻ വിമുഖത കാണിക്കുന്നവർ മംഗളദ്വീപ് എക്സ്പ്രസിലെ തേർഡ് എ സി കമ്പാർട്മെന്റിലിരുന്ന് അവരൊരുമിച്ച് മണാലിയെ കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്തു. വെള്ളപുതച്ച പീർ പാഞ്ചാൽ മലനിരകളുടെ താഴ് വാരങ്ങളിലൂടെ പതഞ്ഞൊഴുകുന്ന ബിയാസ് നദിയുടെ ശബ്ദത്തിന് കാതോർത്തു. ആഗ്രയും ഡൽഹിയും കുളു മണാലിയുമാണ് ഞങ്ങളുടെ ലക്ഷ്യം. ട്രെയിനിൽ ചെലവിടുന്ന ദിനങ്ങൾ ഉൾപ്പെടെയുള്ള പത്താം നാൾ വടകര സ്റ്റേഷനിൽ തിരിച്ചിറങ്ങുന്ന തരത്തിലാണ് ട്രിപ്പ് പ്ലാൻ ചെയ്തിരിക്കുന്നത്. ഡെസ്റ്റിനേഷൻസിലെത്തുന്ന സമയവും തീയതിയും ആലോചിച്ച് തല പുകയ്ക്കാൻ ടൂർ പാക്കേജുകാർ ഉള്ളതുകൊണ്ട് ഞങ്ങൾ ട്രെയിനിൽ പാട്ടിലും സൊറ പറയലിലും വ്യാപൃതരായി. എല്ലാ യാത്രകളിലും ഉണ്ടാവുമല്ലോ സെൻസിറ്റീവായ വയറും കൊണ്ടുവന്ന് ടൂർ മൊത്തം അടപടലം കുളം തോണ്ടി കയ്യിൽ തരുന്ന ചിലർ. അത്തരം സാധ്യതകളെ കൂടെ മുന്നിൽ



കണ്ട് ട്രെയിനിൽ നിന്നുള്ള ഭക്ഷണത്തെ പൂർണമായും ഒഴിവാക്കി ലഘുവായ ഹോം മെയ്ഡ് ലെമൺ റൈസും തക്കാളി കറിയും ഒക്കെയായിരുന്നു വിശപ്പകറ്റാനുള്ള ഞങ്ങളുടെ ഉപാധികൾ.

ഇന്ത്യാ മഹാരാജ്യത്തിന്റെ ഉടലിലൂടെ രാജ്യത്തിന്റെ ചോരയും നീരുമായ ജനകോടികൾ ഒഴുകി നീങ്ങുന്ന ഞരമ്പുകൾ പോലെ നീണ്ടു നിവർന്നു കിടക്കുന്നു റെയിൽ പാതകൾ. കേരളം വിട്ടു കഴിഞ്ഞാൽ പിന്നെ മലയാളിക്ക് സുപരിചിതമല്ലാത്ത കാഴ്ചകളാണ്. ഞങ്ങളുടേത് AC കമ്പാർട്ട്മെന്റ് ആയിരുന്നു എന്നാദ്യമേ പറഞ്ഞല്ലോ. AC ടിക്കറ്റെടുത്ത് യാത്ര ചെയ്യാൻ ശേഷിയുള്ള മനുഷ്യർ ഇന്ത്യൻ സമൂഹത്തിന്റെ മേൽത്തട്ടിലെ ഒരു ചെറു വിഭാഗം ആണെന്നതാണ് യാഥാർഥ്യം. അതുകൊണ്ട് ദ ഗ്രേറ്റ് ഇന്ത്യൻ റിയാലിറ്റി കാണാൻ ഞങ്ങൾക്ക് ജനലിലൂടെ പുറത്തേക്ക് നോക്കിയിരിക്കേണ്ടി വന്നു. കമ്പാർട്ട്മെന്റ് ജനലിലെ ചില്ലുപാളി രണ്ട് യാഥാർഥ്യങ്ങൾക്കിടയിലെ അതിർത്തിയായി നിലകൊണ്ടു.


കിതച്ചും കുതിച്ചും ട്രെയിൻ ഞങ്ങളെയും കൊണ്ട് ആഗ്രയിലെത്തി. ചരിത്ര പ്രസിദ്ധമായ ആഗ്ര കാന്റ് റെയിൽവേ സ്റ്റേഷനിൽ ഞങ്ങളെയും കാത്ത് ബസ് വെയില് കാഞ്ഞു കിടന്നു.



നേരെ ആഗ്രയിലെ ഹോട്ടൽ മുറിയിലേക്കും അവിടുന്ന് ആഗ്രയിലെ കാഴ്ചകളിലേക്കും. മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനം ദില്ലിയിലേക്ക് മാറുന്നതിനു മുൻപ് ആഗ്രയായിരുന്നു അധികാര കേന്ദ്രം. മുഗൾ സിംഹാസനം നിലകൊണ്ട, അക്ബർ പണികഴിപ്പിച്ച ആഗ്ര ഫോർട്ടും തന്റെ പ്രിയതമയുടെ ഓർമ്മയ്ക്ക് ഷാജഹാൻ പണികഴിപ്പിച്ച താജ്മഹലും അടുത്തുനിന്ന് കണ്ടു. തന്റെ കരകളിൽ അവയെ വിശ്രമിക്കാൻ വിട്ട് സാമ്രാജ്യങ്ങൾ ഉയരുകയും വളരുകയും തകരുകയും ചെയ്ത ചരിത്രത്തിന്റെ നിലക്കാത്ത പ്രവാഹത്തിനെ സൂചിപ്പിച്ചുകൊണ്ട് ഒഴുകുന്ന യമുന. ആഗ്ര ഞങ്ങളെ ഒരേ സമയം കാഴ്ചക്കാരും ചരിത്രത്തിന്റെ മുന്നിൽ കൗതുകത്തോടെ നിൽക്കുന്ന വിദ്യാർത്ഥികളും ആക്കിമാറ്റി. ഇസ്ലാമിക്കും പേർഷ്യനും ഇന്ത്യനും ഒക്കെ കൂടിച്ചേരുന്ന മുഗൾ വാസ്തുവിദ്യയുടെ അവർണ്ണനീയ ഉദാഹരണമായ താജ്മഹലിന് ചുറ്റിലും കൊച്ചു കുട്ടികളുടെ കണ്ണിലെ അത്ഭുതത്തോടെ ഞങ്ങൾ ഓടിനടന്നു, മതിവരുവോളം ചിത്രങ്ങൾ പകർത്തി. കല്യാണമായാലും കോളേജ് പരിപാടി ആയാലും ഇനിയിപ്പോ സാക്ഷാൽ താജ് മഹൽ സന്ദർശനം ആയാലും ഡ്രസ്സ് കോഡ് വിട്ടൊരു പരിപാടിയില്ല എന്ന് പ്രഖ്യാപിച്ചു കൊണ്ട് പെൺകുട്ടികൾ എല്ലാവരും ചുവപ്പ് വസ്ത്രം ധരിച്ചിരുന്നു. അവർ മുംതാസുമാരായി സ്വയം സങ്കല്പിച്ച് ആ മഹാസൃഷ്ടിയുടെ നാല് കോണിൽ നിന്നും റീലുകൾ എടുത്തുകൊണ്ടേയിരുന്നു.

ആഗ്രയോട് വിടപറഞ്ഞ് ഞങ്ങൾ ദില്ലിയിലേക്ക് നീങ്ങി. ശൈത്യത്തിൽ നിന്ന് വേനലിലേക്കുള്ള ട്രാൻസിഷൻ നടത്തിക്കൊണ്ടിരിക്കുകയായിരുന്ന മഹാനഗരം ഇളം ചൂട് നൽകി ഞങ്ങളെ വരവേറ്റു. ഉച്ചക്ക് മുൻപ് ഞങ്ങൾ അക്ഷർധാമും ലോട്ടസ് ടെമ്പിളും സന്ദർശിച്ചു. ഇന്ത്യയിൽ മുസ്ലിം ഭരണത്തിന്റെ തുടക്കം അടയാളപ്പെടുത്താൻ ഖുതുബുദ്ദീൻ ഐബക് പണിത മഹാ മിനാരത്തിന് തൊട്ട് മുകളിലൂടെ വിമാനങ്ങൾ താഴ്ന്നു പറക്കുന്ന കാഴ്ച്ച ഞങ്ങളെ രസം പിടിപ്പിച്ചു. അന്ന് തന്നെ ഇന്ദിരാ ഗാന്ധി മ്യൂസിയവും സന്ദർശിച്ചു. മുൻപ് ഡൽഹി സന്ദർശിച്ചിട്ടുണ്ടെങ്കിലും ഓരോ തവണ കാണുമ്പോഴും അത്ഭുതം നഷ്ടപ്പെടാത്ത

തരത്തിൽ എന്തോ ഒന്ന് ആ മഹാ നഗരത്തിന് ഉണ്ടെന്ന് തോന്നി. മിർസാ ഗാലിബ് ദില്ലിയെ കുറിച്ച് പറഞ്ഞത് ലോകം ശരീരമാണെങ്കിൽ ദില്ലി അതിന്റെ ആത്മാവാണെന്നാണ്. പഴമയും പുതുമയും സമ്പത്തും ദാരിദ്ര്യവും വെറുപ്പും സ്നേഹവും, അത്തരത്തിലുള്ള സകല വൈരുധ്യങ്ങളും ചേരുന്ന അത്ഭുത നഗരം. ആ നഗരത്തോട് വിട പറഞ്ഞ് വൈകുന്നേരം ഞങ്ങൾ മണാലി ലക്ഷ്യമാക്കി കുതിച്ചു.




മനുഷ്യരും വാഹനങ്ങളും തിങ്ങി നിറഞ്ഞ തലസ്ഥാന നഗരി വിട്ട് എക്സ്പ്രെസ്സ് ഹൈവെയിലൂടെ ബസ് ചീറിപ്പാഞ്ഞു. വളരെ ശോചനീയമായ സാഹചര്യം ഉള്ള, ഹോട്ടൽ എന്ന് വിളിക്കാൻ പറ്റാത്ത, തൊഴുത്ത് പോലൊരിടത്ത് ഇരുന്ന് ഞങ്ങൾ രാത്രിഭക്ഷണം കഴിച്ചു. രാത്രിയുടെ യാമങ്ങളിൽ ഹരിയാനയിലൂടെ ബസ് അതിവേഗം കുതിക്കുമ്പോൾ തെരുവ് വിളക്കുകളുടെ വെളിച്ചത്തിൽ കണ്ട പാനിപ്പത്തും കുരുക്ഷേത്രയും പോലുള്ള സ്ഥലപ്പേരുകൾ കൊത്തിയ ബോർഡുകൾ ചെറുപ്പത്തിൽ വായിച്ചതും കേട്ടതുമായ ചരിത്രവും മിത്തും കലർന്ന കഥകളെ ഓർമിപ്പിച്ചു. ഇടക്ക് പനി അതിന്റെ ലക്ഷണങ്ങളുമായി പുറത്ത് വന്നപ്പോൾ ബി. എഡ് മൂന്നാം സെമസ്റ്റർ ക്വാളിഫിക്കേഷൻ ഉള്ള ടൂർ ഡോക്ടേഴ്സ് തന്ന സിട്രിസിനും പാരസെറ്റാമോളും കഴിച്ച് അടക്കി നിർത്തി. ഡോസ് കൂടിയത് കൊണ്ടോ മറ്റോ സ്ഥലകാല ബോധം നഷ്ടപ്പെട്ട് ഇടക്ക് ബസ് നിർത്തിയപ്പോൾ ടോയ്‌ലറ്റ് ആണെന്ന് കരുതി ഒരു ത്രീ സ്റ്റാർ ഹോട്ടലിന്റെ അടുക്കളയിലേക്ക് കയറി ചെല്ലുന്ന സ്ഥിതി വരെയുണ്ടായി. പുലർച്ചയോട് അടുത്തപ്പോൾ ബസിന്റെ സ്വരം മാറി. കുതിച്ചു പായൽ ഞെങ്ങിയും ഞെരുങ്ങിയും ഉള്ള വലിഞ്ഞു കയറലിന് വഴിമാറി. ഹിമാചൽ പ്രദേശിന്റെ കവാടങ്ങൾ അതിന്റെ ചെങ്കുത്തായ ചുരങ്ങൾ തുറന്ന് തന്ന് ഞങ്ങളെ വരവേറ്റു.

നേരം വെളുത്തപ്പോൾ വയറിന്റെ വിളി അസഹനീയം ആവുന്നു എന്ന് എല്ലാവരും പറഞ്ഞപ്പോൾ ഡ്രൈവർ ലോറിക്കാർ ഉപയോഗിക്കുന്ന ഒരു ടോയ്‌ലെറ്റിന് സമീപത്ത് ബസ് നിർത്തി. ഞങ്ങളെ കണ്ടയുടനെ ആകെ രണ്ടെണ്ണം ഉള്ളതിൽ ഒരു ടോയ്‌ലറ്റും പൂട്ടി പോയ മനുഷ്യൻ മനുഷ്യ കുലത്തിന്റെ നന്മയിൽ ഞങ്ങൾക്കുള്ള വിശ്വാസത്തെ ഊട്ടിയുറപ്പിച്ചു. സ്വന്തം വീട്ടിൽ രാജകീയമായ പ്രൗഡിയോടെ കക്കൂസിൽ പോകുന്നവർ ഹിമാചലിലെ ഏതോ മലഞ്ചെരിവിൽ വയറും അമർത്തി വരി നിൽക്കുന്നത് ഒരേ സമയത്ത് എന്നിൽ ചിരിയും സങ്കടവും പടർത്തി.



വയനാട്ടിലും ഇടുക്കിയിലും ഊട്ടിയിലും എല്ലാം പോയിട്ടുണ്ടെങ്കിലും പലർക്കും പരിചിത മല്ലാത്ത ഒരുതരം തണുപ്പ് മേൽക്കുപ്പായങ്ങളെ യും അതിജീവിച്ച് ഉള്ളിലേക്ക് ഇരച്ചു കയറി തുടങ്ങി. തൊട്ടടുത്തുള്ള ഒരു കടയിൽ നിന്നും ലഭിച്ച ചായ തണുപ്പിനെ തടയാൻ ഒരുപരിധി വരെ സഹായിച്ചു. വളഞ്ഞും പുളഞ്ഞും കിടക്കുന്ന ചെങ്കുത്തായ മലഞ്ചെരിവുൾക്കൊടുവിൽ വെള്ള പുതച്ച ചെറുതും വലുതുമായ കൊടുമുടികൾ ദൃശ്യമായി തുടങ്ങി. ആദ്യമായി മഞ്ഞ് കാണുന്നതിന്റെ ആവേശവും ആഘോഷവും ബസിൽ അലതല്ലി. ബിയാസ് നദിയോ അതിന്റെ കൈവരിയോ താഴെ കാണാം. അതിൽ നിറഞ്ഞു കിടക്കുന്ന വലിയ കെട്ടിടങ്ങളുടെ വലിപ്പമുള്ള ഉരുളൻ കല്ലുകൾ പ്രളയകാലത്ത് ഹിമാലയൻ നദികൾ ചവിട്ടുന്ന സംഹാര നൃത്തത്തിന്റെ തീവ്രത വിളിച്ചോതി.

പർവതങ്ങളെ തുരന്ന് കുറുകെ പോകുന്ന നിരവധി തുരങ്കങ്ങളാൽ സമ്പന്നമാണ് മണാലി. റോഡിനു സമാന്തരമായി താഴെക്കൂടെ ഒഴുകുന്ന നദിയിൽ ഭീമൻ കല്ലുകൾക്കടിയിൽ പെട്ട് അരഞ്ഞ ലോറികളും ബസുകളും ഒരു മലയാളിക്ക് ഉൾക്കി ടിലത്തോടെ മാത്രമേ കാണാൻ കഴിയൂ. അതിസുന്ദ രമായൊരു ലൊക്കേഷനിൽ നിൽക്കുന്ന ഞങ്ങളുടെ ഹോട്ടലിലെ തീക്ഷ്ണമായ തണുപ്പിനെ എങ്ങനെയൊക്കെ പ്രതിരോധിക്കാം എന്ന് തല പുകഞ്ഞാലോചിക്കാൻ ആദ്യത്തെ മണിക്കൂറുകൾ മാറ്റി വെക്കേണ്ടി വന്നു.



ആ ഹോട്ടൽ മുറിയിൽ നിന്ന് ഞങ്ങൾ മണാലിയിലെ വിവിധ സൈറ്റുകളിലേക്ക് പോയി. നൂറ്റാണ്ടുകളുടെ ഹിമപാതങ്ങളെ അതിജീവിച്ച് തലയുയർത്തി നിന്നിരുന്ന ഹിഡിമ്പി ക്ഷേത്രത്തിന് സമീപത്ത് ട്രഡീഷണൽ വസ്ത്രങ്ങൾ ധരിച്ചുള്ള ഫോട്ടോഷൂട്ടിൽ പെൺകുട്ടികൾ വ്യാപൃതരായി.

മണാലിയിലെ ഷോപ്പിങ് കേന്ദ്രമായ മാൾ റോഡിൽ അടുത്തേക്ക് വന്ന് മഫ്ളർ ഉയർത്തി വായ മറച്ച് കഞ്ചാവ് വേണോ എന്ന് ചോദിക്കുന്ന അവിടത്തുകാരെന്ന് തോന്നിക്കുന്ന യുവാക്കളുടെ എണ്ണം ശെരിക്കും അത്ഭുതപ്പെടുത്തി. രാത്രി കനത്ത് വന്നപ്പോൾ അതിനൊപ്പം കൂടിവന്ന തണുപ്പിനോട് പിടിച്ച് നിൽക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ ഞങ്ങൾ അന്നത്തെ അലയൽ അവസാനിപ്പിച്ച് പിറ്റേന്ന് പകൽ സൊളാങ്ങ് വാലിയിലേക്ക് വെച്ചുപിടിച്ചു.



ജാക്കറ്റും ബൂട്ടും ഒക്കെ കൊടുക്കുന്ന വാടകക്കാരുടെ പണിമുടക്ക് ആദ്യം സങ്കടപ്പെടുത്തി എങ്കിലും ഞങ്ങളുടെ ആവേശത്തിന് മുന്നിൽ അതൊന്നും ഏശിയില്ല. ചെളിയിൽ കുത്തി മറിയുന്ന പന്നിക്കുട്ടികളെ അനു സ്മരിപ്പിക്കും വിധം എല്ലാവരും മഞ്ഞിൽ കിടന്നു രുണ്ടു. മഞ്ഞുരുട്ടി ഉരുളയാക്കി കൂട്ടത്തിൽ ഉള്ളവന്റെ തലയും നടുവും ഒക്കെ ലക്ഷ്യമാക്കി വാരിയെറിഞ്ഞു. സന്തോഷ് ജോർജ് കുളങ്ങര യുടെ ഭാഷ കടമെടുത്താൽ, മഞ്ഞ് കണ്ട ഞങ്ങളുടെ അഴിഞ്ഞാട്ടം നാഗരികതയ്ക്കും മുമ്പുള്ള ഏതോ പ്രാകൃത ജനതയെ അനു സ്മരിപ്പിച്ചു. ഒടുവിൽ മണാലിയോട് യാത്ര പറഞ്ഞ് വീണ്ടും ഡൽഹി ലക്ഷ്യമാക്കി ഞങ്ങൾ നീങ്ങി.

അനുഭവങ്ങളുടെ ഒരു കൂമ്പാരണമാണ് ജീവിതമെങ്കിൽ അതിന്റെ ഏറ്റവും ഉയർന്ന രണ്ട് ദിവസങ്ങളാണ് ഹിമാലയ ഗിരി നിരകൾക്ക് കീഴെ ഞങ്ങൾ ജീവിച്ചു തീർത്തത്. ഇരുട്ടിലൂടെ ബസ് നീങ്ങുമ്പോൾ മലഞ്ചെരിവുകൾക്ക് കീഴെ മിന്നാമ്മിന്നികളെ പോലെ തിളങ്ങി നിൽക്കുന്ന വിദൂരഗ്രാമങ്ങൾ ഒരു മാർക്കേസിയൻ രചനയാണ് ഈ യാത്ര എന്ന് തോന്നിച്ചു.

യാത്രയുടെ ക്ഷീണം മെല്ലെ മെല്ലെ പിടികൂടിയിരുന്നെങ്കിലും ദില്ലി വിസ്മയിപ്പിക്കുന്നതിൽ വിജയിച്ചു കൊണ്ടേയിരുന്നു. പ്രണയം കുടിയിരിക്കുന്നത് താജ്മഹലിൽ അല്ല ഹുമയൂണിന്റെ ശവകുടീരത്തിൽ ആണെന്നെനിക്ക് തോന്നി. കരോൾ ബാഗിലെ ആൾക്കൂട്ടത്തോടൊപ്പം ഞങ്ങളും ഒഴുകി നീങ്ങി. പ്രാചീനമായ ഏതോ ഭാഷയിൽ എഴുതപ്പെട്ട ഒരു കവിതയായി ദില്ലി മുന്നിൽ പരന്നു കിടന്നപ്പോൾ വിഫലമായ വായനാശ്രമങ്ങൾ ഞങ്ങൾ നടത്തി. പത്ത് ദിവസമായി വീട്ടിൽ കാത്തിരിക്കുന്നവർക്ക് വേണ്ടിയുള്ള സാധനങ്ങൾ ബാഗുകളിലേക്ക് നൂഴ്ന്നു കയറി. പുലർച്ചെ ബസിലേക്ക് നടക്കുമ്പോൾ മോഷണത്തിനായി അടുത്തുവന്നു ഞങ്ങളെ ഭയപെടുത്തിയ ഒരു കൊച്ചു ബാലൻ ആ മഹാനഗരം ഇരുട്ടിൽ ഒളിപ്പിച്ചു വെച്ച അപകടങ്ങളുടെ ഒരു സൂചനയായിരുന്നു.

ഹസ്രത് നിസ്സാമുദ്ധീൻ സ്റ്റേഷൻ വിട്ട് ട്രെയിൻ നീങ്ങുമ്പോൾ സങ്കടവും സന്തോഷവും കലർന്ന പേരറിയാത്ത എന്തോ വികാരം ഞങ്ങളെ പൊതിഞ്ഞു. മൻ മേം മണാലി എന്ന് ഞങ്ങൾ പേരിട്ടു വിളിച്ച ഞങ്ങളുടെ ട്രിപ്പ് അവസാനിച്ചതിലുള്ള ദുഖത്തെ ട്രിപ്പ് അതിന്റെ പേരിനെ അന്വർത്ഥമാക്കിയതിലുള്ള സന്തോഷത്താൽ ഞങ്ങൾ മറികടന്നുകൊണ്ടിരിക്കുമ്പോൾ ട്രെയിൻ തെക്കെയറ്റത്തേക്ക് കുതിച്ചുകൊണ്ടിരുന്നു.







**Vismaya C.O**
2nd Year Natural Science

# അവസാനമായി നിങ്ങൾ പൂർണമായും സന്തോഷിച്ചത് എപ്പൊഴാണ്?



എവിടെ നിന്നോകാതുകളിൽ അലയടിച്ചു ചിന്തകളിലേക്കിരച്ചു കയറിയ ഒരു ചോദ്യം... അവസാനമായി നിങ്ങൾ പൂർണമായും സന്തോഷിച്ചത് എപ്പൊഴാണ്? അലസമായ ചിന്തകളില്ലാതെ കഴിഞ്ഞതിന്റെ ആവലാതികളില്ലാതെ വരാനുള്ളതിന്റെ ആദിയില്ലാതെ മനസു നിറഞ്ഞു സന്തോഷിച്ചൊരു നിമിഷം ഏതായിരുന്നു? തീർച്ചയായും അത് അവയൊക്കെയും മറവികൾക്കു വിട്ടുകൊടുത്ത കുറഞ്ഞ ചില നിമിഷങ്ങൾ മാത്രമാവും... ചില മനുഷ്യർക്കിടയിൽ കൂടിയിരുന്ന് പറഞ്ഞ തമാശക ളിലും കഥകളിലും കളിയാക്കലുകളിലും പൊട്ടി ചിരിച്ച ചില നിമിഷങ്ങൾ... മനസ്സാഗ്രഹിച്ചതെന്തോ നേടിയെടുത്തെന്നറിയുന്ന കുറഞ്ഞ ചില നിമിഷങ്ങൾ... അത്രയും പ്രിയപ്പെട്ട ചിലർ ചുറ്റിലുമുണ്ടാവുന്ന ചില നിമിഷങ്ങൾ...


ആ കുറഞ്ഞ നിമിഷത്തെ സന്തോഷത്തിനിപ്പുറം വീണ്ടും ചിന്തകളുടെ ആഴങ്ങളിലേക്ക് മടങ്ങിപ്പോവാറില്ലേ? പഴയ അവലാതികൾ മനസിനെ കീഴടക്കാറില്ലേ? പക്ഷെ മറിച്ച് ഒരു സങ്കടമാണെങ്കിൽ അതിന്റെ പേരിൽ മണിക്കൂറുകളും ദിവസങ്ങളും ദു:ഖിച്ചിരിക്കാറില്ലേ... നമ്മുടെ സന്തോഷത്തിന്റെ ആയുസ് കുറഞ്ഞു തുടങ്ങിയത് എവിടെ നിന്നായിരുന്നു? അമ്പിളിമാമനെ കണ്ട് തുള്ളിച്ചാടിയിടത്തു നിന്നും ചിന്തകൾക്ക് പ്രായം കൂടി തുടങ്ങിയതുമുതലാവും... പണ്ട് മുട്ടിലെ മുറിയുടെ വേദന മാറുന്നതു വരെ മാത്രമുള്ള സങ്കടങ്ങൾക്കിപ്പുറം കളിച്ചു ചിരിച്ചു സന്തോഷിച്ചിരുന്നില്ലേ... വയസു കൂടുന്തോറും മനസ്സ് നിറഞ്ഞുള്ള ആ ചിരികൾ കുറയുന്നതായി തോന്നിയിട്ടുണ്ടോ?

ഇന്നലകളെ കുറിച്ചുള്ള ചിന്തകൾ, നാളയെ കുറിച്ചുള്ള ചിന്തകൾ, മറ്റുള്ളവരുടെ ചിന്തകളെ കുറിച്ചുള്ള ചിന്തകൾ... ചിന്തകൾ ചിരികളെ ഞെരുക്കിക്കളയുന്നു എന്നു തോന്നാറുണ്ടോ? അവിടെ ഒരു കടിഞ്ഞാണിന്റെ ആവിശ്യമില്ലേ... എല്ലാം പറിച്ചെറിഞ്ഞ് ഒരു നീണ്ട ദീർഘനിശ്വാസമെടുക്കാൻ തോന്നാറില്ലേ? ജീവിതം ആശങ്കകൾക്കും തിരക്കുകൾക്കുമിടയിലായാലും ചെറിയൊരു സമയം ഒന്നു ചിരിക്കാൻ ഓർക്കണം. കൂട്ടായും തണലായും തലോടലായും അമ്മയുടെ മടിത്തട്ടു പോലെ മനസ്സറിയുന്ന ചില നമ്മളിടങ്ങളില്ലേ... മനസ്സിലൊരു ചെറു സന്തോഷത്തിന്റെ വിത്തുപാകാനറിയുന്ന സ്വന്തമിടങ്ങൾ... അവിടേക്കൊന്നെത്തി നോക്കണം. ചെറിയൊരു നിമിഷത്തേക്കെങ്കിലും...

എളുപ്പമല്ലാത്തൊരു ജീവിതത്തിൽ തലയിലേറ്റിയ എല്ലാ ഭാരങ്ങളും ഇറക്കിവെച്ച് മനസ്സറിഞ്ഞു ചിരിക്കണം. ചുറ്റിലുള്ള കൊച്ചു കൊച്ചു സന്തോഷങ്ങളുടെ പുറകെയോടണം, ഏറെ വർണ്ണങ്ങളുള്ളൊരു പൂമ്പാറ്റയെ കണ്ട കുഞ്ഞു മനസ്സിനെ പോലെ. നമുക്കു വേണ്ടി നമ്മളുടെ കുറച്ചു സമയം...



**Junaid P**
1st Year English





# പെൺകുട്ടി




**Noora**
1st Year Mathematics

ദൂരെ ഒരു യാത്ര പോവുകയാണ്. കൂടെ കുറേ പ്രിയപ്പെട്ട മുഖങ്ങൾ, കാട് കേറി മലകേറി, അങ്ങനെ അങ്ങനെ...
ഉറക്കത്തിലാണോ ഉണർന്നിട്ടാണോ സ്വപനം കണ്ടതെന്നോർമയില്ല.
'എടീ എണീറ്റില്ലെ നീ...'
'എണിക്കാം അമ്മാ...'




'പെൺകുട്ടി നേരം വെളുത്തിട്ട് കിടന്നുറങ്ങാണ്... അരേലും വന്ന് കണ്ടാലെന്തു പറയും ...
എണീക്കെടീ... '
മനസും ശരീരവും പറിച്ചെടുത്ത് എണീറ്റിരുന്നു. ഇനി ഒരുങ്ങി കെട്ടി അടുക്കളയിൽ ഹാജരാവണം.
' തിന്നാൻ നേരത്ത് അവൾ എണീറ്റു വന്നിട്ടുണ്ട്. പെട്ടെന്ന് വന്ന് എല്ലാർക്കും ഭക്ഷണം വിളമ്പി വെക്ക്'
'അമ്മേ ഇന്നും പുട്ടാണോ?'
'കിട്ടുന്നത് കഴിച്ചോണം, നീ പെൺകുട്ടിയാണ്. വേണ്ടാത്ത ശീലങ്ങളൊന്നും ഉണ്ടാക്കി വെക്കണ്ട'
'എടീ എടുത്തുവെച്ച് കഴിഞ്ഞ് അവൻ എണീറ്റോന്ന് നോക്ക്, വന്ന് ഭക്ഷണം കഴിക്കാൻ പറ. അമ്മൂമ്മ യേം വിളിച്ചു കൊണ്ടുവാ.'
ബഹുമാന്യനായ വീട്ടിലെ ആൺതരിയെ വേദനിപ്പിക്കാതെ തട്ടി വിളിച്ച് കാര്യം അറിയിച്ചിട്ടുണ്ട്. അമ്മൂമ്മയും രംഗ പ്രവേശനം ചെയ്തു.
' പെണ്ണേ, വല്ലതും ശെരിക്ക് എടുത്ത് കഴിക്ക് ,എല്ലും തോലും ആയ കോലം. കഞ്ഞി വെക്കുന്ന വീട്ടിലാണെന്ന് പറയേ ഇല്ല.

'ഞാനെന്ത് ചെയ്തിട്ടാണ് അമ്മുമ്മാ...'
'നീ അല്ലാതെ പിന്നെ, ഇതൊക്കെയല്ലേ നിങ്ങക്ക് ഇപ്പൊ ഫാഷൻ തിന്നാതേം കുടിക്കാതേം കോലാക്കി വെച്ചിരിക്കാണ്.
എടീ പെങ്കുട്ട്യേളായാൽ കുറച്ച് തടീം പിന്നെ (പതുക്കെ ) മുന്നും പിന്നും ഒക്കെ വേണം, എന്നാലേ ആണ്ങ്ങൾ കണ്ട് ഇഷ്ടപെട്ട് കെട്ടി കൊണ്ട് പോവുള്ളു'
കേട്ടു തഴഞ്ഞ ചെവിയും എടുത്തോണ്ട് മെല്ലെ അവിടുന്ന് എണീറ്റു പോയി . മറുപടി ഒന്നും പറയാനില്ല. ബഹളങ്ങളിൽ നിന്നു മാറി ഹാളിലൊന്നു നിവർന്നിരിക്കാൻ പോയപ്പൊയാണ് അമ്മയുടെ പ്രിയപ്പെട്ട ബന്ധുവിന്റെ വരവ് .
'മോളേ എന്താണ് വിശേഷം? അമ്മ എവിടെ '
' അകത്തുണ്ട് ചേച്ചീ '
പിന്നെ അവിടെ വീട്ടുകരേം നാട്ടുകാരേം കുറിച്ചുള്ള കുശലാന്വേഷണങ്ങളായി
"നിന്റെ മോളെ കെട്ടിക്കാനായില്ലേ ? നോക്കാൻ തുടങ്ങീല്ലേ?'
' അവള് പഠിക്കല്ലേ ചേച്ചി. അതൊക്കെ കഴിഞ്ഞിട്ട് മതീന്നാണ് അവൾക്ക് '



'അതിപ്പൊ അങ്ങനെയാണല്ലേ... ഇപ്പൊ നമ്മുടെ ചെക്കൻമാർക്കൊന്നും പെണ്ണ് കിട്ടാനില്ല. പെൺകുട്ട്യേള് ഒക്കെ പഠിക്കാണല്ലോ. അവസാനം അവർക്കിഷ്ടള്ളോരെ അവര് തന്നെ കണ്ട് പിടിച്ച് അങ്ങ് പോവേം ചെയ്തോളും. നമുക്ക് പണിയൊന്നുല്ലല്ലോ...'
സ്വന്തമായി പറഞ്ഞ തമാശക്ക് സ്വന്തമായി അവരൊന്നു ചിരിച്ചു. അവിടെ വീണ്ടും ഒരു പാട് തമാശകൾ ഉണ്ടായികൊിരുന്നു.
അതിനിടയക്ക് അടിവയറ്റിനുള്ളിലെ പിരിമുറുക്കം ശ്രദ്ധിച്ചപ്പൊയാണ് രാവിലെ മുതൽ തലച്ചോറിനുള്ളിലെ മൂകതയുടെ കാരണം മനസിലായത്. ഇപ്രാവിശ്യം കുറച്ച് കടുപ്പത്തിലാണ്. വേദനയിൽ കാല് നിലത്തുറയ്ക്കുന്നില്ല. കിടക്കയിൽ ഉരുണ്ടു മറിഞ്ഞ് നേരം കളയുമ്പെയാണ് അമ്മൂമ്മയുടെ എത്തിനോട്ടം
"ഇതൊക്കെ എല്ലാർക്കും ഉള്ളതല്ലെ .ഞാനൊക്കെ എത്ര സഹിച്ചിരിക്കുന്നു. ആരേലും നോക്കുവോ '
അലറി വിളിക്കാൻ പോലും ആരോഗ്യം ഉണ്ടായിരുന്നില്ല. അമ്മ എന്നെ കണ്ട് ഒരു ഗ്ലാസിൽ അമ്മയുടെ പൊടിക്കൈയുമായി വന്നു.' ഇതു കുടിക്ക് മോളേ വേദന കുറഞ്ഞോളും 'മക്കളുടെ വേദന അമ്മമാർ അറിയാതിരിക്കില്ലേല്ലോ'.
പേമാരികളെല്ലാം പെയ്തൊഴിഞ്ഞ് ഒരു ദിവസം കഴിഞ്ഞു പോയി. ഇനി ഉറങ്ങണം. സ്വപനങ്ങളിലൂടെയാരു ഉറക്കം. ഒറ്റക്കൊരു യാത്ര... ഇഷ്ടമുള്ള കാടും മലകളും കയറി...



**Anagha A.P**
2nd Natural Science



T.I.M TRAINING COLLEGE NADAPURAM, AGORA COLLEGE UNION 2024-25


T I M TRAINING COLLEGE NADAPURAM B.Ed.2023-25 BATCH


T I M . TRAINING COLLEGE NADAPURAM ENGLISH 2023-25



T I M TRAINING COLLEGE NADAPURAM B.Ed MATHEMATICS 2023-25



T I M TRAINING COLLEGE NADAPURAM B.Ed NATURAL SCIENCE 2023-25



T I M . TRAINING COLLEGE NADAPURAM PHYSICAL SCIENCE 2023-25



T I M . TRAINING COLLEGE NADAPURAM SOCIAL SCIENCE 2023-25



**B.Ed Practical Examination 2025**





Onam Celebration





Community Living Camp







Sports Meet





Union Inauguration & Magazine Theme Launch




One Day Trip




Four Days Trip





10 Days Trip






Iftar'25





Fine arts day

# 2025 ANNUAL **REPORT**

T.I.M TRAINING COLLEGE - NADAPURAM

With immense pleasure and proud I am going to present, a brief report on the functioning of the college during the academic year 2024-2025. This is the 14th year in my tenure as the Principal of this great institution. Undoubtedly, we can say that annual report is the memoir of college life. This report provide exactly how a college had performed in the last year and is helpful to provide glimpse of the future plan also. Detailed report of individual activities of students, contributions of faculty members and various clubs is a big documents. I will be presenting out only a brief summary in to highlight picked out of the achievements an glove of 2024-25.

## Back Ground

TIM Training College is located in the middle of the malabar region on the southern side of the Nadapuram - Kuttiyadi road. The College was established by Tha -Aleemul Islam Madrasa Committee, in the year 2025. The President of the Committee is Sri.Narikkolil Hamed Haji and other office bearers are V.C.Iqbal, Erath Iqbal,K G Azeez,Karayath Hameed Haji, Kurumbeth Kunjabdulla Haji,Bangalath Muhammed and Faisal Komath. The mission of the institution is to provide educational facilities. Science the establishment in 2005 the institution has our own building and campus with multipurpose hall, library, laboratory,technology lab, well furnished administration block, CCTV facility, WIFI connection and we are constantly improving our facilities to meet the standard set by NCTE. This Institution is affiliated to the University of Calicut,recognized by NCTE and Govt. of Kerala. The College has the broad objective of providing education for the perspective teachers and to create, intellectually competent, spiritually mature morally upright, secular minded truthful human teachers of tomorrow. College offers B.Ed Degree in five optional subjects English,Mathematics, Natural Science, Physical Science and Social Science. The college is rich with a team of academically qualified and professionally devoted teachers whose service is available in both the field of academics, and other areas. It is providing additional platforms for all-round development of its pupils through various clubs and forums. The college is spreading the light of knowledge and wisdom among two hundred student teachers and thereby creating an atmosphere of academics brilliance and cultural dynamism in the society.

The Classes for the academic year 2024 officially began on 9th August 2024. The college Principal welcomed the students and introduced the faculty members. The college union was elected on 10-10-2024 with the following members.

**Chairman : Aysha K.K**
**Vice Chairperson : Anjana Sajeev**
**Secretary : Juniad .p**
**Joint Secretary : Devika E.K**

**Fine Arts Secretary : Sreelakshmi B**
**Student Editor : Fathima Nasifa. A. K**
**General Captain : Athul C.S**
**Miss. Vidya Vijayan Assistant Professor in English**
**Miss.Smitha PC Assistant Professor in Mathematics**
**were nominated as Staff Advisor and Staff Editor respectively for the academic year.**

## Academic Activities & Eventful days

This academic year also the college was truly vibrant, with diverse activities of college union and different clubs. Let me mention the dates and events.

- To brought on the inherent potentiality and creative talents of the students 'Talents day was organized on 25 October 2025.
- Onam was celebrated with traditional pookkala malsaram under the supervision of Sajitha V
- Christmas day celebrated on 23-12-2024
- A three day community living camp was conducted on january 1,2,3&4 at college campus itself.
- Annual Athletic Sports meet held on 12-01-2025 at Kallachi higher secondary school ground. Sri.Gani Muhammed Nigam was the Chief Guest.
- Iftar meet conducted in the college on 21-03-2025
- Independence day celebration held on August 15
- The educational tour us a serious part of B.Ed curriculum was organized by students themselves under the supervision of Mr. Sirajuddeen and Mr. Abdul Hameed. The place of visit were Delhi,Agra, Kulu & Manali
- There are a number of different programmes were conducted under various clubs. The important clubs, functioning in our college are literary Club, Science and Natural Club, Mathematical Club, Social Science Forum, and Sports Club
- A program was organized in the college auditorium to congratulate the Principal Dr. Nadeer Chathoth who obtained a PhD.
- College Union and fine arts club inauguration held at Brainary auditorium
- A 7 days camp held at Kallachi Government H S under the college NSS unit .
- Many eminent personalities like, Sri. Shafi Parambil MP, Sri.E.K. Vijayn MLA Sri. V.V Muhammadali,Dr. Anil Kumar, Dr. Ashraf T P, Dr. Ashokan Nochad, Dr. Sherif, Were engaged Various classes during the academic Year.
- Teachers, Non-Teaching staff and students are leading various activities to achieve NAAC, the indicator of educational quality.

The students successfully completed the semester and practical examination and achieved 100% victory in the final year examination. Sixty five percent of these students achieved a first class with distinction and remaing students secured first class. Harsha N K secured the first rank by scoring the highest marks among the students, followed by Arathi Dinesh in second place and Anagha K M in third, reaching the pinnacle of success. The Dr. G P Memorial Award for them were distributed by Rajya Sabha MP Sri. Haris Beeran and great function held at college auditorium.

Let me come to the pleasant aspect of extending my sincere thanks to my able young and energetic teachers and non-teaching staff college union and students for their whole hearted co-operation and support through out the session. Before concluding let me express my sincere thanks to the Management Committee, their guidance, instructions, co-operation and strong support for the smooth functioning of this great institution.

Thank you one and all and thank you very much.

**Sincerely,**
**Dr. NADEER CHATHOTH**
**Principal**






airguide
TRAVEL & TOURS

IATA



# UAE + MOFA ATTESTATION

**Now with Digital Attestation Faster & Smarter!**

- DOCUMENTS :
  - EDUCATIONAL CERTIFICATES
  - MARRIAGE / BIRTH CERTIFICATES
  - COMMERCIAL DOCUMENTS

visandm@airguide.in
9207 701 342 | 9539 000 666

AL RASHIDIYA TOWER,
KASTHURIKULAM, NADAPURAM

സ്വപ്നങ്ങളുടെ സഫലീകരണം..,
നാളേയ്ക്കൊരു കരുതൽ..

# നാദാപുരം സഹകരണ
# അർബൻ ബേങ്ക്

നമ്പർ ഡി. 2648, പി.ഒ. നാദാപുരം, കോഴിക്കോട് ജില്ല
ഫോൺ 0496 2550185, 2201574

ഇന്ത്യയിൽ
എവിടെ നിന്നും
പണമെടുക്കാവുന്ന
RuPay
ATM CARD

- CTS, RTGS, NEFT സൗകര്യം
- നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന പലിശ
- റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ സ്ഥാപനം
- നിക്ഷേപങ്ങൾക്ക് DI & CGC യുടെ ഇൻഷുറൻസ് പരിരക്ഷ
- തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്ക്
- ലോക്കർ സൗകര്യം
- ഇന്ത്യയിലെവിടെയും ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യം
- ആഡിറ്റ് ക്ലാസിഫിക്കേഷൻ പ്രകാരം A GRADE ബാങ്ക്

**ലളിതമായ വ്യവസ്ഥയിൽ വിവധതരം വായ്പകൾ**

9 മണി മുതൽ 4.30 വരെ
ഇടപാടുകൾ

മറ്റ് ബാങ്കുകളുടെ ചെക്കുകളും ഡ്രാഫ്റ്റുകളും
മാറി നൽകുവാൻ പ്രത്യേക വിഭാഗം

മുതിർന്ന പൗരൻമാർക്ക്
പ്രത്യേക ആനുകൂല്യങ്ങൾ






ENJOY INDIA'S
Longest
KEBAB
PLATTER!
COPPER
KITCHEN
COPPER
KITCHEN
RESTAURANT | BANQUET HALL | CATERING
KOZHIKODE: 7510 771100 - THAMARASSERY: 7510 772244 - MUTTIL-WAYANAD: 7510 772200
TAMILNADU | KARNATAKA | PONDICHERRY | KERALA


Time spins,
We shine
Annual College Magazine 2025-26